LSGD

തദ്ദേശ സ്വയംഭരണ വകുപ്പ്

കേളകം ഗ്രാമപഞ്ചായത്ത്
ഹരിതകേരളം മിഷൻ

ഹരിതകേരളം മിഷൻ

# ഓക്കില

## കേളകത്തെ പൂമ്പാറ്റകൾ

"ഈ വല്ലിയിൽ നിന്നു ചെമ്മേ- പൂക്കൾ
പോവുന്നിതാ പറന്നമ്മേ !
തെറ്റി ! നിനക്കുണ്ണി ചൊല്ലാം- നൽപ്പൂ-
മ്പാറ്റകളല്ലേയിതെല്ലാം...."

- മഹാകവി കുമാരനാശാൻ
  കുട്ടിയും തള്ളയും





# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കേളകം ഗ്രാമപഞ്ചായത്ത് |
| അക്ഷാംശം | : | 11.913901 |
| രേഖാംശം | : | 75.8643293 |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കേളകം, കണിച്ചാർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാവൂർ |
| താലൂക്ക് | : | ഇരിട്ടി |
| ജില്ല | : | കണ്ണൂർ |
| വിസ്തൃതി | : | 77.92 ച. കി.മീ |
| അസംബ്ലി മണ്ഡലം | : | പേരാവൂർ |
| ലോകസഭാ മണ്ഡലം | : | കണ്ണൂർ |
| പഞ്ചായത്ത് ആസ്ഥാനം | : | കേളകം |
| പോസ്റ്റ് ഓഫീസ്, പിൻ കോഡ് | : | കേളകം, പിൻ - 670674 |
| ഫോൺ നമ്പർ, ഇ-മെയിൽ | : | 0490 2412038<br>seckelakam@gmail.com |
| വാർഡുകളുടെ എണ്ണം | : | 13 |
| ജനസംഖ്യ | : | 16211 (2011 സെൻസസ് പ്രകാരം) |
| പുരുഷൻമാർ | : | 7979 |
| സ്ത്രീകൾ | : | 8232 |
| പട്ടിക വർഗ്ഗം | : | 1043 |
| പട്ടിക ജാതി | : | 238 |
| സാക്ഷരർ | : | 14,061 |
| ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ (ഹയർസെക്കണ്ടറി ഉൾപ്പെടെ) | : | 9 |
| അങ്കൻവാടികൾ | : | 25 |
| ആതുരാലയങ്ങൾ | : | 3 |
| ഗവൺമെന്റ് സ്ഥാപനങ്ങൾ | : | 10 |
| ബാങ്കുകൾ (സഹകരണ ബാങ്കുകൾ ഉൾപ്പെടെ) | : | 7 |
| പോസ്റ്റോഫീസുകൾ | : | 5 |
| അതിരുകൾ | | |
| വടക്ക് | : | ചീങ്കണ്ണിപ്പുഴ |
| തെക്ക് | : | വടക്കേ വയനാട് വനം,<br>കണിച്ചാർ ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്,<br>കൊട്ടിയൂർ റിസർവ് വനം |
| പടിഞ്ഞാറ് | : | ബാവലിപ്പുഴ, ചീങ്കണ്ണിപ്പുഴ,<br>കണിച്ചാർ ഗ്രാമപഞ്ചായത്ത് |



കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം. 798/പ്രസ്/സി.എം.ഒ/25. 02 സെപ്റ്റംബർ, 2025

## സന്ദേശം

കേളകം ഗ്രാമപഞ്ചായത്ത്, ഹരിതകേരളം മിഷന്റെ സഹായത്തോടെ പ്രദേശത്തെ പൂമ്പാറ്റകളെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ട് 'ഓക്കില' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

ഗ്രാമപഞ്ചായത്ത് മേഖലയിൽ ഇതിനകം 167 ഇനം ചിത്രശലഭങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഉദാത്ത മാതൃക മുന്നോട്ടുവച്ച കേളകം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയെ അഭിനന്ദിക്കുന്നു. പരിസ്ഥിതി പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനാകെയും 'ഓക്കില' ഒരുപോലെ ഉപകാരപ്രദമാകും എന്നു പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

**The President**
Kelakam Grama Panchayat
E-mail : seckelakam@gmail.com

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489 chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in




**എം. ബി. രാജേഷ്**
തദ്ദേശസ്വയംഭരണവും എക്സൈസും
പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി
കേരള സർക്കാർ


തിരുവനന്തപുരം

02.09.2025

**<u>സന്ദേശം</u>**

കേളകം ഗ്രാമ പഞ്ചായത്ത് ഹരിതകേരളം മിഷന്റെ സഹകരണത്തോടെ പഞ്ചായത്തിലെ ചിത്രശലഭങ്ങളെക്കുറിച്ച് പഠനം നടത്തിയെന്നറിഞ്ഞതിൽ ഏറെ സന്തോഷം. 167 ഇനം ചിത്രശലഭങ്ങളെ കണ്ടെത്തി അവയുടെ ചിത്രങ്ങളെടുത്ത് വിവരണവും ഉൾപ്പെടുത്തി 'ഓക്കില' എന്ന പേരിൽ പഠനഗ്രന്ഥം പ്രസിദ്ധീകരിക്കാൻ പോകുന്നുവെന്ന് മനസിലാക്കുന്നു. ഒരു ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന സവിശേഷമായ പ്രവർത്തനമാണിത്. പ്രകൃതി പഠന മേഖലയിൽ ഇത് വിലപ്പെട്ട രേഖയായിരിക്കുമെന്ന് പ്രത്യാശിക്കുന്നു. ശലഭ പഠന ഗ്രന്ഥത്തിന് എല്ലാ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

**എം ബി രാജേഷ്**



# ഹൃദയഹാരിയായ വർണങ്ങളും വശ്യമായ രൂപഭംഗിയും

ഡോ.ടി.എൻ.സീമ
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി
വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ

പ്രകൃതിയിൽ കാണുന്ന ജീവജാലങ്ങളിൽ ഹൃദയഹാരിയാണ് ചിത്രശലഭങ്ങൾ. കൗതുകമുണർത്തി മുന്നിലൂടെ പറന്നുകളിക്കുന്ന ചിത്രശലഭങ്ങൾ നമ്മുടെയൊക്കെ ബാല്യ-കൗമാര കാലത്തെ നിറമുള്ള കാഴ്ചകളായിരുന്നു. പ്രകൃതിയുടെ സൂക്ഷ്മ തലങ്ങളിലേക്കിറങ്ങി ചെല്ലുമ്പോൾ നിശ്ചയമായും കാണുന്നത് അത്ഭുതകരമായ കാഴ്ചകളാണ്. ജൈവവൈവിധ്യം നിരീക്ഷണ വിഷയമാക്കുന്ന ഏതൊരാൾക്കും ഇത് അനുഭവപ്പെടും.

നിത്യഹരിത വനങ്ങൾ മുതൽ മുൾക്കാടുകൾ വരെയുള്ള പ്രദേശങ്ങളിലെ ജൈവവൈവിധ്യം മനസ്സിലാക്കിത്തരുന്നതിൽ ശലഭങ്ങളും തുമ്പികളും സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. പക്ഷി നിരീക്ഷണം പോലെ ശലഭ നിരീക്ഷണവും സവിശേഷമായ ശ്രദ്ധ അർഹിക്കുന്ന വിഷയമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ചിത്രശലഭമായ ഗരുഡ ശലഭം കേരളത്തിൽ കാണപ്പെടുന്ന കാര്യവും ശ്രദ്ധേയം. അതിമനോഹരമായ ബുദ്ധമയൂരിയാണ് നമ്മുടെ സംസ്ഥാന ശലഭം. ശലഭങ്ങളെ പഠനവിധേയമാക്കുന്നത് പ്രകൃതിയിലെ മാറ്റങ്ങൾ സംരക്ഷിക്കാനും സഹായകമാണ്. കാരണം പരിസ്ഥിതിയുടെ ആരോഗ്യത്തിന്റെ സൂചകങ്ങളാണ് പൂമ്പാറ്റകൾ. പൂക്കളിലെ പരാഗണം, അന്തരീക്ഷ മലിനീകരണം, കാലാവസ്ഥയിലും പരിസ്ഥിതിയിലുമുണ്ടാകുന്ന നേരിയ മാറ്റങ്ങൾ ഇവയിലൊക്ക ക്ഷിപ്രമായി പ്രതികരിക്കാൻ കഴിയുന്ന ചെറു പ്രാണികളാണ് ചിത്രശലഭങ്ങൾ. ഋതുക്കളിലും സസ്യജാലങ്ങളിലുമുണ്ടാകുന്ന വൈവിധ്യം മനസ്സിലാക്കാനും ശലഭങ്ങൾക്ക് കഴിയുന്നു. സസ്യജാലങ്ങളുടെ വൈവിധ്യം നിലനിർത്തുന്നതിലും പ്രകൃതി സൗഹൃദ ജീവിയായ ശലഭങ്ങളുടെ പങ്ക് വലുതാണ്.

ചെറുതല്ലെങ്കിലും ശലഭങ്ങളുടെ ആവാസം അനുയോജ്യമാക്കുംവിധമുള്ള പ്രവർത്തനങ്ങൾ ഹരിതകേരള മിഷൻ നടത്തിവരികയാണ്. പ്രകൃതി പുനഃസ്ഥാപന പ്രക്രിയയുടെ ഭാഗമായി സംസ്ഥാനത്ത് നട്ടുപിടിപ്പിച്ച ജൈവവൈവിധ്യങ്ങളുടെ പച്ചത്തുരുത്തുകൾ, കാലാവസ്ഥാ വ്യതിയാനങ്ങളുടെ ദോഷഫലങ്ങളെ പ്രതിരോധിക്കാനായി സംഘടിപ്പിക്കുന്ന നെറ്റ്സീറോ കാർബൺ കേരളം ക്യാമ്പയിൻ എന്നിവ ഉദാഹരണമാണ്.

കേളകത്തെ ചിത്രശലഭങ്ങളുടെ വൈവിധ്യത്തെക്കുറിച്ച് പഠിക്കാനും അത് രേഖപ്പെടുത്തി വയ്ക്കാനും കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്ത് നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. ഹരിതകേരളം മിഷന്റെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഏറ്റവും ഫലപ്രദമായി ഏറ്റെടുക്കുന്നതിൽ മാതൃകാപരമായ ഇടപെടലുകൾ കേളകം ഗ്രാമപഞ്ചായത്ത് നടത്തുന്നുണ്ട്. പരിസ്ഥിതി പ്രാധാന്യമുൾപ്പെടെ ഒട്ടനേകം പ്രത്യേകതകൾ ഈ പ്രദേശത്തെ പ്രകൃതി സുന്ദരമാക്കുന്നു. **'ഓക്കില കേളകത്തെ പൂമ്പാറ്റകൾ'** എന്ന ഈ പുസ്തകം മലയാളത്തിൽ അപൂർവവും റഫറൻസ് ശ്രേണിയിലും പെടുത്താവുന്നതാണ്. വിപുലമായ വിവരശേഖരം ശാസ്ത്രീയമായി പുസ്തകത്തിൽ ഉൾപ്പെടുത്താൻ ശ്രീ.നിഷാദ് മണത്തണയും ശ്രീ.വിമൽകുമാറും നടത്തിയ ശ്രമം വിജയം കണ്ടിരിക്കുന്നു. വളർച്ച പൂർണമാകുമ്പോൾ പ്യൂപ്പ തള്ളിത്തുറന്ന് മനോഹരമായ ശലഭം പുറത്തുവരുന്നതുപോലെ ഓക്കിലയും മലയാള പുസ്തക ശേഖരത്തിൽ എത്തുകയാണ്. മാത്രമല്ല, കേരളത്തിലെ ശലഭ സാന്നിദ്ധ്യം നമ്മുടെ ജൈവ സമ്പത്തിന്റെയും അവയെ സംരക്ഷിക്കേണ്ടതിന്റെയും പ്രാധാന്യം എന്നിവ ഈ പുസ്തകം ഓർമ്മപ്പെടുത്തുന്നു.

പക്ഷികളെപ്പോലെ ഏറെ ദൂരം യാത്ര ചെയ്യുന്നതും അത്ഭുത പ്രതിഭാസങ്ങളുള്ളതുമായ ശലഭങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ആഗോളതാപനം കാരണം ചിത്രശലഭങ്ങൾ തങ്ങളുടെ ആവാസ മേഖലകൾ മാറ്റുന്നതായി പഠനങ്ങൾ പറയുന്നു. ആ സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുണ്ടാകാതിരിക്കാനുള്ള കരുതൽ നമുക്കുണ്ടാകണം. മാത്രമല്ല, നമ്മുടെ നാട്ടിലേക്ക് കൂടുതൽ ശലഭങ്ങളെത്താനുള്ളതും ഉള്ള ശലഭങ്ങൾക്ക് സ്വച്ഛന്ദം വിഹരിക്കാനുള്ളതുമായ സാഹചര്യം ബോധപൂർവം സൃഷ്ടിക്കണം. പ്രകൃതി പുനഃസ്ഥാപന പ്രവർത്തനങ്ങളിലെ സഫലമായൊരു ശ്രമമാണ് പുസ്തകരൂപത്തിൽ **'ഓക്കില'**യായി വായനക്കാരുടെ മുന്നിലെത്തുന്നത്.



# കേളകം ഗ്രാമപഞ്ചായത്ത്
## ഭരണസമിതി അംഗങ്ങൾ



**സി.ടി. അനീഷ്**
പ്രസിഡന്റ്



**തങ്കമ്മ മേലേക്കുറ്റ്**
വൈസ് പ്രസിഡന്റ്



**ടോമി പുളിക്കക്കണ്ടത്തിൽ**
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



**പ്രീത ഗംഗാധരൻ**
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



**സജീവൻ പാലുമി**
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



**ലീലാമ്മ ജോണി**
മെമ്പർ



**മനോഹരൻ മരാടി**
മെമ്പർ



**ബിന്ദു മാനുവൽ**
മെമ്പർ



**ഷാന്റി സജി**
മെമ്പർ



**ഷിജി സുരേന്ദ്രൻ**
മെമ്പർ



**അഡ്വ. ബിജു ചാക്കോ പൊരുന്നാറ**
മെമ്പർ




**ജോണി പാമ്പാടിയിൽ**
മെമ്പർ



**സുനിത രാജു**
മെമ്പർ



**പി.എം. പോൾസൺ**
സെക്രട്ടറി



# CONTENTS

# ഉള്ളടക്കം


1. സ്വർണ ചിറകാൽ വസന്തം തീർക്കുന്നവർ ..........12
സി.ടി.അനീഷ്
2. ഹരിതവീഥിയിലെ പൂക്കൾ ..........14
ഇ.കെ.സോമശേഖരൻ
3. പ്രാദേശിക ശലഭപഠനത്തിന്റെ പ്രസക്തി ..........16
വി.സി.ബാലകൃഷ്ണൻ
4. ഓക്കിലയെക്കുറിച്ച് ..........18
നിഷാദ് മണത്തണ
5. ചിത്രശലഭങ്ങൾ ..........22
നീലിഷ വിമൽ
6. ചിത്രശലഭങ്ങളുടെ കൂട്ടംചേരൽ ..........26
ഗിരീഷ് മോഹൻ
7. ആൽബട്രോസ് ശലഭങ്ങളുടെ ദേശാടനം ..........28
ബാലകൃഷ്ണൻ വളപ്പിൽ
8. വിത്യസ്ത ശലഭങ്ങളുടെ അപൂർവമായ ഇണചേരൽ ..........30
കെ.എം.ഹനീഷ്
9. ചിത്രശലഭങ്ങളും നിശാശലഭങ്ങളും തമ്മിൽ ..........32
ബിജു തേങ്കുടി
10. കിളിവാലൻ ശലഭങ്ങൾ ..........35
11. പീത-ശ്വേത ശലഭങ്ങൾ ..........43
12. രോമപാദ ശലഭങ്ങൾ ..........50
13. ആട്ടക്കാരി ശലഭങ്ങൾ ..........82
14. നീലി ശലഭങ്ങൾ ..........82
15. തുള്ളൻമാരും പരപ്പൻമാരും ..........103


ചിത്രത്തിൽ കാണുന്നത് നിശാശലഭമായ നാഗശലഭ (അറ്റ്ലസ് മോത്ത്) ത്തിന്റെ ചിറകിന്റെ ചിത്രമാണ്. ചിറകിൽ നാഗത്തിന്റെ രൂപമുള്ളതുകൊണ്ടാണ് ഇവയെ നാഗശലഭം അഥവാ സർപ്പശലഭം എന്നറിയപ്പെടുന്നത്.





# സ്വർണ്ണച്ചിറകാൽ വസന്തം തീർക്കുന്നവർ



സി.ടി.അനീഷ്
പ്രസിഡന്റ്, കേളകം, ഗ്രാമപഞ്ചായത്ത്
ഫോൺ: 9447654097


പശ്ചിമഘട്ട മലനിരകളുടെ ഭാഗമായി സ്ഥിതി ചെയ്യുന്ന ഏറെ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്താണ് കേളകം. ആറളം വന്യമൃഗ സങ്കേതം, കൊട്ടിയൂർ റിസർവ്വ് ഫോറസ്റ്റ്, വടക്കേവയനാട് റിസർവ്വ് ഫോറസ്റ്റ് എന്നിവയാൽ ചുറ്റപ്പെട്ടതും നിരവധി മലനിരകളും ബാവലി പുഴയും ചീങ്കണ്ണി പുഴയും അടക്കം രണ്ട് പുഴകളും ഇരുപത്തിരണ്ട് തോടുകളും നിരവധി നീർച്ചാലുകളും അടങ്ങുന്നതാണ് കേളകം ഗ്രാമപഞ്ചായത്ത്. വിവിധയിനം സസ്യങ്ങളും, മൃഗങ്ങളും, സൂക്ഷ്മ ജീവികളും അടങ്ങുന്ന ജൈവവൈവിധ്യം ഇവിടെ കാണപ്പെടുന്നു. പ്രത്യേകിച്ച് വിവിധയിനം പൂമ്പാറ്റകളാൽ സമ്പന്നമാണ് കേളകം. ചീങ്കണ്ണി പുഴയുടെ പൂക്കുണ്ട്, നരിക്കടവ് ഭാഗങ്ങളിൽ ചെളിയൂറ്റലിനായി എല്ലാ വർഷവും നവംബർ ആദ്യം മുതൽ ഫെബ്രുവരി വരെ നീളുന്ന പതിനായിരക്കണക്കിന് വരുന്ന ചിത്രശലഭങ്ങളുടെ ദേശാടനം ഒരു അസുലഭ കാഴ്ചയാണ്. പാലുകാച്ചി മേഖലയിലും ചില വർഷങ്ങളിൽ വ്യത്യസ്ത തരത്തിലുള്ള ആയിരക്കണക്കിന് പൂമ്പാറ്റകളെ കാണാറുണ്ട്. നമ്മുടെ സസ്യ സമ്പത്ത് നിലനിർത്തുന്നതിലും കാർഷിക വിളകളുടെ ഉൽപാദനത്തിലും അതുവഴി നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ തന്നെയും പ്രധാന പങ്ക് വഹിക്കുന്നവയാണ് പൂമ്പാറ്റകൾ. ഇവയുടെ സംരക്ഷണം ഏറെ പ്രാധാന്യമുള്ളതാണ്. നമ്മുടെ നാടിന്റെ വിലപ്പെട്ട ജൈവ വൈവിധ്യം സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കോരോരുത്തർക്കും ഉണ്ട്.

**'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ'** എന്ന ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ആലോചനാ വേളയിലാണ് കേളകത്തെ പൂമ്പാറ്റകളെക്കുറിച്ച് പഠനം നടത്തണം എന്ന ആശയം ഉയർന്നു വന്നത്. ഇത്

സംബന്ധിച്ച് പഠനം നടത്തി ഒരു പുസ്തകം തയ്യാറാക്കണം എന്ന് തീരുമാനിക്കുകയും അതിനായി ഹരിതകേരളം മിഷൻ ജില്ലാ റിസോഴ്സ്പേഴ്സൺ നിഷാദ് മണത്തണയെ ചുമതലപ്പെടുത്തുകയും ചെയ്തു.
കഴിഞ്ഞ നാല് വർഷമായി ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ഒരു വിട്ടു വീഴ്ചയും കൂടാതെ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിനൊപ്പമുണ്ടായിരുന്ന നിഷാദ് മണത്തണ നല്ലൊരു പരിസ്ഥിതി പ്രവർത്തകനും ജൈവ വൈവിധ്യങ്ങളുടെ സംരക്ഷകനുമാണ്. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കിടയിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലൂടെ ഒന്നിച്ച് യാത്ര ചെയ്യുന്ന അവസരങ്ങളിൽ പലപ്പോഴും പെട്ടെന്ന് അപ്രത്യക്ഷനാകുന്ന അദ്ദേഹം പിന്നീട് പ്രത്യക്ഷപ്പെടുന്നത് സ്വന്തം ക്യാമറയിൽ പകർത്തിയ ഏതെങ്കിലും ജീവികളുടെ മനോഹരമായ ചിത്രങ്ങളുമായിട്ടായിരിക്കും. ആ ചിത്രം കാണുമ്പോഴാണ് ഇങ്ങനെ ഒരു ജീവി നമ്മുടെ സമീപത്ത് പച്ചപ്പുകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു എന്ന് നമ്മൾ അറിയുന്നത് തന്നെ. അതിനാൽ പൂമ്പാറ്റകളെക്കുറിച്ചുള്ള ഈ പുസ്തകം തയ്യാറാക്കുന്നതിന് ആരെ ഏൽപ്പിക്കണം എന്ന പ്രശ്നം ഞങ്ങളെ അലട്ടിയതേയില്ല. വളരെ സന്തോഷത്തോടെ ആ ഉത്തരവാദിത്വം നിഷാദ് ഏറ്റെടുക്കുകയും ആറു മാസത്തോളം കേളകം ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പ്രകൃതിയിലേക്ക് തുറന്നുവെച്ച ക്യാമറയുമായി സഞ്ചരിക്കുകയും പൂമ്പാറ്റകളുടെ നിരവധി ചിത്രങ്ങൾ പകർത്തുകയും ചെയ്തു. ശലഭ നിരീക്ഷകനായ വിമൽകുമാറിന്റെ സഹായവും അദ്ദേഹത്തിന് ലഭിച്ചു. പകർത്തിയ ഫോട്ടോകളുടെ ആധികാരികത ഉറപ്പു വരുത്താൻ വിദഗ്ധരുമായി ചർച്ചകൾ നടത്തി. ഏവരെയും അമ്പരപ്പിച്ചു കൊണ്ട് നമ്മുടെ പഞ്ചായത്തിനകത്തുനിന്ന് **167** ഇനം ചിത്രശലഭങ്ങളെ നിഷാദും, വിമൽകുമാറും ചേർന്ന് നമുക്കായി കണ്ടെത്തുകയും അവയുടെ മനോഹര ചിത്രങ്ങൾ പകർത്തുകയും ചെയ്തു. വിമൽകുമാറിന്റെ മകളും നാലാം ക്ലാസ്സ് വിദ്യാർത്ഥിനിയുമായ നിലീഷ വിമലും ഈ പഠനത്തിൽ ഒരു പങ്ക് വഹിച്ചിട്ടുണ്ട്.

കേളകം ഗ്രാമപഞ്ചായത്തിൽ ഇരുനൂറ്റമ്പതോളം ഇനം ചിത്രശലഭങ്ങൾ എങ്കിലും ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ആറുമാസത്തെ പഠനത്തിന്റെ ഭാഗമായി കണ്ടെത്തിയവയെ മാത്രമേ ഈ പുസ്തകത്തിൽ ഉൾപെടുത്താൻ സാധിച്ചിട്ടുള്ളൂ. തുടർന്ന് ബാക്കിയുള്ളവയെയും കണ്ടെത്തി കൂട്ടി ചേർക്കാൻ സാധിക്കേണ്ടതുണ്ട്. അതിനായുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് ഒരുക്കും. ശലഭ നിരീക്ഷണത്തിനും പഠനത്തിനും സംരക്ഷണത്തിനും കേളകത്തെ ശലഭഗ്രാമമാക്കി മാറ്റാനുമുള്ള വിപുലമായ പ്രവർത്തന പദ്ധതി തയ്യാറാക്കും. അതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ ഒരു **ബട്ടർഫ്ളൈ പാർക്ക്** നിർമ്മിക്കും.

ഈ ചിത്രങ്ങൾ പ്രകൃതി സ്നേഹികളായ ഏവർക്കുമുള്ള ഒരു പാഠപുസ്തകമാണ്. കേളകത്തെ മുഴുവൻ പൂമ്പാറ്റകളെയും കണ്ടെത്താനും സംരക്ഷിക്കാനും ഉള്ള പ്രവർത്തനങ്ങൾ നമുക്ക് ഏറ്റെടുക്കേണ്ടതുണ്ട്. ഈ പുസ്തകം തയ്യാറാക്കിയ നിഷാദ് മണത്തണക്കും വിമൽകുമാറിനും കേളകം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ നന്ദി അറിയിക്കുന്നു. കേളകം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം പൂമ്പാറ്റകളെ സ്നേഹിക്കുന്ന പരിസ്ഥിതിയെ സ്നേഹിക്കുന്ന എല്ലാവർക്കും വേണ്ടി സമർപ്പിക്കുന്നു.







# ഹരിത വീഥിയിലെ ശലഭങ്ങൾ...

ഇ.കെ. സോമശേഖരൻ
ജില്ലാ മിഷൻ കോ ഓഡിനേറ്റർ, ഹരിത കേരളം മിഷൻ, കണ്ണൂർ.
ഫോൺ: 9744333345

കേരളത്തിലെ പശ്ചിമഘട്ട മേഖല ലോക പൈതൃക പട്ടികയിൽ (UNESCO World Heritage Site) ഉൾപ്പെട്ട അതിവിശിഷ്ടമായ ജീവവൈവിധ്യ കേന്ദ്രങ്ങളാണ്. പൂമ്പാറ്റകളുടെയും ചെറു ജീവികളുടെയും പക്ഷി വർഗ്ഗങ്ങളുടെയും പുൽചാടികൾ വരെയുള്ള അസംഖ്യം ജീവി വർഗ്ഗങ്ങളുടെയും സസ്യ വർഗങ്ങളുടെയും ജന്തുക്കളുടെയും ജീവിത കേന്ദ്രമാണിത്. രാജ്യത്തെ മൺസൂൺ കാലവർഷത്തെയടക്കം സ്വാധീനിക്കുന്ന ഭൂമി ശാസ്ത്ര ഘടകമാണ് പശ്ചിമ ഘട്ടം. ലോകത്ത് ഇപ്പോൾ അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന മാറ്റങ്ങൾ മറ്റേത് പ്രദേശത്തേക്കാളുമേറെ പ്രതിഫലിക്കാൻ തുടങ്ങിയ മേഖലയുംപശ്ചിമഘട്ടമാണ്. പശ്ചിമ ഘട്ട മേഖലയിലെ ജീവി പ്രാണികൾക്കിടയിൽ കാലാവസ്ഥാ വ്യതിയാനം  ഏറ്റവും അധികം സ്വാധീനിക്കുന്ന വിഭാഗമാണ് പൂമ്പാറ്റകൾ. അപൂർവ്വവും മനോഹരവുമായ നിരവധി വിഭാഗം പൂമ്പാറ്റകൾ കാണപ്പെടുന്ന ഇടമാണ് ഇത്.പശ്ചിമഘട്ടത്തിന് പുറത്തു കാണാൻ സാധിക്കാത്ത എൻഡെമിക് (സ്വദേശം മാത്രമുള്ള) ഇനങ്ങൾ ഇവിടുത്തെ പ്രത്യേകതകളാണ്. സസ്യവർഗങ്ങളും ധാരാളം പൂക്കളും ഉണ്ടെന്നതിനാൽ പൂമ്പാറ്റകൾക്ക് ആവശ്യമുള്ള ആഹാരവും

താമസവും ലഭിക്കുന്നു.വർഷം മുഴുവൻ മിതമായ താപനിലയും ഉയർന്ന ആർദ്രതയും ഉള്ളതിനാൽ പൂമ്പാറ്റകൾക്ക് അനുയോജ്യമായ അന്തരീക്ഷം.
ഉഷ്ണമേഖലാ മഴക്കാടുകൾ, പുല്മേടുകൾ, നിത്യഹരിതവനങ്ങൾ, കാർഷികഭൂമികൾ തുടങ്ങി പലവിധ ഭൂപ്രകൃതികൾ,ഇവയെല്ലാം പശ്ചിമഘട്ടത്തെ പൂമ്പാറ്റകളുടെ സ്വർഗ്ഗമായി മാറ്റിയിരുന്നു. പക്ഷേ ഇപ്പോൾ അവസ്ഥ പാടെ മാറി. മനുഷ്യരുടെ അനിയന്ത്രിത ഇടപെടൽ ഉണ്ടാക്കി കൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിലാണ് കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നത്.മഴക്കാല- വേനൽ കാല ചക്രത്തിലെ മാറ്റങ്ങൾ പൂമ്പാറ്റകളുടെ ജീവിതചക്രത്തെയും കുടിയേറ്റ രീതികളെയും ബാധിച്ചു തുടങ്ങി.ഉയർന്ന താപനിലയും, മഴയിലെ അപ്രതീക്ഷിത ഏറ്റ കുറച്ചിലുകളും പൂമ്പാറ്റകളുടെ സ്പീഷീസുകളുടെ നിലനിൽപ്പിന് വെല്ലുവിളിയായി മാറി.
കാലാവസ്ഥാ വ്യതിയാനത്തിൻ്റെ സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കാവുന്ന ഇടപെടലുകളാണ് ഹരിത കേരളം മിഷൻ പ്രയോഗത്തിൽ കൊണ്ടു വരാൻ ശ്രമിക്കുന്നത്. **നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ** എന്നറിയപ്പെടുന്ന ഇത്തരം ശ്രമങ്ങൾ പ്രകൃതിയെയും സമൂഹത്തെയും ഒരുപോലെ സംരക്ഷിക്കുന്ന രീതിയിൽ ആസൂത്രണം ചെയ്തവയാണ്. അവയിൽ പ്രധാനമാണ് വൃക്ഷവല്ക്കരണ പ്രവർത്തനങ്ങൾ.
സ്വദേശി വൃക്ഷങ്ങളുടെ വൻതോതിലുള്ള വെച്ചു പിടിപ്പിക്കലാണ് പച്ചത്തുരുത്ത് രൂപീകരണത്തിലൂടെ ചെയ്യാൻ ശ്രമിക്കുന്നത്. കേളകം ഉൾപ്പെടെയുള്ള ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനകം പച്ചത്തുരുത്തുകൾ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് പുറമേ ശലഭോദ്യാനങ്ങൾ വ്യാപിപ്പിക്കുകയും ടെറസ്സ് കൃഷിക്ക് പ്രാധാന്യം നല്കുകയും ചെയ്തു തുടങ്ങി. ഒരു തൈ നടാം എന്ന ക്യാമ്പയിനിൻ്റെ ഭാഗമായി സമൂഹത്തിൻ്റെ നാനാ തുറയിലും ഉള്ളവരെ വൃക്ഷവല്ക്കരണ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാനും ശ്രമിക്കുകയാണ്.
അത്തരം ശ്രമങ്ങളിലെന്നാണ് പ്രാദേശിക ടൂറിസത്തിൻ്റെ വികസന സാധ്യത പ്രയോജനപ്പെടുത്തുന്നത്. കർഷകരുടെ കൃഷി ഇടങ്ങൾ കേവലം വിള ഉല്പാദന കേന്ദ്രങ്ങൾ മാത്രമല്ല, അവ പ്രകൃതി ഭംഗി ആസ്വദിക്കാവുന്ന ടൂറിസം കേന്ദ്രങ്ങൾ കൂടിയാണ്.
ഒരേ സമയം കൃഷി പ്രദേശങ്ങൾ ഓക്സിജൻ ഉല്പാദന കേന്ദ്രങ്ങളായും
കാർബൺ നിർമ്മാണ കേന്ദ്രങ്ങളായും കാഴ്ച പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളായും മാറുന്നു എന്നതാണ് തരിശ് രഹിത ഗ്രാമങ്ങൾ എന്ന ലക്ഷ്യത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഹരിത കേരളം മിഷനും സാധിക്കാൻ ശ്രമിക്കുന്നത്.  ഇത്തരം തരിശ് രഹിത ഗ്രാമങ്ങളുടെ ഭാഗമാണ് പുഴകളും കുന്നുകളും ഒപ്പം പൂമ്പാറ്റകളും പക്ഷികളുമെല്ലാം.
ഹരിത വാതകങ്ങളുടെ ഉല്പാദനത്തിൽ കുറവുവരുത്തുന്ന എല്ലാ ഘടകങ്ങളും തരിശ് രഹിത ഗ്രാമങ്ങളെന്ന ആശയത്തിൽ ഉണ്ട്. വൃക്ഷങ്ങളോടൊപ്പം വിളകൾ വളർത്തി കാർബൺ സിങ്കുകൾ കൂട്ടുക എന്ന നിലപാടും ഇവിടെ സ്വീകരിച്ചിട്ടുണ്ട്.
മാലിന്യനിർമ്മാർജനമെന്ന ആശയത്തെ സർകുലർ (ചാക്രിക) സമ്പദ്‌വ്യവസ്ഥയായി പരിണമിപ്പിക്കാനുള്ള ശ്രമമാണ് സംസ്ഥാനത്ത് നടന്നു കൊണ്ടിരിക്കുന്നത്. സമഗ്ര മാലിന്യ സംസ്കരണത്തിലെ പ്രധാന ഘടകമായി  ജൈവ മാലിന്യ സംസ്കരണത്തെ ഉയർത്തി കൊണ്ടുവരിക എന്നതും ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളിൽ ഒന്നാണ് . ഇത്തരം പ്രവർത്തനങ്ങൾ പാതി ലക്ഷ്യം കണ്ടുവെന്ന ആശ്വാസവും ഈ മലയോര മേഖലക്ക് ഉണ്ട് മലഞ്ചരിവുകളിൽ പ്ലാസ്റ്റിക് മലിനീകരണം തടയുക, ഗ്രാമങ്ങളിൽ ചെറിയ തോതിൽ തന്നെ പ്ലാസ്റ്റിക്ക്  റിസൈക്ലിംഗ് ആരംഭിക്കുക. എന്നീ ലക്ഷ്യങ്ങളിൽ എത്താനാണ് നിലവിൽ ശ്രമം നടക്കുന്നത്. നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തെ ഉയർത്തിപ്പിടിക്കാൻ ഇത്തരം ശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്.
കിട്ടാവുന്ന എല്ലാ രീതികളിലും ഹരിത ഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനെ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയാണ് മലയോര മേഖലയിലെ ഗ്രാമങ്ങൾ ഒരു പരിധി വരെ എങ്കിലും മുന്നോട്ട് പോകുന്നത്. അത്തരം ദീർഘകാല ലക്ഷ്യങ്ങളുടെ കൂടെ നടക്കാൻ ജനതയെ പ്രാപ്തരാക്കുക എന്നതാണ് ഹരിത കേരളം മിഷന്റെ സഞ്ചാര പഥത്തിന്റെ ഉദ്ദേശ്യം.



വി.സി.ബാലകൃഷ്ണൻ
ചിത്രശലഭ നിരീക്ഷകൻ
പരിസ്ഥിതി പ്രവർത്തകൻ
ഫോൺ: 9446035149



# പ്രാദേശിക ശലഭ പഠനത്തിന്റെ പ്രസക്തി



ചിത്രശലഭങ്ങളാൽ സമ്പന്നമായ കണ്ണൂർ ജില്ലയിലെ **ആറളം വന്യജീവി സങ്കേതം** ഈ അടുത്തകാലത്തായി ഒരു ചിത്രശലഭ സാങ്ച്വറിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.ആറളം വന്യജീവി സങ്കേതോട് ചേർന്ന് കിടക്കുന്ന ഒരു പ്രദേശമാണ് കേളകം. അതുകൊണ്ടുതന്നെ ഈ പ്രദേശവുംചിത്രശലഭങ്ങളാൽ സമ്പന്നമാണ്. ഈ പഞ്ചായത്തിൽ ഇതേവരെ രേഖപ്പെടുത്തിയ 167 തരം ചിത്ര ശലഭങ്ങളെ കുറിച്ചുള്ള ചെറു വിവരണങ്ങൾ അടങ്ങുന്ന ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് മുൻകൈയെടുത്ത കേളകം പഞ്ചായത്ത് അധികൃതർ തീർച്ചയായും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

ഇത് തയ്യാറാക്കിയത് ഞാനുമായി ഏറെക്കാലത്തെ ബന്ധമുള്ള പരിസ്ഥിതി പഠിതാക്കളായ ശ്രീ നിഷാദ് മണത്തണയും, ശ്രീ.വിമൽകുമാറുമാണ്. കുറച്ചു വർഷങ്ങളായി ചിത്രശലഭങ്ങളെ നിരീക്ഷിക്കുകയും ഞങ്ങൾ നടത്തുന്ന നടത്തങ്ങളിലും ക്യാമ്പുകളിലും പതിവായി എത്തുന്ന നീലൂട്ടി എന്ന നീലിഷ യും (വിമൽ കുമാറിന്റെ മകൾ) ഈ പുസ്തകത്തിന്റെ രചനയിൽ നല്ലൊരു പങ്കുണ്ട്. പ്രകൃതിയെ



അറിയുന്നതിന് പക്ഷി നിരീക്ഷണം, തുമ്പി നിരീക്ഷണം എന്നിവ പോലെ തന്നെ പ്രധാനപ്പെട്ട ഒരു പഠന പ്രവർത്തനമാണ് ശലഭ നിരീക്ഷണം.പരിസ്ഥിതി സംരക്ഷണത്തിലും ജൈവവൈവിധ്യ സംരക്ഷണത്തിലും ശലഭങ്ങൾ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. തേനീച്ചകൾ കഴിഞ്ഞാൽ ഏറ്റവും നല്ല പരാഗകാരികൾ ശലഭങ്ങളാണ്. അതുകൊണ്ടുതന്നെ സസ്യങ്ങളുടെ നിലനിൽപ്പിനും നമ്മുടെ ആവാസവ്യവസ്ഥയുടെ ആരോഗ്യത്തിനും ശലഭങ്ങൾക്കുള്ള പങ്ക് അതുല്യമാണ്. പരിസ്ഥിതിയിൽ ഉണ്ടാകുന്ന ചെറിയ മാറ്റങ്ങളോടുപോലും വളരെ പെട്ടെന്ന് പ്രതികരിക്കാൻ കഴിയുന്ന ശലഭങ്ങൾ പാരിസ്ഥിതിക ആരോഗ്യത്തിന്റെ സൂചകങ്ങളുമാണ്.

മനുഷ്യവംശത്തെയും ഇതര ജന്തു ജാതികളെയും സംരക്ഷിക്കുന്നതിൽ ശലഭങ്ങൾ വലിയൊരു പങ്കുവഹിക്കുന്നുണ്ട് എന്നകാര്യം നമ്മളിൽ പലർക്കും അറിയില്ല. കറിവേപ്പിലയിൽ ഒരു ശലഭ പുഴുവിനെ കണ്ടപ്പോൾ അതിനെ അരച്ചു കൊല്ലുന്നതിനെക്കുറിച്ച് ആലോചിച്ച വീട്ടുകാരൻ (വൈലോപ്പിള്ളി എന്ന കവി) തന്നെ പിന്നീട് അത് ദിവസങ്ങൾ കൊണ്ട് വലുതാകുന്നതും പൂമലർ കൂടൊരുക്കി അതിനുള്ളിൽ കഴിച്ചുകൂട്ടുന്നതും പത്തോ പന്ത്രണ്ടോ ദിവസങ്ങൾക്ക് ശേഷം ചിത്രശലഭമായി മാറുന്നതും  പൂക്കളിൽ നിന്ന് പൂക്കളിലേക്ക് പാറി നടക്കുന്നതും നിരീക്ഷിച്ചതിനുശേഷം  പറയുന്നത് ഇങ്ങനെയാണ്:

" ചെന്നു പിടിക്കൊല്ല മക്കളേ, നിങ്ങളീ-
ചെല്ലച്ചിറകാർന്ന സുന്ദരനെ മകരന്ദമുണ്ടി
വൻ മലരിനത്തിൽ പകരും പരാഗം
പൂമ്പരാഗം
ഏവം പരാഗം പകർന്നു വേണം പൂവിന്
കായ്കനി അങ്കുരിപ്പാൻ  മക്കളേ, നമ്മളെ
പാലിക്കുവാൻ വന്ന മംഗള ദേവയിശ്ശലഭം"
-വൈലോപ്പിള്ളി (കവിത: പൂമ്പാറ്റ)

നമ്മുടെ ചുറ്റുവട്ടത്തുള്ള ചിത്രശലഭങ്ങളെ നിരീക്ഷിക്കുന്നതിനും ശാസ്ത്രീയമായി പഠിക്കുന്നതിനും ഈ പുസ്തകം കുട്ടികൾ ഉൾപ്പെടെ ഉള്ള ഏവർക്കും ഉപകാരപ്പെടുക തന്നെ ചെയ്യും.  കേളകം പഞ്ചായത്തിന്റെ ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. കേളകത്തും ചുറ്റുവട്ടത്തിലുമുള്ള പ്രദേശങ്ങളിൽ നിന്നും ഇനിയും കൂടുതൽ ശലഭ നിരീക്ഷകരും പരിരക്ഷണ പ്രവർത്തകരും ഉണ്ടായി വരട്ടെ !



# ഓാക്കിലയെക്കുറിച്ച്



**നിഷാദ് മണത്തണ**
പ്രോഗ്രാം കോർഡിനേറ്റർ, ഓാക്കില
മാധ്യമപ്രവർത്തൻ
ശലഭ നിരീക്ഷകൻ, പരിസ്ഥിതി പ്രവർത്തകൻ
ഫോൺ: 9747245615

പശ്ചിമഘട്ട മല നിരകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന അതിമനോഹര ഗ്രാമമാണ് കേളകം പഞ്ചായത്ത്. വടക്കെ അതിരിൽ കാടുകൾ തിങ്ങിനിറഞ്ഞ ആറളം വന്യജീവി സങ്കേതവും തെക്കെ അതിരിൽ പുൽമേടുകളാൽ ഭംഗിയാർന്ന വയനാടൻ കുന്നുകളും കേളകം പഞ്ചായത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു. ഹരിതകേരളം മിഷന്റെ പ്രവർത്തനത്തിനിടയ്ക്ക് നിരവധി തവണ കേളകം പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കൂടി യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. ഈ യാത്രയിൽ കേളകത്തിന്റെ ജൈവ വൈവിധ്യത്തെ അടുത്തറിയാൻ അവസരം കിട്ടി. പരിസ്ഥിതി പ്രവർത്തനത്തോടും ഫോട്ടോ ഗ്രാഫിയോടുമുള്ള താല്പര്യവും പൂമ്പാറ്റ ചിത്രങ്ങൾ പകർത്തുന്നതിലെ ഇഷ്ടവുമാണ് **'ഓാക്കില'** യിലേക്ക് എന്നെ എത്തിച്ചത്.

എല്ലാ തരത്തിലുമുള്ള പൂമ്പാറ്റകളുടെയും ആവാസ വ്യവസ്ഥക്ക് അനുയോജ്യമായ ഇടമാണ് കേളകം പഞ്ചായത്ത്. കാടുകൾ, കുറ്റികാടുകൾ, കുന്നുകൾ, പുഴയോരം, താഴ്‌വാരം, ചെങ്കൽ കുന്നുകൾ, ചെറു അരുവികൾ എന്നിവയിൽ സമ്പുഷ്ടമായത് തന്നെയാണ് ഇതിന് കാരണം.

കേരള സർക്കാർ ഹരിതകേരളം മിഷൻ വഴി നടപ്പിലാക്കുന്ന **'നെറ്റ് സീറോ കാർബൻ കേരളം ജനങ്ങളിലൂടെ'** പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുക്കപെട്ട പഞ്ചായത്ത് ആണ് കേളകം. പഞ്ചായത്തിന്  വളയംചാലിൽ ചീങ്കണ്ണി പുഴയോരത്ത് മികച്ച ഒരു പച്ചത്തുരുത്തുണ്ട്. പച്ചത്തുരുത്തിലെ സന്ദർശനത്തിനിടെയാണ് ഒട്ടനവധി പൂമ്പാറ്റകൾ ഇവിടെ എത്തിചേരുന്നത് ശ്രദ്ധയിൽ പെട്ടത്. ഇതോടെയാണ് പഞ്ചായത്തിലെത്തുന്ന വിവിധ ഇനത്തിലുമുള്ള ചിത്രശലഭങ്ങളെ ക്യാമറയിൽ പകർത്താമെന്ന് ആലോചിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് സി ടി അനീഷ്, മറ്റ് ഭരണസമിതി അംഗങ്ങൾ ഉദ്യോഗസ്ഥർ എന്നിവർകൂടി പിന്തുണച്ചതോടെ ചിത്രങ്ങൾ പകർത്തി തുടങ്ങി. പിന്നീടാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുസ്തകമാക്കാം



എന്ന തീരുമാനത്തിലെത്തിയത്.

നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങൾ ജനകീയമാക്കുക എന്നതിന്റെ ഭാഗമായി പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവരെകൂടി ഉൾപ്പെടുത്തി ശലഭനിരീക്ഷണ ക്യാമ്പ് സംഘടിപ്പിച്ചു. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ വി സി ബാലകൃഷ്ണൻ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ സോമശേഖരൻ, ശലഭനിരീക്ഷകരായ ബിജു തേങ്കുടി, യദു ആറളം, വിമൽ കുമാർ, നീലിഷ വിമൽ കേളകം സെന്റ് തോമസ് ഹൈസ്കൂൾ പ്രധാന അദ്ധ്യാപകൻ എം.വി. മാത്യു, എടത്തൊട്ടി ഡീപ്പോൾ കോളേജ് അസിസ്റ്റന്റ് പ്രഫസർ കെ ജെസ്സിയുടെ നേതൃത്വത്തിൽ കോളേജിലെ ഗ്രീൻ ബ്രിഗേഡ് അംഗങ്ങൾ, ഹരിതകേരളം മിഷൻ ജില്ലാ റിസോഴ്സ് പേഴ്സൺമാർ എന്നിവരെല്ലാം ക്യാമ്പിന്റെ ഭാഗമായി ശലഭനിരീക്ഷണം നടത്തി. കണ്ടെത്തിയ കാര്യങ്ങൾ കേളകം സെന്റ് തോമസ് ഹൈസ്കൂളിൽ ചേർന്ന യോഗത്തിൽ അവതരിപ്പിച്ചു. പിന്നീട് ശലഭ നിരീക്ഷകനായ വിമൽ കുമാറും പുസ്തകം തയ്യാറാക്കുന്നതിന് ഒപ്പം ചേരുകയും വിവിധങ്ങളായ സ്ഥലങ്ങൾ സന്ദർശനം





നടത്തി ശലഭങ്ങളെ നിരീക്ഷിച്ച് പകർത്തുകയും ചെയ്തു.

ഈ പുസ്തകത്തിൽ ഉള്ള പൂമ്പാറ്റകളുടെ ഫോട്ടോകൾ ഭൂരിപക്ഷവും കേളകം പഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ നിന്ന് പകർത്തിയതാണ്. ഇവിടെ കാണപ്പെട്ടതും ഫോട്ടോ കൃത്യതയോടെ പകർത്താൻ സാധിക്കാത്തതുമായ ചില പൂമ്പാറ്റകളുടെ ഫോട്ടോ പുറത്ത് നിന്ന് ശേഖരിച്ച് ഇതിലേക്ക് ചേർത്തിട്ടുണ്ട്.

കേളകം പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ കണ്ടംതോട്, ക്ലനംപള്ള, പാലുകാച്ചി, മുതൽ താഴ്ന്ന പ്രദേശങ്ങളായ ചീങ്കണ്ണി, ബാവലി പുഴയോരം വരെയുള്ള ഭൂമി ശാസ്ത്ര പരമായ ഘടന ചിത്രശലഭങ്ങളുടെ ജീവിതചക്രത്തിന് അനുയോജ്യമാണ്. കാടുകൾ, കുറ്റിക്കാടുകൾ, കുന്നുകൾ, ചെങ്കൽ കുന്നുകൾ, പുഴയോരം, താഴ്‌വാരം, ചെറു അരുവികൾ എന്നിവയാൽ കേളകം സമ്പന്നമായത് തന്നെയാണ് ഇതിന് കാരണം.

ഉയർന്ന പ്രദേശങ്ങളിൽ മാത്രം കണ്ട് വരുന്ന പൂമ്പാറ്റകളും, പശ്ചിമ ഘട്ടത്തിൽ മാത്രം കാണപ്പെടുന്ന പൂമ്പാറ്റകളും ഇവിടെയുണ്ട്. വളരെ അപൂർവമായ ചിലയിനം പൂമ്പാറ്റകളുടെ സാന്നിധ്യവും ഇവിടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ചീങ്കണ്ണി പുഴയോരത്ത് എല്ലാ വർഷവും നടക്കുന്ന ആൽബട്രോസ് ഉൾപ്പെടെയുള്ള വിവിധ ഇനം പൂമ്പാറ്റകളുടെ സഞ്ചാരം, പാലുകാച്ചി മലയിലുണ്ടായ അരളി ശലഭങ്ങളുടെ കോൺഗ്രിഗേഷൻ (കൂടിചേരൽ), പഞ്ചായത്തിന് തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെ ഏക ശലഭസങ്കേതം ഇവയൊക്കെ കേളകം പഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ



ശലഭഗ്രാമമായി പ്രഖ്യാപിക്കാനുള്ള സാധ്യതകളാണ് തുടർന്നുവരുന്നത്.

ഈ പുസ്തകത്തിന്റെ ചിത്രശലഭങ്ങൾ എന്ന കുറിപ്പ് എഴുയിരിക്കുന്നത് കേളകം പഞ്ചായത്തിലെ മഞ്ഞളാംപുറം യു.പി സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥിനി നീലിഷ വിമൽ ആണ്. ആറളത്തെ ശലഭ നിരീക്ഷണ ക്യാമ്പുകളിൽ പങ്കെടുക്കുന്ന നിലീഷ പരിസ്ഥിതി പ്രവർത്തകൻ ശ്രീ. വി.സി.ബാലകൃഷ്ണന്റെ 'വാക്ക് വിത്ത് വിസി'എന്ന പരിസ്ഥിതി സംഘടനയിലെ അംഗം കൂടിയാണ്.

നിലവിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന **167**ൽ ഒതുങ്ങുന്നതല്ല കേളകത്തെ ചിത്രശലഭ വൈവിധ്യം. ഇരുന്നൂറിൽ അധികം ഉണ്ടെന്ന് കരുതുന്നു. ഏകദേശം ആറ് മാസത്തെ നിരീക്ഷണത്തിലൂടെയാണ് ഇത്രയും ശലഭങ്ങളെ രേഖപ്പെടുത്തിയത്. തുടർന്നും ചിത്രശലഭങ്ങളെ നിരീക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും സാധിക്കേണ്ടതുണ്ട്.

ഈ പഠനഗ്രന്ഥം തയ്യാറാക്കുന്നതിന് പ്രത്യക്ഷമായും പരോക്ഷമായും സഹായിച്ച ഒട്ടനവധി പേരുണ്ട്. സഹോദര തുല്യനും പഞ്ചായത്ത് പ്രസിഡന്റുമായ സി.ടി അനീഷ്, സുഹൃത്തും പഞ്ചായത്ത് സ്ഥിര സമിതി അധ്യക്ഷനുമായ സജീവൻ പാലുമ്മി, തോമസ് പുളിക്കകണ്ടം, മാധ്യമ സുഹൃത്തുക്കളായ അബ്ദുൾ അസീസ് കേളകം, തങ്കച്ചൻ മാഷ്, പ്രദേശവാസികളും സുഹൃത്തുക്കളുമായ ടി കെ.ബാഹുലേയൻ, സത്യൻ അടക്കാത്തോട്, കെ.പി. ഷാജി മാസ്റ്റർ, ലിജീഷ് വള്ളോക്കരി (KETS) പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ പി.എം.രമണൻ, ഐ ടെച് പേരാവൂർ ഉടമ ജോജി ജോൺ , ഹരിതകേരളം മിഷൻ സംസ്ഥാന അസി. കോർഡിനേറ്റർ ടി.പി.സുധാകരൻ, ജില്ലാ കോർഡിനേറ്റർ ഇ.കെ.സോമശേഖരൻ

കൂടാതെ പരിസ്ഥിതി, ശലഭ നിരീക്ഷകരായ വി.ആർ.വിനയരാജ്, ജാഫർ പാലോട്, ബാലകൃഷ്ണൻ വളാപ്പിൽ, വി.കെ. ചന്ദ്രശേഖരൻ, ഹനീഷ്.കെ.എം, ആദിത്യൻ എ.സാജ്, സുധീപൻ.വി.പി എന്നിവരുടെ വിലയേറിയ സഹായം ലഭിച്ചിട്ടുണ്ട്.

പരിസ്ഥിതി പ്രവർത്തനത്തിലേക്കും നിരീക്ഷണത്തിലേക്കും ഫോട്ടോഗ്രാഫി യിലേക്കും എന്നെ നയിക്കുകയും മറ്റു വിധത്തിൽ സഹായിക്കുകയും ചെയ്തത് സ്റ്റാൻലി ജോർജ്, വി.സി.ബാലകൃഷ്ണൻ, എൻ.ബി ജയലാൽ, ഉസ്മാൻ കരിമ്പിൽ, ജ്യോതിഷ്ഭായ്, നാസർ വലിയേടത്ത്, മഞ്ജുഷ കൊട്ടിയൂർ തുടങ്ങിയവരാണ്. ഇവരുടെ സഹായങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.







# ചിത്രശലഭങ്ങൾ...

നീലിഷ വിമൽ
മഞ്ഞളാംപുറം യു.പി സ്കൂൾ, കേളകം
വാക്ക് വിത്ത് വിസി (അംഗം)





**വ**ർണഭംഗികൊണ്ട് നമ്മെ എന്നും അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നവരായ പ്രകൃതിയിലെ വിസ്മയങ്ങളാണ് ചിത്രശലഭങ്ങൾ. ജന്തുലോകത്തിലെ ഏറ്റവും വലിയ ഫൈലമായ ആർത്രോപോഡയിൽ ഇൻസെക്റ്റ വിഭാഗത്തിൽ ലെപിടോപ്റ്ററ ഗോത്രത്തിൽ ഉൾപ്പെടുന്നവയാണ് ചിത്രശലഭങ്ങൾ.

## പൂമ്പാറ്റകളുടെ ജീവിതക്രമം

ഓരോ പൂമ്പാറ്റകൾക്കും ഒന്നോ ഒന്നിലധികമോ ലാർവ ഭക്ഷണ സസ്യങ്ങളുണ്ട്. (Larva Host Plant (LHP). ഈ ലാർവ ഭക്ഷണ സസ്യത്തിൽ ആണ് പൂമ്പാറ്റകൾ മുട്ടയിടുന്നത്. ഈ മുട്ടവിരിഞ്ഞ് വരുന്ന പുഴക്കൾ അതിന്റെ തളിരിലകളോ അല്ലെങ്കിൽ പൂവിന്റെ ഭാഗങ്ങളോ മൊട്ടുകളോ, വേരുകളോ തിന്ന് വളരുന്നു. ഓരോ പൂമ്പാറ്റകളുടെയും ലാർവകൾ ആകൃതിയിലും നിറത്തിലും വ്യത്യാസമായിരിക്കും. ഇല തിന്ന് വളരുന്ന ലാർവകൾ പ്യൂപ്പയായി മാറുന്നു. ഈ പ്യൂപ്പകൾ വിരിഞ്ഞ് ലാർവകൾ പൂമ്പാറ്റയായി പുറത്തുവരുന്നു.





ചിത്രശലഭങ്ങൾ ആയി മാറിയാൽ ഇവയ്ക്ക് വളർച്ചയില്ല. പാറിപ്പറക്കുന്നതിനും പ്രജനനത്തിനും ആവശ്യമായ ആഹാരം മാത്രമേ ഇവയ്ക്ക് ആവശ്യമുള്ളൂ.

സ്വഭാവ സവിശേഷതകൾ കണക്കിലെടുത്ത് പൂമ്പാറ്റകളെ ആറ് കുടുംബങ്ങളായി തരംതിരിച്ചിട്ടുണ്ട്.

### 1. കിളിവാലൻ ശലഭങ്ങൾ (Papilionidae)

പിൻചിറകിന്റെ അറ്റത്ത് സോളോ പക്ഷികളുടേതു പോലെ വാലുകളുള്ള ശലഭങ്ങളാണ് ഭൂരിഭാഗവും. വലിയ ശലഭമായ ഗരുഡശലഭം ഈ കുടുംബത്തിലാണ്. നമ്മുടെ സംസ്ഥാന ശലഭമായ ബുദ്ധമയൂരിയും (Malabar Banded Peacodk) ഈ കുടുംബത്തിലാണ്.

### 2. രോമപാദ ശലഭങ്ങൾ (Nymphalidae)

ആറ് കാലുകളുള്ള ഷഡ്പദങ്ങളാണ് ചിത്രശലഭങ്ങൾ. ഈ കുടുംബത്തിലുള്ള ശലഭങ്ങളുടെ പ്രത്യേകത മുൻഭാഗത്തെ ഒരു ജോടി കാലുകൾ, കാലുകളുടെ ധർമ്മം നിർവഹിക്കാനായി ഉപയോഗിക്കാറില്ല. പകരം അവ സസ്യങ്ങളുടെ ഗന്ധം പിടിച്ചെടുക്കുന്നതിനും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. അതുകൊണ്ട് നാല് കാലുകളെ മാത്രമേ നമ്മൾ കാണാറുള്ളൂ.

### 3. പീത-ശ്വേത ശലഭങ്ങൾ (Pieridae)

മഞ്ഞയും വെള്ളയും നിറമുള്ള ചിത്രശലങ്ങളുടെ കുടുംബമാണിത്. കേളകം പഞ്ചായത്തിലൂടെ ഒഴുകുന്ന ചീങ്കണ്ണി പുഴയുടെ തീരത്തുകൂടി ദേശാടനം നടത്തുന്ന ആൽബട്രോസ് ഈ കുടുംബത്തിൽപ്പെട്ട ശലഭമാണ്.

### 4. നീലി ശലഭങ്ങൾ (Lycaenidae)

പൊതുവേ ചിറകിനുൾവശം നീലനിറത്തിലുള്ള ചെറിയ ചിത്രശലഭങ്ങളുടെ കുടുംബമാണിത്.

### 5. തുള്ളന്മാരും പരപ്പന്മാരും (Hesperidae)

കണ്ടെത്താനും തിരിച്ചറിയാനും പ്രയാസമുള്ള വിഭാഗമാണിത്. ഇരിക്കുന്നിടത്ത് നിന്ന് വളരെ വേഗത്തിൽ ചാടി പറന്ന് അപ്രത്യക്ഷമാവുന്ന സ്വാഭാവമുണ്ട് ഇവയ്ക്ക്.

### 6. ആട്ടക്കാരി ശലഭങ്ങൾ (Rinodiae)

ഈ കുടുംബത്തിൽ ആകെ രണ്ടിനം ശലഭങ്ങളെ മാത്രമേ കേരളത്തിൽ നിരീക്ഷിച്ചു കണ്ടിട്ടുള്ളൂ.

## മറ്റുചില സവിശേഷതകൾ

### ചെളിയൂറ്റൽ (Mud Puddling)

അരുവിയോരത്തും നനഞ്ഞ മണ്ണിലും കൂട്ടമായിരുന്ന് ചിത്രശഭങ്ങൾ ലവണം നുകരുന്നതിനാണ് ചെളിയൂറ്റൽ എന്ന് പറയുന്നത്. നമ്മുടെ പഞ്ചായത്തിലെ ചീങ്കണ്ണി പുഴയോരത്തെ ആൽബട്രോസ് ശലഭങ്ങളുടെ ദേശാടന സമയത്ത് ആയിരക്കണക്കിന് ശലഭങ്ങൾ ഇത്തരത്തിൽ ചെളിയൂറ്റൽ നടത്തുന്നത് മനോഹരമായ കാഴ്ചയാണ്. ആൽബ്ട്രോസ് ശലഭങ്ങൾ കൂടാതെ കൃഷ്ണശലഭവും, നാട്ടുകുടുക്കയും നീലക്കുടുക്കയും വിലാസിനിയും ചോല വിലാസിനിയും തുടങ്ങിയ ശലഭങ്ങളും ഇത്തരത്തിൽ ചെയ്യുന്നത് നിരീക്ഷിച്ചിട്ടുണ്ട്.

### വെയിൽകായൽ (Basking)

ശീതരക്തമുള്ള (Cold Blooded) ജീവികളാണ് ചിത്രശലഭങ്ങൾ. അതുമൂലം ശരീരോഷ്മാവ് സ്ഥിരമായി നിലനിർത്താനാകില്ല. വെയിൽ കായുമ്പോൾ ചിറകുകൾ ചൂടുപിടിക്കുകയും ശരീരോഷ്മാവ് ഉയരുകയും ചെയ്യുന്നു. അതുകൊണ്ടാണ് ചിത്രശലഭങ്ങൾ വെയിൽ കായുന്നത്.



### കൂട്ടം ചേരൽ (Congregation)

ആയിരക്കണക്കിന് ചിത്രശലഭങ്ങൾ മരങ്ങളിലും ചെടികളിലും കൂട്ടം കൂട്ടമായി ഇരിക്കുന്നതാണ് കൂട്ടംചേരൽ. നീലകടുവ, കരിനീല കടുവ, അരളി ശലഭം, പാൽവെള്ളി ശലഭം തുടങ്ങിയ ശലഭങ്ങൾ ഇത്തരം കൂട്ടം ചേരൽ നടത്താറുണ്ട്. കഴിഞ്ഞ വർഷം (2024)ൽ കേളകം ഗ്രാമപഞ്ചായത്തിലെ ശാന്തിഗിരി-പാലുകാച്ചി റോഡിൽ ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.





## ചിത്രശലങ്ങളുടെ സംരക്ഷണം

നിരവധി സസ്യങ്ങളിൽ പരാഗണം നടത്തുന്ന ശലഭങ്ങൾ സപുഷ്പി സസ്യങ്ങളുടെ നിലനിൽപ്പിലും അതുവഴി ഭക്ഷ്യസുരക്ഷയിലും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. അമിത കീടനാശിനി പ്രയോഗം, വനനശീകരണം, ലാർവ, ഭക്ഷണ സസ്യങ്ങളുടെ ലഭ്യത കുറവ് തുടങ്ങിയ ചിത്രശലഭങ്ങളുടെ എണ്ണത്തെ സാരമായി ബാധിക്കാറുണ്ട്. അതുകൊണ്ട് ഇവയുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.









# ചിത്രശലഭങ്ങളുടെ കൂട്ടംചേരൽ

ഗിരീഷ് മോഹൻ
(ചിത്രശലഭ നിരീക്ഷകൻ, ഫോൺ: 9447852007)

**ചി**ത്രശലഭങ്ങളുടെ ജീവിതം സൂക്ഷ്മമായി പിൻതുടരുമ്പോൾ പ്രകൃതിയിലെ കൗതുകകരമായ പല പ്രതിഭാസങ്ങളും നമുക്ക് നിരീക്ഷിക്കാനാവും. വിദൂരദേശങ്ങളിലേക്കുള്ള ദേശാടനവും (migration) അനുകരണങ്ങളും (mimicry) പേലെയുള്ള മറ്റൊരു പ്രതിഭാസമാണ് ചിത്രശലഭങ്ങളുടെ കൂട്ടംകൂടൽ. ദേശാടനത്തിനിടയിലും ചളിനുണയലിനിടയിലും ചിത്രശലഭങ്ങൾ കൂട്ടംചേർന്നു കാണപ്പെടുന്നു. ഇതുപോലെ ചില പ്രത്യേകയിനം പൂമ്പാറ്റകളിൽക്കാണുന്ന മറ്റൊരു പ്രത്യേകതയാണ് **കൂട്ടംചേരൽ (congregation).** ശാസ്ത്രലോകത്തിന് കൃത്യമായി ഇനിയും വിശദീകരിക്കാനാവാത്ത ഈ കൂടിച്ചേരലിന്റെ കാരണങ്ങളെക്കുറിച്ച് പല നിഗമനങ്ങളും നിലനിൽക്കുന്നു.

സാധാരണയായി പകൽ നേരത്തെ സജീവമായ ജീവൽപ്രവർത്തനങ്ങൾക്കു ശേഷം എല്ലാ ചിത്രശലഭങ്ങളും രാത്രിയിൽ ഇലകൾക്കടിയിലും പുൽനാമ്പുകളുടെ അഗ്രത്തിലും വിശ്രമിക്കുകയാണ് (roosting) പതിവ്. ശത്രുക്കളുടെ കണ്ണിൽപ്പെടാതിരിക്കാൻ പലതരത്തിലുള്ള അനുകൂലനങ്ങളും അപ്പോഴും അവയെ സഹായിക്കുന്നു. എന്നാൽ ഇവിടെ സൂചിപ്പിച്ച കൂട്ടംചേരൽ നൂറുകണക്കിനുശലഭങ്ങൾ ഒരു മരത്തിലോ അടുത്തടുത്തുള്ള ഒന്നിൽക്കൂടുതൽ മരങ്ങളിലോ ദിവസങ്ങളോ ആഴ്ചകളോ ചിലപ്പോൾ മാസങ്ങളോളമോ വിശ്രമാവസ്ഥയിൽ തുടരുന്ന പ്രക്രിയയാണ്.

മിൽക്ക് വീഡ് പൂമ്പാറ്റകളെന്നു പൊതുവെ വിളിക്കപ്പെടുന്ന കടുവാശലഭങ്ങളാണ് ഇത്തരം കോൺഗ്രിഗേഷനുകളിൽ ഒത്തുചേരുന്നത്. **നീലക്കടുവ (blue tiger), കരിനീലക്കടുവ) (dark blue tiger, അരളിശലഭം(common crow), പാൽവള്ളിശലഭം(double branded crow),** എന്നിവയാണ് പൊതുവെ നമ്മുടെ പ്രദേശങ്ങളിൽ കൂട്ടംചേരലിൽ കാണപ്പെടുന്നത്. ദീർഘമായ ദേശാടനത്തിനിടയിലാണ് ആവർത്തിക്കുന്ന ഈ കൂട്ടം ചേരൽ നടക്കുന്നതെന്നാണ് മനസ്സിലാക്കാനാവുന്നത്. ശക്തിയായ കാലവർഷത്തിനുശേഷം ആവശ്യത്തിന് ഭക്ഷണം ലഭിച്ചതിനുശേഷം ചിലജീവികളിൽ



കാണുന്ന **ശിശിരനിദ്ര (hibernation)** ക്ക സമാനമാണ് പൂമ്പാറ്റകളുടെ ഈ പ്രവർത്തനവും എന്ന് ചിലരഭിപ്രായപ്പെടുന്നു. ഒരുമിച്ച് സസ്യങ്ങളുടെ ഇലകൾപോലും കാണാത്തതരത്തിൽ അവ ഒരുമിച്ച സഹവസിക്കുന്നത് ശത്രുക്കളെ അകറ്റാനുള്ള ഒരു അനുകൂലനം കൂടിയാവുന്നു. ആഹാരസസ്യത്തിന്റെ ലഭ്യത, കാലാവസ്ഥയിലെ വ്യതിയാനങ്ങൾ, ആവാസവ്യവസ്ഥയിലുണ്ടാവുന്ന മനുഷ്യനിർമ്മിതവും അല്ലാത്തതുമായ മാറ്റങ്ങൾ എന്നീഘടകങ്ങൾ കാരണമാവണം ചില വർഷങ്ങളിൽ കൂട്ടംചേരലിനെത്തുന്ന ശലഭങ്ങളുടെ എണ്ണം തീരം കുറയുന്നതും ചിലപ്പോൾ ഒട്ടും ഇല്ലാതാവുന്നതും.

കണ്ണൂർ ജില്ലയിലെ കിഴക്കൻ മലയോരപ്രദേശങ്ങളിൽ നിന്നും വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകളിലെ പശ്ചിമഘട്ടത്തോട് ചേർന്ന് നിൽക്കുന്ന ഇടങ്ങളിൽ നിന്നും കഴിഞ്ഞകുറേ വർഷങ്ങളായി വലിയതോതിലുള്ള കൂടിച്ചേരൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. **ആറളം വന്യജീവിസങ്കേതത്തിലെ ചാവച്ചി, പൊത്തൻപ്ലാവ്, കരിയംകാപ്പ് എന്നിവിടങ്ങളിലും കേളകം പഞ്ചായത്തിലെ പാലുകാച്ചിമലയുടെ** ഉയർന്നപ്രദേശങ്ങളിലും നവംബർ തൊട്ട് ജനവരി മാസങ്ങൾ വരെയുള്ള കാലയളവിൽ ആയിരക്കണക്കിനു ചിത്രശലഭങ്ങൾ ദിവസങ്ങളോളം ഇത്തരത്തിൽ കൂട്ടംകൂടി നിൽക്കുന്നത് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എല്ലാ വർഷങ്ങളിലും ഇത് സ്ഥിരമായി കാണാറില്ലെങ്കിലും മിക്കപ്പോഴും നേരത്തെ നിരീക്ഷിക്കപ്പെട്ടസ്ഥലത്തോ അതിനു സമീപപ്രദേശങ്ങളിലോ ആണ് ഈ അൽഭുതകരമായ കാഴ്ച കണ്ടിട്ടുള്ളത്.





# ആൽബട്രോസ് ശലഭങ്ങളുടെ ദേശാടനം

ബാലകൃഷ്ണൻ വളാപ്പിൽ
ശലഭ നീരിക്ഷകൻ, ഫോൺ: 94465 87033

ആറളം വന്യ ജീവി സങ്കേതത്തിൽ എല്ലാ വർഷവും മഴക്കാലം കഴിഞ്ഞു ഡിസംബർ ജനുവരി ആവുമ്പോഴേക്കും ആരംഭിക്കുന്ന പ്രകൃതിയിലെ ഒരദ്‌ഭുത പ്രതിഭാസമാണ് ആൽബട്രോസ് ശലഭങ്ങളുടെ ദേശാടനം. കുന്നിൻമുകളിൽ നിന്ന് താഴേക്ക് കാട്ടുപാതകളിലൂടെയും അരുവികളിലൂടെയും അതുപോലുള്ള മറ്റു തുറസ്സായയിടങ്ങളിലൂടെയും ഇവ കൂട്ടമായി ഒന്നിന് പിന്നാലെ മറ്റൊന്നായി മാല കണക്കെ 'ഒഴുകി' വരുന്ന കാഴ്ച ഏതൊരാൾക്കും ആഹ്ലാദവിസ്മയങ്ങൾ തീർക്കും. ഇവ മുട്ടയിടുന്ന 'ചൂട്ട' എന്ന സസ്യം ആറളം കാട്ടിലെ കുന്നിൻമുകളിലാണുള്ളത്. ശലഭങ്ങൾ മുട്ടയിട്ടു പത്ത് ദിവസത്തിനുള്ളിൽ പ്യൂപ്പയായും പിന്നെ ശലഭമായും പുറത്ത് വരുന്നു. ഇങ്ങനെ ഒന്നോ രണ്ടോ മാസങ്ങൾ കൊണ്ട് അനുകൂല സാഹചര്യങ്ങളിൽ ലക്ഷകണക്കിന് ശലഭങ്ങൾ വിരിഞ്ഞിറങ്ങുന്നു. ഈ ശലഭങ്ങൾ വെയിൽ ചൂടായി വരുമ്പോൾ ഊർജസ്വലരായി തുറസ്സായ സ്ഥലങ്ങളിലൂടെ കുന്നിൻ മുകളിൽ നിന്ന് താഴേക്ക് പറക്കുന്നു.

വെയിൽ കൊണ്ട് നിർജലീകരണം സംഭവിക്കാതിരിക്കാൻ അരുവികൾക്കു മുകളിലൂടെ പറന്നും. നനവുള്ള അരുവിയുടെ കരയിൽ കൂട്ടമായിരുന്നു ജലത്തെ ആഗിരണം ചെയ്തും വീണ്ടും താഴേക്കു പറക്കുന്നു. മലയിറങ്ങി സമതലങ്ങളിലെത്തുമ്പോഴേക്കും അവ ദിശ നിർണയിക്കാനാകാതെ പുഴയുടെ തീരങ്ങളിൽ പഡ്‌ലിംഗ് നടത്തിയും അടുത്തുള്ള പൊന്തകൾക്കു മുകളിൽ വിശ്രമിച്ചും ചില ശലഭങ്ങൾ പുഴയിലൂടെ യാത്ര തുടർന്നും പകൽ തീർക്കുന്നു. വെയിൽ പോകുന്നതോടെ എല്ലാം വിശ്രമാവസ്ഥയിലാവുന്നു. രാത്രി കഴിഞ്ഞു പിറ്റേന്ന് പകൽ തെളിയുമ്പോൾ പൊടിപോലുമില്ലാതെ ഇവയെല്ലാം അപ്രത്യക്ഷമാവുന്നു എന്ന സമസ്യക്ക് ഇതുവരെ സ്ഥാപിതമായ ഉത്തരമില്ല. ഒരു പക്ഷെ രാപ്പക്ഷികൾ, വവ്വാലുകൾ അങ്ങനെ ആരൊക്കെയോ മൊത്തമായി ഭക്ഷിക്കുന്നുണ്ടാവണം. **ആറളത്ത് വർഷം തോറും വനം വകുപ്പും മലബാർ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയും** സംയുക്തമായി സംഘടിപ്പിക്കുന്ന ദേശാടന കണക്കെടുപ്പിൽ ധാരാളം വിദ്യാർത്ഥികളും ശലഭപ്രേമികളും ഔൽസുക്യത്തോടെ പങ്കെടുക്കാറുണ്ട്

ആറളത്തെ ശലഭ മാഹാത്മ്യം മനസ്സിലാക്കി കേരള സർക്കാർ ആറളത്തെ ഒരു ശലഭസങ്കേതമായി പ്രഖ്യാപിച്ചിട്ടുണ്ട്. **ഇന്ത്യയിലെ തന്നെ ആദ്യത്തെ ശലഭ സങ്കേതമാണ് ആറളം.**





# വ്യത്യസ്ത ശലഭങ്ങളുടെ അപൂർവമായ ഇണചേരൽ

കെ.എം.ഹനീഷ്
ശലഭ നിരീക്ഷകൻ, ഫോൺ: 97311 21921



ശലഭങ്ങൾ ഇണകളെ ആകർഷിയ്ക്കുന്നത് രൂപവും അവർ പുറപ്പെടുവിക്കുന്ന പ്രത്യേക രാസഗന്ധവും ഉപയോഗിച്ചാണ്. ഓരോ ഇനം ശലഭത്തിന്റെയും ശാരീരിക പ്രത്യേകതകൾ കാരണം അതേ ഇനത്തിൽപ്പെട്ട ശലഭങ്ങളുമായി മാത്രമേ സാധാരണയായി ഇണചേരാൻ സാധിക്കുകയുള്ളൂ. ഒരേ വാസസ്ഥലം പങ്കിടുന്ന, ഏകദേശം ഒരേ രൂപമോ വലിപ്പമോ ഉള്ള വ്യത്യസ്ത ഇനത്തിൽപ്പെട്ട ചില ശലഭങ്ങൾ ഇണചേരുന്ന കാര്യം വളരെ അപൂർവ്വമായി നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്.

ഇവിടെ **നിഷാദ് മണത്തണ** പകർത്തിയ ഈ ചിത്രത്തിലെ രണ്ടിനം ശലഭങ്ങളും ഒരേ ഉപകുടുംബത്തിൽപ്പെട്ടതാണ്. ജനിതകപരമായി വളരെ അടുത്ത് നിൽക്കുന്ന ഈ ശലഭങ്ങൾ രൂപമോ രാസഗന്ധമോ തെറ്റിധരിച്ചതായിരിക്കണം ഇത്തരം ഒരു അപൂർവ്വബന്ധത്തിന് കാരണം. സാധാരണഗതിയിൽ ഇത്തരം ബന്ധങ്ങളിൽ നിന്നും ഉണ്ടാവുന്ന മുട്ടകൾ വിരിയാറില്ല, അഥവാ വിരിഞ്ഞാൽ തന്നെ ഉണ്ടാവുന്ന ശലഭങ്ങൾ പ്രത്യുത്പാദനശേഷി ഇല്ലാത്തവയായിരിക്കും.

സ്വാഭാവികമായി സാധ്യമല്ലെങ്കിലും നിയന്ത്രിതമായ സാഹചര്യങ്ങളിൽ ചില സങ്കരയിനം ശലഭങ്ങളെ മനുഷ്യർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വലിയ ശലഭങ്ങൾ തമ്മിലുള്ള ഇണചേരലുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ നമ്മുടെ മേഖലകളിൽ അപൂർവ്വമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.



# ചിത്രശലഭങ്ങളും നിശാ ശലഭങ്ങളും



ബിജു തേങ്കടി (ശലഭ നിരീക്ഷകൻ)
ഫോൺ: 9605201690

ഭൂമിയിലെ അതീവ ജൈവ വൈവിധ്യ പ്രാധാന്യം ഉള്ള പത്ത് ജൈവ വൈവിധ്യമേഖലകളിൽ ഒന്നായ പശ്ചിമഘട്ടത്തിന്റെ ഭാഗമായ കേളകം പഞ്ചായത്തിലെ ചിത്രശലഭങ്ങളെ അടയാളപ്പെടുത്താനുള്ള ഉദ്യമത്തിന് ആശംസകൾ അറിയിക്കട്ടെ. പശ്ചിമഘട്ടത്തിലെ ജന്തു – സസ്യവൈവിധ്യത്തിന്റെ അന്വേഷണം നൂറ്റാണ്ടുകൾക്കു മുമ്പേ നമ്മുടെ നാട്ടിൽ അധികാരത്തിൽ ഉണ്ടായിരുന്ന പാശ്ചാത്യരുടെ അന്വേഷണങ്ങളിലും കണ്ടെത്തലുകളിലും രേഖപ്പെടുത്തലുകളിലും കാണാൻ കഴിയും. ഇന്ന് രേഖപ്പെടുത്തി വെച്ചിട്ടുള്ളതിൽ കൂടുതലും അവരുടെ സംഭാവനയാണ്. ശാസ്ത്രജ്ഞൻമാരും, ഡോക്ടർമാരും കളക്ടർമാരും, പോലീസ് ഉദ്യോഗസ്ഥരും, തോട്ടം ഉടമകളും, തുടങ്ങി കൗതുകം തോന്നിയവരെല്ലാം അക്കാലത്ത് ഇത് രേഖപ്പെടുത്തി വെച്ചിട്ടുണ്ടായിരുന്നു. ഭൂമിയിലെ ജന്തു വൈവിധ്യത്തിന് ആവശ്യമായ ആഹാരവും വെള്ളവും വായുവും നല്കി പരിപാലിക്കുന്നതിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നവരാണ് സസ്യങ്ങൾ. ഈ സസ്യങ്ങളുടെ പരാഗണത്തിന് സഹായിക്കുന്ന ജീവിവർഗമാണ് ഷഡ്പദങ്ങൾ. ഇതിൽ ഒന്നാം സ്ഥാനത്ത് തേനീച്ചകളുംകടന്നലുകളും മറ്റും ഉൾപ്പെടുന്ന Hymenoptera എന്ന ഓർഡറിലുള്ള ഷഡ്പദങ്ങൾ ആണ്. രണ്ടാം സ്ഥാനത്ത് ചിത്രശലഭങ്ങളും നിശാശലഭങ്ങളും അടങ്ങിയ Lepidoptera എന്ന ഓർഡറിലുള്ള ഷഡ്പദങ്ങളാണ്. ഇതിൽ ചിത്രശലഭങ്ങളെ, സാന്നിധ്യം കൊണ്ടും അവരുടെ വർണ്ണഭംഗി കൊണ്ടും ഏവരും ശ്രദ്ധിക്കപ്പെടുന്ന ജീവിവർഗമായി പഠിച്ച് രേഖപ്പെടുത്തി വെച്ചിട്ടുണ്ടായിരുന്നു. എന്നാൽ കൂടുതലും രാത്രി സഞ്ചാരികളായ, നക്ഷത്രങ്ങളുടെയും മറ്റും വെളിച്ചം വഴികാട്ടിയായി ഉപയോഗിക്കുന്ന, രാത്രി വിരിയുന്ന ഒട്ടനേകം ചെടികളിൽ പരാഗണം നടത്തി ജീവിക്കുന്ന നിശാശലഭങ്ങളെ അത്രയൊന്നും ആരും ശ്രദ്ധിക്കാറില്ല. മിക്കവർക്കും എല്ലാം പൂമ്പാറ്റകൾ തന്നെ. ചിത്രശലഭങ്ങളെ പൂമ്പാറ്റ എന്ന് വിളിക്കുന്നത് പോലെ നിശാശലഭങ്ങളെ രാപ്പാറ്റ എന്ന് വിളിക്കേണ്ടിവരും.

പൂമ്പാറ്റകളും രാപ്പാറ്റകളും ഏറെക്കുറെ കാഴ്ചയിൽ ഒരുപോലെയാണെങ്കിലും ഇവകളിൽ പ്രകടമായ വ്യത്യാസങ്ങൾ കാണാൻ കഴിയും. ഇതിൽ ഏറ്റവും പ്രധാനം പൂമ്പാറ്റകളുടെയും രാപ്പാറ്റകളുടെയും സഞ്ചാരസമയം തന്നെയാണ്. പൂമ്പാറ്റകൾ ഏറിയ പങ്കും പകൽ സഞ്ചരിക്കുന്നവർ ആയതുകൊണ്ട് തന്നെ നല്ല തെളിച്ചമുള്ള വർണ്ണഭംഗിയുള്ളവരാണ്. രാത്രി സഞ്ചാരന്മാരായ രാപ്പാറ്റകൾ പകൽസമയം



ഇരപിടിയൻമാരായ മറ്റു ജീവികളുടെ ശ്രദ്ധയിൽപ്പെടാതെ വിശ്രമിക്കാനുള്ള അനുകൂലനങ്ങൾ നേടിയവരാണ്. അവർ വിശ്രമിക്കുന്ന ചുറ്റുപാടുകളോട് ഇണങ്ങി നിൽക്കാൻ പെട്ടെന്ന് ശ്രദ്ധയിൽ പെടാത്ത ഇരുണ്ട നിറങ്ങൾ ആണ് കൂടുതലും ഇവയ്ക്കുള്ളത്. ഇരപിടിയന്മാരായ ജീവികളെ തെറ്റിദ്ധരിപ്പിക്കാൻ തന്റെ തുറന്നുവച്ച ചിറകുകൾക്കുള്ളിൽ കണ്ണുകൾ പോലെയുള്ള അടയാളങ്ങളും, ചിലപ്പോൾ ഇവയുടെ രൂപം തന്നെ മറ്റു ചില ജീവികളെ പോലെ ആയിരിക്കും.

മറ്റൊരു പ്രധാന വ്യത്യാസം പൂമ്പാറ്റകളുടെയും രാപ്പാറ്റകളുടെയും സ്പർശിനികളാണ് (തലയിൽ കാണുന്ന കൊമ്പു പോലെയുള്ള ഭാഗം) (Antenna). പൂമ്പാറ്റകളുടെ സ്പർശനികൾ നേർത്ത, അറ്റം വീർത്ത, മുഴയുള്ളതോ ഗഥ രൂപത്തിൽ ഉള്ളതോ ആണ്. എന്നാൽ രാപ്പാറ്റകൾക്ക് നെടുകെ പിളർന്ന തൂവൽ പോലെയോ, വിശ്രമിക്കുമ്പോൾ വശങ്ങളിലേക്ക് ചേർത്തുവയ്ക്കാൻ കഴിയുന്ന നേർത്തതോ ആയ സ്പർശിനികൾ ആയിരിക്കും.

മിക്ക രാപ്പാറ്റകൾക്കും പൂമ്പാറ്റകളെക്കാളും തടിച്ച ശരീരം (Thrax & Abdomen) ആയിരിക്കും. പൂമ്പാറ്റകൾ വിശ്രമിക്കുമ്പോൾ ചിറകുകൾ തന്റെ ശരീരത്തിന് ലംബമായി അടച്ചു വച്ചിരിക്കും. രാപ്പാറ്റകൾ ചിറകുകൾ ശരീരത്തിനോട് ചേർത്ത് തുറന്നു വിടർത്തി പിടിക്കുകയോ അല്ലെങ്കിൽ കൂടാരം പോലെ ശരീരത്തിന് മേലെ ചുരുക്കിപ്പിടിക്കുകയോ ചെയ്യും

എന്നാൽ ചില പൂമ്പാറ്റകളും രാപ്പാറ്റകളും ഈ പറയുന്ന വ്യത്യാസങ്ങൾ ഇല്ലാത്തവരാണ് വെങ്കണനീലി (Blue tiger moth) പോലെ ചില രാപ്പാറ്റകൾ പകൽ സഞ്ചരിക്കുന്നവർ ആണ്. അതുപോലെ ചില പൂമ്പാറ്റകൾ സന്ധ്യാനേരത്തും അതിരാവിലെയും ഇരുട്ടിൽ തന്നെ സഞ്ചരിക്കുന്നത് കാണാൻ കഴിയും . പരപ്പൻ പൂമ്പാറ്റകളും (Flat), കനി തോഴൻ, കനി രാജൻ തുടങ്ങിയ പൂമ്പാറ്റകളും രാപ്പാറ്റകളെ പോലെ ചിറക് വിടർത്തി വെച്ച് വിശ്രമിക്കുന്നവരാണ്.
പൂമ്പാറ്റകളെ അപേക്ഷിച്ച് രാപ്പാറ്റകളുടെ ശലഭപ്പുഴുക്കൾ മിക്കവയും കർഷകരുടെ ശത്രുക്കളാണ്. നേരിയ ചൊറിച്ചിൽ മുതൽ ഷോക്കടിച്ചത് പോലെ അസ്വസ്ഥത ഉണ്ടാക്കുന്നവയാണ് അവയുടെ പുഴുക്കളിൽ പലതും

കേരളത്തിൽ ഏതാണ്ട് മുന്നൂറിൽ പരം പൂമ്പാറ്റകളെയാണ് ഇതുവരെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ ഏതാണ്ട് രണ്ടായിരത്തിനു മുകളിൽ ഇനം നിശാശലഭങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇനിയും ഒരുപാട് ഇനം രാപ്പാറ്റകളെ കണ്ടെത്താനുമുണ്ട്.


പ്രിയ സുഹൃത്ത് നിഷാദും, വിമലും നീലുക്കുട്ടിയും ഒക്കെ തുടങ്ങിവെച്ച കേളകം ഗ്രാമപഞ്ചായത്തിന്റെ കൈപിടിച്ച് നടത്തുന്ന ഇത്തരം ഉദ്യമങ്ങൾ കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഒരു പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.



01

ഇന്ത്യയിൽ ഏറ്റവും വലിയ ശലഭങ്ങളിൽ രണ്ടാം സ്ഥാനക്കാരാണ് നമ്മുടെ ഗരുഡശലഭം. ഒന്നാം സ്ഥാനം നോർത്ത് ഈസ്റ്റിൽ കണ്ടുവരുന്ന ഗോൾഡൻ ഗരുഡശലഭം ആണ്. കൊങ്ങിണിപ്പൂ, കൃഷ്ണകിരീടം, ചെത്തി തുടങ്ങിയ സസ്യങ്ങളിലെ നിത്യസന്ദർശകരാണ്. ഈശ്വരമുല്ല, അരണ്ടവള്ളി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങൾ ആണ്.

മഞ്ഞളാംപുറം



**ഗരുഡ ശലഭം**
Southern Birdwing/Troides minos

**മലബാർ റോസ്**
Malabar Rose/Pachliopta pandiyana



02


നാട്ടുറോസ് ശലഭങ്ങളുമായി സാമ്യം തോന്നാമെങ്കിലും ഇവയുടെ പിൻ ചിറകുകളിലെ വെളുത്ത പാട് കുറച്ചുകൂടി തെളിവാർന്നതാണ്. പിൻ ചിറകിന്റെ കീഴറ്റത്തുള്ള വെളുത്ത പാടുകൾ കുറച്ചുകൂടി നീളം ഉള്ളതും നടുവിൽ ഒരു വെളുത്ത പാടും ഉണ്ട്. പശ്ചിമഘട്ടത്തിലെ തനതു ശലഭമാണിത്.

പാലുകാച്ചി

03

നമ്മുടെ നാട്ടിൻ പുറങ്ങളിൽ വളരെ സാധാരണയായി കാണപ്പെടുന്നതാണ് ഈ ശലഭം. തല മുതൽ വാലറ്റം വരെയുള്ള ചുവന്ന നിറം ഇവയെ പെട്ടെന്ന് തിരിച്ചറിയുന്നതിന് സഹായിക്കുന്നു. വിഷച്ചെടികൾ ആഹാരിക്കുന്ന ഇവയെ ഇരപിടിയന്മാർ ഭക്ഷിക്കാറില്ല. ഈശ്വരമുല്ല, ആടുതൊടാപ്പാല എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

കേളകം



**നാട്ടുറോസ്**
Common Rose/ Pachliopta aristolochiae

**ചക്കരശലഭം**
Crimson Rose/ Pachliopta hector



04

ഇന്ത്യയിലും ശ്രീലങ്കയിലും കാണപ്പെടുന്ന ചിത്രശലഭം. ദേശാടന സ്വഭാവമുള്ളവയാണ്. കേരളത്തിലെ നാട്ടിൻ പുറങ്ങളിലുള്ള കുന്നിൻപുറങ്ങളിലും കുറ്റിക്കാടുകളിലും കാണപ്പെടുന്നു. ഈശ്വരമുല്ലയും അല്പവും ഒക്കെ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

രാമച്ചി

05

**സ**ദാസമയവും ചിറകുകൾ വിറപ്പിച്ചുകൊണ്ട് ധൃതിയിൽ പറന്ന് നടക്കുന്നതിനാൽ ഇവക്ക് വിറവാലൻ എന്ന പേര് അനുയോജ്യമാണ്. ഈ ശലഭത്തിന്റെ ചിറകിലെ പച്ച നിറമുള്ള പൊട്ടുകളാണ് ഇവയെ തിരിച്ചറിയാൻ പ്രധാനമായും സഹായിക്കുന്നത്. ആത്ത, അരണമരം, വഴന, അശോകം തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

മഞ്ഞളാംപുറം



## വിറവാലൻ
Tailed Jay / Graphium agamemnon

## വരയൻ വാൾവാലൻ
Five-bar Swordtail/ Graphium antiphates



06

**പ**ശ്ചിമഘട്ടത്തിലെ നിത്യഹരിത വനങ്ങളിൽ കണ്ടുവരുന്ന മനോഹരമായ ചിത്രശലഭമാണിത്. കറുപ്പ്, ഓറഞ്ച്, പച്ച, വെള്ള തുടങ്ങിയ നിറങ്ങൾ ഇവയുടെ ദേഹത്ത് മനോഹരമായി കൂടിച്ചേർന്നിരിക്കുന്നു. ഇവ കൂട്ടത്തോടെ മണ്ണിൽ ലവണമുണ്ണാൻ (Mud pudling) മറ്റ് ശലഭങ്ങൾക്കൊപ്പം എത്താറുണ്ട്.

വളയംചാൽ

## 07

നീലക്കുടുക്ക ശലഭങ്ങളോട് ഏറെ സാമ്യമുള്ള ശലഭമാണിത്. വിറളി പിടിച്ച് പറക്കുന്ന സ്വഭാവമാണ്. ഇവക്ക് ചിറകിൽ വെള്ളയും നീലയും നിറത്തിലുള്ള പൊട്ടുകൾ കാണാം. ചിറകുകളുടെ അരികുകൾക്ക് ചേർന്ന നീല പൊട്ടുകൾ ഇവയെ നീലക്കുടുക്കയിൽ നിന്ന് വ്യത്യസ്തമാക്കുന്നു. അരണമരവും പൊൻ ചെമ്പകവും ഒക്കെ ലാർവ ഭക്ഷണ സസ്യമാണ്.

കരിയംകാപ്പ്



**നാട്ടുകുടുക്ക**
Common Jay/ Graphium doson

**നീലക്കുടുക്ക**
Narrow – banded Bluebottle / Graphium teredon



## 08

വളരെ വേഗത്തിൽ പറക്കുന്ന പൂമ്പാറ്റയാണിത്. ചിറകിന് നടുവിൽ കൂടി പച്ചകലർന്ന നീല നിറത്തിലുള്ള വീതി കൂടിയ പട്ടയുണ്ട്. ചിറകിൽ ഇടക്കിടെ നീലയും ചുവപ്പും പൊട്ടുകൾ കാണപ്പെടുന്നു. അരണമരം കാട്ടുകറപ്പ തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ശാന്തിഗിരി

09

വളരെ സാധാരണയായി കണ്ടുവരുന്ന വഴനശലഭത്തെ രണ്ട് രൂപത്തിൽ കാണാവുന്നതാണ്. വേഷപ്രച്ഛന്നം നടത്തുന്ന ശലഭമാണ്. നീലക്കടുവയെയും അരളി ശലഭത്തെയും അനുകരിക്കാറുണ്ട്. രണ്ടു രൂപത്തിലും ഉള്ള ആൺ പെൺ ശലഭങ്ങൾ ചെളിയൂറ്റൽ സ്വഭാവം കാണിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വഴന, എല്ലുകൂട്ടി, കുളമാവ് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

കേളകം



**വഴന ശലഭം**
Common Mime/ Papilio clytia

**നാരക ശലഭം**
Lime Swallowtail / Papilio demoleus



10

കറുത്ത ചിറകുകളും അനേകം മഞ്ഞ പൊട്ടുകളും നീണ്ട പാടുകളുമുള്ള ശലഭമാണ് നാരക ശലഭം. പൂക്കളിൽ തേൻ കുടിക്കാൻ എത്തുന്ന ഈ ശലഭങ്ങൾ ചെളിയൂറ്റൽ (Mud pud-ling) ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കറിവേപ്പ്, നാരകം, അരൂത, കൂവളം തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

മൂർച്ചിലക്കാവ്

## 11

പശ്ചിമഘട്ട പ്രദേശങ്ങളിലാണ് ഈ ശലഭങ്ങളെ കണ്ടുവരുന്നത്. കാടുകളാണ് ഇവയുടെ ഇഷ്ടമേഖല. കാഴ്ചയിൽ അരളി ശലഭത്തെപ്പോലെ തോന്നിക്കുന്നു. വളരെ വേഗത്തിൽ പറക്കുന്ന ശലഭമാണിത്. വെയിൽ കായാൻ ഇഷ്ടമില്ലാത്ത ഇവർ കൂടുതലും തണൽ പറ്റിയാണ് സഞ്ചരിക്കുന്നത്. നരച്ച തവിട്ട് നിറങ്ങളിൽ കാണപ്പെടുന്നു.

📍📷 പാലുകാച്ചി



**മലബാർ റാവൻ**
Malabar Raven / Papilio dravidarum

**ചുട്ടിക്കറുപ്പൻ**
Red Helen/ Papilio daksha



## 12

നമ്മുടെ നാട്ടിൽ കാണപ്പെടുന്ന വലിയ ശലഭങ്ങളിൽ ഒന്നാണ് ചുട്ടിക്കറുപ്പൻ. ശരീരവും ചിറകുകളും കറുപ്പാണ്. പിൻ ചിറകിന്റെ മുകൾ ഭാഗത്ത് ഇളം മഞ്ഞനിറത്തിലുള്ള വെളുത്ത പാടുകൾ കാണാം. ഉയരത്തിൽ പറക്കാൻ താല്പര്യപ്പെടുന്നവരാണ് ഇക്കൂട്ടർ. മുള്ളിലവ്, ചെറുനാരകം, കാട്ടുകറിവേപ്പ് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

📍📷 ശാന്തിഗിരി

13

കാടുകളിൽ
കാണുന്ന സുന്ദരനായ
പൂമ്പാറ്റയാണിത്.
വംശനാശ ഭീഷണി
നേരിട്ടുകൊണ്ടിരിക്കുന്നു.
ചിറകുകൾക്ക്
തവിട്ടുകലർന്ന
പാടുകളുണ്ടാകും.
കടന്നലുകൾ ഇവയുടെ
മുട്ടകൾ നശിപ്പിക്കാറുണ്ട്.
ലാർവ ഭക്ഷണ സസ്യമായ
കനല (കാട്ടുറമ്പൂർ)
മരങ്ങളുടെ വ്യാപക
നാശവും ഇവയെ
വന്യജീവി സംരക്ഷിത
വിഭാഗത്തിൽ
ഒന്നാം പട്ടികയിൽ
ഉൾപ്പെടുത്തിയിരിക്കുന്നു.

പൊയ്യമല



**പുള്ളിവാലൻ**
Malaba rBanded Swallowtail / Papilio liomedon

**കൃഷ്ണ ശലഭം**
Blue Mormon / Papilio agenor



14

നമ്മുടെ നാട്ടിൻ
പുറങ്ങളിൽ
കാണപ്പെടുന്ന വലിയ
ശലഭങ്ങളിൽ ഒന്നാണ്.
ഇരുണ്ട നിറമുള്ള
മുൻചിറകിൽ ഇളംനീല
അടയാളങ്ങൾ കാണാം.
ഇളം നീല നിറമുള്ള പിൻ
ചിറകുകളിൽ കറുത്ത
പുള്ളികളും ഉണ്ട്. ചിറക്
അടച്ചാൽ അതിന്റെ
ആരംഭ ഭാഗത്ത് ചുവന്ന
പൊട്ടും ഉണ്ടാവും.
നാരകം, കാട്ടുനാരകം,
ബബ്ലൂസ് നാരകം
തുടങ്ങിയവ ലാർവ
ഭക്ഷണ സസ്യങ്ങളാണ്.

മഞ്ഞളാംപുറം

15


ഉദ്യാനങ്ങളിൽ സാധാരണ കാണാറുണ്ട്. ആൺ-പെൺ ശലഭങ്ങൾക്ക് നിറവ്യത്യാസമുണ്ട്. പെൺ ശലഭങ്ങൾ നാട്ടുറോസ്, ചക്കരശലഭം തുടങ്ങിയവയുടെ നിറങ്ങൾ അനുകരിക്കാറുണ്ട്. നാരകം, കാട്ടുനാരകം, ബബ്ലൂസ് നാരകം തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

മാങ്കുളം



## നാരകകാളി
Common Mormon / Papilio polytes

## ചുട്ടിമയൂരി
Paris Peacock / Papilio paris



16

മയിൽപ്പീലി ത്തുണ്ടുപോലെ മരതകപച്ച നിറമുള്ള സുന്ദരമായ ചിത്രശലഭം. കേരളത്തിൽ കാണുന്ന ഏറ്റവും ഭംഗിയുള്ള ചിത്രശലഭം. ഇവയുടെ പിൻ ചിറകിന്റെ മേൽഭാഗത്ത് പച്ച കലർന്ന തിളക്കമാർന്ന നീലച്ചുട്ടിയും കീഴ് ഭാഗത്തായി ചുവന്ന പാടുകളും ഉണ്ടാകും. മുള്ളിലവ്, കാട്ട് റബ്ബർ, തുടലി, നാരകം തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

കൂനംപള്ള

17

നമ്മുടെ സംസ്ഥാന ചിത്രശലഭമാണ് ബുദ്ധമയൂരി. മയിലിന്റെ വർണ്ണം ഉള്ളതിനാലാണ് ഇവക്ക് ഈ പേരു വന്നത്. ഭംഗിയേറുന്ന വിധത്തിൽ തിളങ്ങുന്ന പച്ചനിറം ഇരുണ്ട നീലനിറത്തിൽ കലർന്ന കറുപ്പ കലർന്നതുമായി ചിറകിന്റെ മദ്ധ്യത്തിൽ ഒരു പട്ട കാണാം പിൻ ചിറകിൽ നീണ്ട ചെറുവാലുണ്ടാകും. അവസാനത്തിൽ കറുത്ത പുള്ളിക്കുത്തും അതിനെ പറ്റി ചുവന്ന നിറവും കാണാം. മുള്ളിലവ് ലാർവ ഭക്ഷണ സസ്യമാണ്.

മഞ്ഞളാംപുറം



**ബുദ്ധമയൂരി**
Malabar Banded Peacock / Papilio buddha

**മഞ്ഞ തകര മുത്തി**
Common Emigrant / Catopsilia pomona



18


നാട്ടിൻ പുറങ്ങളിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നു. ക്രീം കളർ മുതൽ മഞ്ഞ കളർ വരെ ഉള്ളവയെ കാണാറുണ്ട്. കൊന്നവർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളിൽ കൂട്ടത്തോടെ പറന്നുകളിക്കുന്നതും മുട്ടകൾ നിക്ഷേപിക്കുന്നതും കാണാം. കണിക്കൊന്ന, ആനത്തകര, ചമത, മഞ്ഞത്തകര തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

കേളകം

19

ദേശാടനം നടത്തുന്ന ഒരു പൂമ്പാറ്റയാണ് തകരമുത്തി. മിക്കവാറും ചെറു കൂട്ടങ്ങളായാണ് ഇവ സഞ്ചരിക്കുന്നത്. വളരെ ഉയരത്തിൽ ഇവ പറക്കാറില്ല. തകരമുത്തിയുടെ നിറം വെള്ളയോ പച്ചകലർന്ന വെള്ളയോ ആണ്. ചിറകുകളിൽ തവിട്ട് പുള്ളികൾ കാണാറുണ്ട്. കണിക്കൊന്ന, ആനത്തകര, ചമത, അകത്തി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൂക്കുണ്ട്



**തകരമുത്തി**
Mottled Emigrant / Catopsilia pyranthe

**മുപ്പൊട്ടൻ മഞ്ഞപാപ്പാത്തി**
Three-spot Grass Yellow/ Eurema blanda



20

ഇന്ത്യയിൽ കാണപ്പെടുന്ന ചെറു ശലഭങ്ങളിൽ ഒന്നാണിത്. ഒരേ സമയം കൂടുതൽ മുട്ടകൾ ഇടാറുണ്ട്. ശലഭ പുഴുവിന് പച്ചനിറമാണ്, അടുത്തടുത്ത് ശലഭക്കൂടുകൾ ആവുന്ന ഇവ കൂട്ടത്തോടെ തന്നെയാണ് വിരിഞ്ഞിറങ്ങുന്നത്. കണിക്കൊന്ന, കാട്ടുകഴിഞ്ചി, വാക, തകര വിഭാഗത്തിലെ സസ്യങ്ങൾ തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

നരിക്കടവ്

**21**

ഇന്ത്യയിലെ ഏറ്റവും സാധാരണ ശലഭമായ മഞ്ഞപാപ്പാത്തിയെ സദാസമയവും പുല്ലുകൾക്കിടയിൽ തത്തിപ്പാറി നടക്കുന്നതായി കാണാം. മഞ്ഞ ചിറകുകൾക്ക് ഉപരി ഭാഗത്ത് കറുത്ത വരകൾ ഉണ്ട്. മുൻ ചിറകിന്റെ അടിവശത്തായി കറുത്ത ചെറിയ പൊട്ടുകളും കാണാം. കണിക്കൊന്ന, കാട്ടുകഴിഞ്ചി, വാക, പതിമുഖം, തകര വിഭാഗത്തിലെ സസ്യങ്ങൾ തുടങ്ങിയവ ലാർവ ഭക്ഷണ സസ്യമാണ്.

അടക്കാത്തോട്



**മഞ്ഞ പാപ്പാത്തി**
Common Grass Yellow/ Eurema hecabe

**വിലാസിനി**
Common Jezebel / Delias eucharis



**22**

വിലസി നടക്കുന്നവൾ എന്ന അർത്ഥത്തിലാണ് വിലാസിനി എന്ന പേരുവന്നത്. വന പ്രദേശത്തും നാട്ടിൻപുറങ്ങളിലും കണ്ടുവരുന്നു. ചിറകുകൾ പൊതുവേ വെളുത്തതോ ഇളം നീലകലർന്ന വെളുപ്പോ ആണ്. ചിറകിന്റെ ഉപരിഭാഗത്ത് ഇളം പിങ്ക് നിറത്തിൽ ഉള്ള പൊട്ടുകൾ കാണാം. ഇവയെ അനുകരിക്കുന്ന മറ്റൊരു പൂമ്പാറ്റയാണ് ചോല വിലാസിനി.

ശാന്തിഗിരി

## 23

ഇന്ത്യയിലും ശ്രീലങ്കയിലും മാത്രം കാണപ്പെടുന്നു. കേരളത്തിൽ അപൂർവ മായി വനപ്രദേശത്ത് കണ്ടുവരുന്നു. ഒറ്റയ്ക്കോ കൂട്ടമായോ കാണാം. വിലാസിനി എന്ന ഇനം ചിത്രശലഭവുമായി വളരെ സാദൃശ്യം ഇവക്കുണ്ട്. അതുകൊണ്ട് തന്നെയാണ് ഇവയെ ചോലവിലാസിനി എന്നുവിളിക്കുന്നത്. കപ്പാരേസിയ (Capparis) കുടുംബത്തിൽ പെടുന്ന സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യമാണ്.

വളയംചാൽ



**ചോല വിലാസിനി**
Painted Swatooth / Prioneris sita

**കാട്ടുപാത്ത**
Lesser Gull/ Cepora nadina



## 24

അപൂർവമായി കണ്ടുവരുന്ന ഈ ശലഭം വന്യജീവി സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു. മിക്കപ്പോഴും കാട്ടിനുള്ളിൽ വസിക്കുന്നു. മഴക്കാലത്തിന് ശേഷം ധാരാളമായി കണ്ടുവരുന്നു. വളഞ്ഞ് പുളഞ്ഞ് ആണ് ഇവയുടെ പറക്കൽ. താരതമ്യേന വേഗത കുറഞ്ഞാണ് ഇവ പറക്കുന്നത്.

രാമച്ചി

25

കേരളത്തിൽ പശ്ചിമ ഘട്ടത്തിലുള്ള മലനിരകളിലും സമീപ സ്ഥലമായ കുറ്റിക്കാടുകളും അരുവിയോരങ്ങളിലും മഞ്ഞുകാലത്തിന്റെ ആരംഭത്തോടെ ധാരാളമായി കാണപ്പെടുന്നു. കേളകം പഞ്ചായത്തിന്റെ വനാതിർത്തിയിൽ നവംബർ, ഫെബ്രുവരി മാസങ്ങളിൽ ധാരാളം ചിത്രശലഭങ്ങൾ ദേശാടനത്തിൽ ഏർപ്പെട്ടി രിക്കുന്നതായി കാണാം.

വളയംചാൽ



**ആൽബട്രോസ്**
Common Albatross / Appias albina

**ചോക്ളേറ്റ് ആൽബട്രോസ്**
Chocolate Albatross / Appias lyncida



26

ചിറകിന്റെ അരിക് വശം കറുപ്പോ, ചോക്ലേറ്റ് തവിട്ട് നിറമോ ആണ്. ചെറു അരുവികളടെ തീരങ്ങളിലും കുറ്റിക്കാടുകളിലും കാണപ്പെടുന്നു. നീർമാതളം എന്ന സസ്യം കാണുന്ന പ്രദേശങ്ങളിൽ കൂട്ടത്തോടെ കാണപ്പെടുന്നതിനാൽ നീർമാതള ശലഭം എന്നറിയപ്പെടുന്നു. ദേശാടനത്തിൽ ഏർപ്പെടുന്ന ശലഭമാണ്.

വളയംചാൽ

27

പശ്ചിമഘട്ടത്തിൽ കാണപ്പെടുന്ന ശലഭമാണ്. കേരളത്തിൽ വിരളമായി കാണപ്പെടുന്നു. മഴക്കാടുകളാണ് പ്രധാന താവളം. ശരവേഗത്തിലാണ് ഇവയുടെ പറക്കൽ. വിശ്രമമില്ലാതെ ഏറെ നേരം പറക്കാനുള്ള കഴിവുണ്ട്. ആൽബട്രോസ് ശലഭത്തിന്റെ ദേശാടനത്തിനൊപ്പം ഇവയുടെ സാന്നിദ്ധ്യവും രേഖപ്പെടുത്തിയിട്ടുണ്ട്.

അടക്കാത്തോട്



**പുള്ളി ആൽബട്രോസ്**
Lesser Albatross/ Appias wardii

**പൊട്ടു വെള്ളാട്ടി**
Psyche / Leptosia nina



28

സാധാരണ പുൽച്ചെടികളിൽ കാണപ്പെടുന്ന ഒരു ശലഭമാണ് പൊട്ടുവെള്ളാട്ടി. ആരെങ്കിലും ഈ ശലഭത്തെ ഉപദ്രവിക്കാൻ ശ്രമിച്ചാൽ അവ ചത്തതുപോലെ കിടന്ന് ശത്രുവിനെ കബളിപ്പിക്കും. ഇംഗ്ലീഷിൽ സൈക്കി എന്നാണ് ഇതിനെ വിളിക്കുന്നത്. റോമൻ പുരാണത്തിലെ ഒരു സുന്ദരിയുടെ പേരാണ് സൈക്കി.

കണ്ടംതോട്

## 29

ഉയരം കൂടിയ വരണ്ട പ്രദേശങ്ങളിൽ സാധാരണ കാണപ്പെടുന്ന ഒരു ശലഭമാണ് മഞ്ഞ ചെഞ്ചിറകൻ. വളരെ മനോഹരമായ ഒരു ശലഭമാണിത്. കുന്നുകളിലും മുൾക്കാടുകളിലും ഇതിനെ കാണാറുണ്ട്. മഞ്ഞ നിറമുള്ള ഈ ശലഭത്തിന് മുൻ ചിറകുകകളുടെ അരികിൽ കറുത്ത വരകൾക്ക് ഓറഞ്ച് നിറമുള്ള പൊട്ടുകളുണ്ട്.

വെള്ളൂന്നി



**മഞ്ഞച്ചെഞ്ചിറകൻ**
Yellow Orange-tip/ Ixias pyrene

**നാടോടി**
Common Wanderer/ Pareronia hippia



## 30

കാടുകൾക്കിടയിലും മരങ്ങൾ നിറഞ്ഞ പ്രദേശങ്ങളിലും കാണുന്നു. ആകാശ നീല ചിറകുകളിൽ കറുത്ത വരകൾ കാണാം. എവിടെയും അധിക സമയം ചില വഴിക്കാതെചുറ്റിക്കൊണ്ടിരിക്കുന്നതിനാലാണ് ഇവയെ നാടോടി ശലഭം എന്ന് അറിയപ്പെടുന്നത്. ഇവയുടെ പെൺ ശലഭങ്ങൾ നീലകടുവ ശലഭങ്ങളെ അനുകരിക്കാറുണ്ട്.

വെള്ളൂന്നി

31

**പീ**റിഡെ കുടുംബത്തിലെ ഏറ്റവും വലിയ ശലഭം. മുൻചിറകിന്റെ അരികിൽ ഓറഞ്ച് നിറത്തിൽ ഉള്ള ചുട്ടികൾ കാണാം. ചിറകുകളുടെ അടിഭാഗം മങ്ങിയ തവിട്ടുനിറം, ചെളിയൂറ്റലിൽ ഏർപ്പെടാറുണ്ട്. ആൽബട്രോസ് ശലഭങ്ങളുടെ കൂടെ ദേശാടനത്തിന് ഇവയെയും നിരീക്ഷിച്ചിട്ടുണ്ട്.

മഞ്ഞളാംപുറം



**വൻചെഞ്ചിറകൻ**
Great Orange -tip/ Hebomoia glaucippe

**മുളങ്കാടൻ**
Southern Duffer/ Discophora lepida



32

**പ**ശ്ചിമഘട്ട മേഖലയിലെ മുളംകാട്ടിൽ കണ്ടുവരുന്നു. ചിറകിന്റെ ഉപരിഭാഗം ഇരുണ്ട തവിട്ട് നിറമായിരിക്കും. ആൺ ശലഭത്തിന് മുൻ ചിറകിൽ നീലകലർന്ന വെളുത്ത പൊട്ടുകൾ ഉണ്ട്. പിൻ ചിറകിൽ മഞ്ഞപൊട്ടുകളും ചിറകുകളുടെ അടിവശം മഞ്ഞ കലർന്ന മങ്ങിയ തവിട്ടുനിറമാണ്.

നാനാനിപൊയിൽ

33

കേരളത്തിൽ എല്ലായിടത്തും കണ്ടുവരുന്നു. അലങ്കാര പന, തെങ്ങ്, കമുക് എന്നിവയുടെ ഇലകളിൽ മുട്ടയിടുന്നതിലാവാം ഇവക്ക് ഓലക്കണ്ടൻ എന്ന പേര് വന്നിരിക്കുന്നത്. ഇവയുടെ പെൺശലഭങ്ങൾ എരിക്കുതപ്പി, വരയൻകടുവ, ചൊട്ട ശലഭത്തിന്റെ പെൺശലഭം തുടങ്ങിയവയെ അനുകരിക്കുന്നു.

നരിക്കടവ്



**വാലൻ ഓലക്കണ്ടൻ**
Tailed Palmfly/ Elymniaas caudata

**കരിയില ശലഭം**
Common Evening Brown/ Melanitis leda



34

താഴ്ന്ന് പറക്കുന്ന സ്വഭാവമാണ് ഇവക്ക് ചിറകിന്റെ അടിഭാഗത്തെ വരകൾ മാറിമാറി വരാറുണ്ട്. ചിറകിന്റെ അരികുകളിലുള്ള ആകൃതി പ്രത്യേകത ഉള്ളതാണ്. രാത്രികാലങ്ങളിൽ നിശാശലഭങ്ങളോടൊപ്പം വീടുകളിലെ ലൈറ്റിന് ചുറ്റും പാറി നടക്കുന്നത് സാധാരണയാണ്.

പാലുകാച്ചി

35

ഒരു രോമപാദ ശലഭമാണ് ഇരുളൻ കരിയില ശലഭം. കരിയില ശലഭത്തോട് ഇവയ്ക്ക് സാമ്യതയെറേയാണ്. അധികം ഉയരത്തിൽ പറക്കാറില്ലാത്ത ഇവർ നിലത്തോട് ചേർന്നാണ് പറക്കാറുള്ളത്. ഇഞ്ചിപ്പുല്ല് ഇതിന്റെ ലാർവ ഭക്ഷണ സസ്യമാണ്.

📍📷 പൂവത്തിൻചോല



## ഇരുളൻ കരിയില ശലഭം
Dark Evening Brown/ Melanitis phedima

## മരന്തവിടൻ
Tamil Treebrown/ Lethe drypetis



36

മുളം കാടുകളിലും പരിസര പ്രദേശങ്ങളിലും കാണുന്ന ശലഭമാണിത്. തവിട്ട് കലർന്ന കറുത്ത ചിറകിൽ താഴെ ഭാഗത്ത് ഏതാനും വലിയ കൺപൊട്ടുകൾ കാണാം. മുകൾ ചിറകിൽ ചെറിയ കൺപൊട്ടുകൾ ഉണ്ട്. ജൈവാവശിഷ്ടങ്ങളിൽ ചെന്നിരിക്കുന്ന ഇവ പൂക്കളിൽ തേൻ കുടിക്കാൻ എത്താറില്ല. മുളവർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

📍📷 ഇരട്ടത്തോട്

37

പൊന്തത്തവിടൻ ശലഭങ്ങളുടെ രൂപം തന്നെയാണ് ഇവയ്ക്കെങ്കിലും മുൻ ഭാഗത്തെ ചിറകിന് ഒരു വെള്ളവര കുറുകെ പോകുന്നുന്നുണ്ട്. നിലംപറ്റിയാണ് അധികവും പറക്കുന്നത്. വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിൽ ഈ ശലഭത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. മുളവർഗത്തിൽ പെട്ട സസ്യങ്ങളുടെ പരിസര പ്രദേശങ്ങളിൽ ഇവയെ കാണാം.

📍📷 നാനാനിപ്പൊയ്യ



**പുള്ളിത്തവിടൻ**
White-bar Bushbrown/ Mycalesis anaxias

**പൂങ്കണ്ണി**
Glad-eye Bushbrown/ Mycalesis



38

പശ്ചിമഘട്ടത്തിന്റെ തനത് ശലഭമാണിത്. ഇലപൊഴിയും കാടുകളും മുളങ്കാടുകളും ആണ് ഇവയുടെ ആവാസ വ്യവസ്ഥ. തവിടൻ ശലഭങ്ങളിൽ ഏറ്റവും സാവധാനം പറക്കുന്ന ശലഭമാണിത്. പൊതുവെ താഴ്ന്നാണ് പറക്കുന്നത്. മുൻ ചിറകിൽ കണ്ണിന്റെ ആകൃതിയിൽ ഒരു വലിയ പൊട്ടുണ്ട്. പുല്ല് വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

📍📷 വെള്ളൂന്നി

39

പൊന്തത്തവിടൻ ശലഭത്തോട് വളരെയേറെ സാമ്യമുള്ളവയാണിത്. വർഷത്തിൽ മുഴുവൻ സമയവും ഇവയെ കാണാനാകും. പുൽച്ചെടികളുടെയും കുറ്റിച്ചെടികളുടെയും ഇടയിലൂടെ പറന്ന് നടക്കാനാണ് താല്പര്യം. വേനൽകാലത്ത് ചിറകിന്റെ നിറങ്ങളും കൺപൊട്ടുകളും മങ്ങിയിരിക്കും. പുല്ല് വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

വെള്ളൂന്നി



**ഇരുവരയൻ തവിടൻ**
Dark-banded Bushbrown/ Mycalesis mineus

**പൊന്തത്തവിടൻ**
Common Bushbrown / Mycalesis perseus



40


കാടുകളിലും നാട്ടിൻപുറങ്ങളിലും ഒരുപോലെ കാണപ്പെടുന്ന ശലഭം. പൂന്തേൻ നുകരാത്ത ഇവ അധികവും തണലിൽ കഴിയാനാണ് ഇഷ്ടപ്പെടുന്നത്. ചീഞ്ഞ് അഴുകുന്ന പഴങ്ങളിലും ജൈവാവശിഷ്ടങ്ങളിലും ഇരുന്ന് ലവണമുണ്ണുന്നത് കാണാം. ചിത്രത്തിലുള്ളത് വേനൽ സമയത്തുള്ള ചിത്രമാണ്. ആ സമയത്ത് ഇവയുടെ ചിറകിന്റെ അടയാളം മങ്ങിയിരിക്കും. പുല്ല് വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യമാണ്.

കരിയംകാപ്പ്

41

നിഴൽ വീണുകിടക്കുന്ന കരിയിലകൾക്കിടയിലും അടുക്കള തോട്ടങ്ങളിലും ഒക്കെ സാധാരണയായി കാണാം. കറുപ്പിനോടടുത്ത ഇരുണ്ട തവിട്ട് നിറമുള്ള ചിറകിൽ തെളിഞ്ഞുകാണാവുന്ന വെളുത്ത വരയുണ്ട്. ഈ വെളുത്ത വരയ്ക്കും ചിറകരികിനും ഇടയിൽ അഞ്ച് കൺപൊട്ടുകൾ ഉണ്ട്. മുൻ ചിറകിൽ രണ്ടെണ്ണവും പിൻ ചിറകിൽ മൂന്നെണ്ണവും. പുല്ല് വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യമാണ്.

ഇരട്ടത്തോട്



**കറുപ്പൻ**
Medus Brown/ Orsotriaena medus

**പഞ്ചനേത്രി**
Common Five-ring/ Ypthima baldus



42

വനപ്രദേശങ്ങളോട് ചേർന്നാണ് പഞ്ചനേത്രിയെ കാണാറുള്ളത്. ചിറകിന് അഞ്ച് കണ്ണുകൾ പോലെയുള്ളതിനാലാണ് ഇവയെ പഞ്ചനേത്രി എന്ന് വിളിക്കുന്നത്. മുൻ ചിറകിൽ സുവർണ പൊട്ടുകളും പിൻ ചിറകിൽ മൂന്ന് ജോഡി ചെറിയ പൊട്ടുകളും ഉണ്ട്. സീസണുകൾ അനുസരിച്ച് ഈ പൊട്ടുകളിൽ മാറ്റം കാണാറുണ്ട്. പുല്ല് വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യമാണ്.

കണ്ടംതോട്

43

നിലത്തോട് ചേർന്ന് തുള്ളിപ്പറക്കുന്ന സ്വഭാവമുള്ള ശലഭമാണ് ഇവ. പിൻ ചിറകുകളിൽ പൂർണമായി കാണാവുന്ന നാല് ചെറിയ പൊട്ടുകൾ. മൂന്നെണ്ണം അടുത്തടുത്ത് നിൽക്കും. ഒന്ന് അല്പം മാറിയും. വേനൽകാലത്ത് ഈ പൊട്ടുകൾ അവ്യക്തമാകും. പൂക്കളിൽ തേൻ കുടിക്കാൻ എത്താറുണ്ട്. ചിറകുകൾ ഭാഗികമായി തുറന്ന് വെയിൽ കായാറുണ്ട്. പുല്ല് വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യമാണ്.

അടക്കാത്തോട്



**നാൽക്കണ്ണി**
Common Four-ring / Ypthima huebneri

**പൂച്ചക്കണ്ണി**
Tamil Catseye/ Zipaetis saitis



44

പശ്ചിമഘട്ടത്തിലെ തനത് ശലഭമാണിത്. മഴക്കാടുകളിലെ നനവാർന്ന പ്രദേശങ്ങളിൽ കാണപ്പെടുന്നു. കറുത്ത ചിറകിലെ വീതിയേറിയ വെളുത്ത വരകൾ ഇവയെ എളുപ്പം തിരിച്ചറിയാൻ സഹായിക്കും. ഈറ്റ വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യമാണ്.

നാനാനിപൊയിൽ

45

**അ**പൂർവമായി കാണുന്ന ചിത്രശലഭങ്ങളിൽ ഒന്നാണ് ചിത്രാംഗദൻ. മഴക്കാടുകളിലും വനപ്രദേശങ്ങളിലും പൊതുവെ കാണപ്പെടുന്നു. വന്യജീവി സംരക്ഷണ നിയമത്തിലെ രണ്ടാം പട്ടികയിൽ ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നു. ആമത്താളി മരത്തിൽ (Trema Orientalis) ആണ് ഇവ മുട്ടയിടുന്നത്.

പാലുകാച്ചി



**ചിത്രാംഗദൻ**
Painted Courtesan / Euripus consimilis

**കരിരാജൻ**
Black Prince / Rohana parisatis



46

**ഒ**രു രോമപാദ ചിത്രശലഭമാണ് കരിരാജൻ. പേര് പോലെ തന്നെ ഇവയുടെ ആൺശലഭങ്ങൾക്ക് ചിറക് വിടർത്തി ഇരുന്നാൽ കറുത്ത നിറമാണുള്ളത്. പെൺ ശലഭങ്ങൾക്ക് തവിട്ട് കലർന്ന ഓറഞ്ച് നിറമാണുള്ളത്. പൂച്ചക്കുരുമരം ലാർവ ഭക്ഷണ സസ്യമാണ്.

ഇരട്ടത്തോട്

**47**

കുറ്റിക്കാടുകൾക്കിടയിലും പൊന്തകൾക്കിടയിലും പറന്നു നടക്കുന്ന ശലഭമാണിത്. മുൻ ചിറകിന്റെ മുകൾഭാഗത്ത് ഓരോ വെള്ള പൊട്ടുണ്ട്. ചിറകരികിന്റെ ആകൃതിയുടെ വിത്യാസമാണ് ചിത്രകനെയും ആവണ ച്ചോപ്പനെയും തമ്മിൽ തിരിച്ചറിയുന്നത്. തങ്ങളുടെ അധീന പ്രദേശത്തേക്ക് എത്തുന്ന മറ്റു ശലഭങ്ങളെ ആട്ടിപ്പായിക്കുന്നത് ഇവയുടെ പ്രത്യേകതയാണ്. ആവണക്ക്, വള്ളിക്കൊടിത്തൂവ എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

കരിയംകാപ്പ്



**ചിത്രകൻ**
Angled Castor/Ariadne ariadne

**ആവണച്ചോപ്പൻ**
Common Castor / Ariadne merione



**48**

ചിത്രകൻ ശലഭത്തിനോട് ഏറെ സൗന്ദര്യമുള്ള ഈ ശലഭത്തിന്റെ ചിറകിന് തുരുമ്പിച്ച തവിട്ട് നിറമാണ്. മുൻ ചിറകിന്റെ മുൻവശത്ത് ഓരോ വെളുത്ത ചെറിയ പാട് കാണാം. ചിറകിന് അടിവശത്ത് കൂടുതൽ ഇരുണ്ട നിറമാണ്. ആവണക്ക്, വള്ളിക്കൊടിത്തൂവ എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൊയ്യമല

49

വന പ്രദേശങ്ങളിൽ ധാരാളമായി കാണപ്പെടുന്ന ശലഭമാണ്. പലപ്പോഴും ചാണകത്തിലോ മൃഗങ്ങളുടെ കാഷ്ഠങ്ങളിലോ ചീഞ്ഞഴുകിയ അവശിഷ്ടങ്ങളിലോ വന്നിരിക്കുന്നത് കാണാം. ചിറകുകൾ മടക്കിയാൽ ഇളം മഞ്ഞ കലർന്ന പച്ച നിറത്തിൽ വീതിയുള്ള പട്ട കാണാം. അതേ നിറത്തിലുള്ള ഒരു പൊട്ടുമുണ്ട്. മഞ്ചാടി, കഴഞ്ചി, ഇഞ്ച, വാക, കരിങ്ങാലി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങൾ.

📍 📷 രാമച്ചി



**നവാബ്**
Common Nawab/ Charaxes bharata

**ചെമ്പഴകൻ**
Tawny Rajah / Charaxes psaphon



50

കാടുകളിൽ മാത്രം കണ്ടുവരുന്ന ഒരപൂർവ ശലഭമാണിത്. ചിറകിന് ഉപരിഭാഗം പൊൻ തവിട്ട് നിറമാണ്. മുൻചിറകിന്റെ പകുതിയോളം വ്യാപിച്ചു കിടക്കുന്ന വീതിയേറിയ കറുത്ത വരയുണ്ട്. പെൺ ശലഭത്തിന് കറുത്ത വരയോട് ചേർന്ന വീതിയേറിയ വെളുത്ത വരകൂടിയുണ്ട്. ചിറകിനടിവശം തവിട്ട് നിറമാണ്. പുളി, കാനക്കൈത, മഞ്ചാടി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങൾ.

📍 📷 മാങ്കുളം

**51**

വന്യജീവി സംരക്ഷണ നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ശലഭമാണിത്. വിസ്മയിപ്പിക്കുന്ന അഴകും പ്രൗഢിയുമുള്ള ഈ ശലഭം വളരെ ഉയരത്തിലും വേഗത്തിലും പറക്കാറുണ്ട്. ഇതുകൊണ്ട് ഇവയെ നിരീക്ഷിക്കുന്നതിന് പ്രയാസമുണ്ട്. നീലനിറത്തിന്റെ ചന്തം ഏറെ ആവാഹിക്കുന്ന ഒരു ചിത്രശലഭമാണിത്. വള്ളിമന്ദാരം, മഞ്ചാടി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങൾ.

രാമച്ചി



## നീല നവാബ്
Blue Nawab / Charaxes Schreiber

## പുളിയില ശലഭം
Black Rajah/ Charaxes solon



**52**

അഴുകിയ ജൈവ അവശിഷ്ടങ്ങളിലാണ് ഇവ ഭക്ഷണം തേടുന്നത്. മരങ്ങളുടെ കായ്കളിൽ നിന്നും തടികളിൽ നിന്നും നീര് വലിച്ചുകുടിക്കുന്ന സ്വഭാവമുണ്ട്. വിശ്രമിക്കുന്നത് ഉയരമുള്ള ഇലത്തലപ്പുകളിലാണ്. അടുത്ത് വരുന്ന മറ്റ് പൂമ്പാറ്റകളെ ചിറക് വെച്ച് അടിച്ചോടിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കാട്ടുകഴിഞ്ഞി, പുളി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങൾ.

വെള്ളൂന്നി

53

ഈ ശലഭത്തിന്റെ ചിറകുകൾ ഒറ്റ നോട്ടത്തിൽ ഭൂപടം കീറിയതുപോലെ തോന്നും. വെണ്ണക്കട ലാസുപോലെ ലോലമായ വെളുത്ത ചിറകുകളിൽ ഭൂപടം വരച്ച് വെച്ചതുപോലെയുള്ള ഇരുണ്ട വരകൾ കാണാം. കാട്ടുചോലക്ക് അരികിൽ സാവധാനം ഒഴുകിപ്പറന്നു നടക്കുന്ന ശലഭം. കൂടുതൽ സമയവും ചിറകടിക്കാതെ, നിവർത്തിപ്പിടിച്ച് ഇരിക്കുന്ന സ്വഭാവമാണ് ഈ ശലഭത്തിന് ആൽവർഗ സസ്യങ്ങളാണ് ലാർവ ഭക്ഷണ സസ്യം

വെള്ളൂന്നി



**ഭൂപട ശലഭം**
Common Map/ Cyrestis thyodamas

**തീച്ചിറകൻ**
Tawny Coster / Acraea terpsicore



54

തുറസ്സായ സ്ഥലത്തിലും പാതയോരങ്ങളിലും കാണപ്പെടുന്നു. മഴ കഴിഞ്ഞുള്ള മാസങ്ങളിലാണ്. കൂടുതലായി കാണപ്പെടുന്നത്. തീച്ചിറകൻ എന്ന പേര് സൂചിപ്പിക്കും വിധം ചിറകുകൾക്ക് തീജ്വാല നിറമാണ്. പാഷൻ ഫ്രൂട്ട്, മുതുക്ക്, കാട്ടുപൂവരശ് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

അടക്കാത്തോട്

55

പശ്ചിമഘട്ടത്തിലെ തനത് ശലഭമാണിത്. വന പ്രദേശങ്ങളിലും കാവുകളിലും പച്ചത്തുരുത്തുകളിലും സാധാരണയായി കണ്ടുവരുന്ന ശലഭമാണ് മരോട്ടി ശലഭം. വെയിലിന്റെ ചൂട് കൂടുന്നതോടെ തണൽ തേടി ഇലകളുടെ അടിയിൽ വന്നിരിക്കുന്ന സ്വഭാവക്കാരാണ്. മഡ് പഡ്ലിങ്ങിൽ ഏർപ്പെടാറുണ്ട്. മരോട്ടി, കാട്ടുമരോട്ടി മരങ്ങളിലാണ് മുട്ടയിടുന്നത്.

രാമച്ചി



**മരോട്ടി ശലഭം**
Tamil Yeoman/Cirroch roa thais

**വയങ്കതൻ**
Rustic / Cupha erymanthis



56

നാട്ടിൻ പുറങ്ങളിലും വന പ്രദേശങ്ങളിലും കാവുകളിലും എല്ലാ കാലത്തും ധാരാളമായി കാണപ്പെടുന്ന ഒരു ശലഭമാണിത്. വെയിൽ വീഴുന്ന കാട്ടുപാതകളിൽ പറന്നു നടക്കുന്നു. ഇവ വിശ്രമിക്കുന്നത് പൊതുവെ തണലിലാണ്. വളരെ താഴ്ന്ന് പറക്കുന്നവരാണ് ഇക്കൂട്ടർ. വയങ്കത മരത്തിൽ മുട്ടയിടുന്നതിനാലാണ് ഇവക്ക് വയങ്കതൻ എന്ന പേര് വന്നത്.

പാലുകാച്ചി

57

വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ശലഭമാണ് ചെറുപുലിത്തെയ്യൻ. 1972ലെ വന്യ ജീവി സംരക്ഷണ നിയമത്തിൽ ഈ ശലഭത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേളകം പഞ്ചായത്തിൽ കാടിനോട് ചേർന്ന പ്രദേശങ്ങളിലാണ് ഇവയെ കണ്ടെത്തിയത്. അരുവികളോട് ചേർന്ന് ഇവയെ കൂട്ടത്തോടെ നിരീക്ഷിച്ചിട്ടുണ്ട്.

ശാന്തിഗിരി



**ചെറുപുലിത്തെയ്യൻ**
Small Leopard/ Phalanta alcippe

**പുലിത്തെയ്യൻ**
Common Leopard/ Phalanta phalantha



58

ഇലപൊഴിയും കാടുകളിലും മുൾക്കാടുകളിലും വന പ്രദേശങ്ങളിലും ഇടനാടൻ കുന്നിൻ പ്രദേശങ്ങളിലും കാണപ്പെടുന്നു. ദ്രുതഗതിയിൽ പാറി നടക്കുന്ന കുറുമ്പൻ ശലഭമാണിത്. ദേശാടന സ്വഭാവം പുലർത്താറുണ്ട് ഈ ശലഭങ്ങൾ. കരിമുള്ള്, വയങ്കത, കരിയിലാഞ്ചി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ശാന്തിഗിരി

59

നിത്യഹരിത വനങ്ങളിൽ മഴക്കാലത്താണ് ഈ മനോഹര ശലഭത്തെ കണ്ടുവരുന്നത്. കൊങ്ങിണിപ്പൂക്കളോട് പ്രത്യേക പ്രതിപത്തിയുള്ള സുവർണ്ണശലഭം മാംസഭുക്കുകളുടെ കാഷ്ഠത്തിൽ മതിമറന്നിരിക്കുന്ന സ്വഭാവക്കാരാണ്. തവിട്ട് കലർന്ന ചുവപ്പ് നിറമുള്ള ചിറകുകളുടെ മധ്യഭാഗത്തിന് ഓറഞ്ച് നിറമാണ് ആൺ ശലഭങ്ങൾക്ക്.

മാങ്കുളം



**സുവർണ്ണ ശലഭം (Male)**
Cruiser / Vindula erota

**സുവർണ്ണ ശലഭം (Female)**
Cruiser / Vindula erota



59

സുവർണ ശലഭത്തിന്റെ പെൺശലഭത്തിന്റെ ചിത്രമാണിത്. പച്ചകലർന്ന മഞ്ഞ നിറമാണ് പെൺ ശലഭങ്ങൾക്ക്. മുതുക്ക്, പാഷൻ ഫ്രൂട്ട് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പാലുകാച്ചി

60

**ക**രിയില നിറത്തോട് ചേർന്ന് നിൽക്കുന്നതിനാൽ കണ്ടെത്താൻ പ്രയാസമാണ് ഇവയെ. അധികവും നിലംപറ്റിയാണ് സഞ്ചരിക്കുന്നത്. വന്യജീവി സംരക്ഷിത നിയമത്തിലെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തി ഇവയെ സംരക്ഷിച്ചിട്ടുണ്ട്. ഇല്ലി വിഭാഗത്തിൽ പെട്ട ചെടിയാണ് ഇവയുടെ ലാർവ ഭക്ഷണസസ്യം.

രാമച്ചി



**വൻകരിയില ശലഭം**
Great Evening Brown/ Melanitis zitenius

**ഗദച്ചുണ്ടൻ**
Club Beak/ Libythea myrrha



61

**കേ**രളത്തിലെ പശ്ചിമ ഘട്ടങ്ങളിൽ കാണപ്പെടുന്ന ഒരു ശലഭമാണ് ഗദച്ചുണ്ടൻ. കലഹപ്രിയനായ ഒരു ശലഭമാണിത്. ഉണങ്ങിയ ഇലകളോട് നിറസാദൃശ്യമുള്ളതിനാൽ കരിയിലയിലിരുന്നാൽ കണ്ടെത്താൻ പ്രയാസമാണ്. വളരെ വേഗത്തിലാണ് ഇവയുടെ പറക്കൽ. ഓമസസ്യം ലാർവ ഭക്ഷണ സസ്യമാണ്.

വളയംചാൽ

62

വന്യജീവി സംരക്ഷണ നിയമത്തിൽ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയ ശലഭമാണിത്. മങ്ങിയ പച്ച നിറത്തിൽ ഉള്ള ചിറകുകളുടെ മുകൾ ഭാഗത്തിന് നടുവിലായി ഓരോ ചുവന്ന പൊട്ടുകൾ കാണാം. കശുമാവ് ഇലകൾ ആണ് ലാർവ ഭക്ഷണ സസ്യം.

വെള്ളൂന്നി



**കനിരാജൻ**
Redspot Duke / Dophla evelina

**കനിത്തോഴൻ**
Common Baron/ Euthalia aconthea



63

പഴങ്ങളുടെ മുകളിലിരുന്ന് ലവണ മൂറ്റുന്നതിലാകാം മലയാളത്തിൽ പഴങ്ങളുടെ കൂട്ടുകാരൻ എന്ന അർത്ഥത്തിൽ കനിത്തോഴൻ എന്നറിയപ്പെടുന്നത്. കശുമാവ്, മാവ് എന്നിവയാണ് ലാർവയുടെ പ്രധാന ഭക്ഷണ സസ്യങ്ങൾ.

മാങ്കുളം

64

വന്യജീവി സംരക്ഷണ നിയമത്തിൽ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തിയ ശലഭമാണിത്.
അത്ര സാധാരണ മല്ലാത്തതിനാൽ ഇവയെ കാണുക പ്രയാസമുള്ള കാര്യമാണ്.
ഇത്തിൾകണ്ണി ചെടിയാണ് ഇവയുടെ ലാർവ ഭക്ഷണ സസ്യം.

ശാന്തിഗിരി



**കനിവർണ്ണൻ**
Gaudy Baron/ Euthalia lubentina

**പേഴാളൻ**
Grey Count/ Tanaecia lepidea



65

ഇരുണ്ട തവിട്ടു നിറത്തിലുള്ള കീഴ് ചിറകിന്റെ പിൻഭാഗത്ത് ചന്ദ്രക്കല പോലെയുള്ള വെള്ള നിറം കാണപ്പെടുന്നു.
പേഴ് മരത്തിലാണ് മുട്ടയിടുന്നത്.
അതിനാലാണ് ഇവയെ പേഴാളൻ എന്ന് വിളിക്കുന്നത്. കേരളത്തിൽ സാധാരണമെങ്കിലും ഇവയെ 1972ലെ ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

കേളകം

66

ഒരു രോമപാദ ശലഭമാണ് കളർ സർജന്റ്. ആൺ ശലഭങ്ങളെക്കാൾ തികച്ചും വ്യത്യസ്ത കളറിലാണ് പെൺ ശലഭത്തെ കാണുന്നത്. നരിവരയൻ ശലഭങ്ങളുമായി ഇവക്ക് സാമ്യമുണ്ട്.

ശാന്തിഗിരി



**കളർ സർജന്റ് (Female)**
Color Sergeant/ Athyma inara

**കളർ സർജന്റ് (Male)**
Color Sergeant/ Athyma inara



66

ഒരു രോമപാദ ശലഭമാണ് കളർ സർജന്റ്. ആൺ ശലഭങ്ങൾക്ക് പൊന്ത ചുറ്റൻ ശലഭങ്ങളോട് സാമ്യം തോന്നാറുണ്ടെങ്കിലും ചിറകിന്റെ മുകൾ ഭാഗത്ത് ചേർന്ന് ഓറഞ്ച് നിറത്തിൽ ഒരു പാടുണ്ട്. വെള്ളിലയൊക്കെ ലാർവ ഭക്ഷണ സസ്യമാണ്.

കണ്ടംതോട്

## 67

കാടുകളിലും കാവുകളിലും നാട്ടിൻ പുറങ്ങളിലും കാണപ്പെടുന്ന ശലഭമാണ് പുള്ളി സർജന്റ്. ഇതിന്റെ ചിറകിലെ വരകൾ പട്ടാളക്കാരന്റെ ഷർട്ടിന്റെ വരകളെ ഓർമ്മിപ്പിക്കുന്നതിനാലാണ് ഇവയെ സർജന്റ് എന്ന പേരുചേർത്ത് വിളിക്കുന്നത്. ഇവ വളരെ ഉയരത്തിൽ പറക്കാറില്ല.

കരിയംകാപ്പ്



### പുള്ളി സർജന്റ്
Common Sergeant / Athyma perius

### കരിവരയൻ സർജന്റ്
Blackvein Sergeant/ Athyma ranga



## 68

പൊതുവേ വനപ്രദേശത്തിനുള്ളിൽ കാണപ്പെടുന്ന വയാണെങ്കിലും ഇവയെ കാവുകളിലും നാട്ടിൻ പുറങ്ങളിലും കാണാറുണ്ട്. മറ്റ് സർജന്റുകളിൽ നിന്നും വ്യത്യസ്തമായി ചിറകിൽ വിലങ്ങനെ ഒരു പട്ടയും വ്യക്തമായ കറുത്ത ഞരമ്പുകളും കാണാം. മലഇലഞ്ഞി, എടല എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൂക്കുണ്ട്

69

വളരെ ഭംഗിയുള്ള ഒരു ചിത്രശലഭമാണ് വെള്ളിലത്തോഴൻ. ചിറകറ്റം ഇടയ്ക്കിടെ മാത്രം ചലിപ്പിച്ചുകൊണ്ട് ഒഴുകിപ്പറക്കുന്നവയാണ് ഇവ. ചിറകിന്റെ മധ്യഭാഗത്ത് തൂവെള്ള നിറത്തിലുള്ള പൊട്ടുകളാൽ രൂപം കൊള്ളുന്ന വലിയ പട്ടകൾ കാണാം. ചിറക് വിടർത്തുമ്പോൾ ഈ പൊട്ടുകൾ V ആകൃതിയിൽ കാണപ്പെടും. പൂന്തോട്ട സസ്യമായ മുസ്സാണ്ടയിലും, കാട്ടകത്തി, നീർകടമ്പ് വെള്ളില എന്നീ ചെടികളിലാണ് മുട്ടയിടുന്നത്.

കണ്ടംതോട്



**വെള്ളിലത്തോഴൻ**
Commander/ Moduza procris

**മഞ്ഞ പൊന്തച്ചുറ്റൻ**
Yellowjack Sailer/ Lasippa viraja



70

ഒരു രോമപാദ ചിത്രശലഭമാണ് മഞ്ഞപൊന്തച്ചുറ്റൻ. വെള്ളീട്ടിയാണ് ലാർവ ഭക്ഷണ സസ്യം. ഉണങ്ങിയ ഇലകൾക്കിടയിൽ നിൽക്കുന്ന ലാർവയെ തിരിച്ചറിയാൻ വളരെ പ്രയാസമാണ്.

പൂക്കുണ്ട്

71

വായുവിൽ ഒഴുകി നടക്കുന്ന സ്വഭാവമുള്ള ചിത്രശലഭമാണ് പൊന്തച്ചുറ്റൻ. ചിറകിൽ വെളുത്ത മൂന്ന് വരകൾ പട്ടാളക്കാരുടെ വസ്ത്രത്തോട് സാദൃശ്യം കാട്ടുന്നതിനാൽ ആംഗല ഭാഷയിൽ കോമൺ സെയിലർ എന്ന് വിളിക്കുന്നു. തന്റെ അധീന പ്രദേശത്ത് വരുന്ന മറ്റ് ശലഭങ്ങളെ ഇവ ഓടിക്കുന്നത് കാണാം. ഇലവ്, ഇരൂൾ, ഇടംപിരി വലംപിരി ലാർവ ഭക്ഷണ സസ്യമാണ്.

പെരുന്താനം



## പൊന്തച്ചുറ്റൻ
Common Sailer / Neptis hylas

## ഇരുവരയൻ ശലഭം
Chestnut-streaked Sailer / Neptis Jumbah



72

തവിട്ട് നിറമാർന്ന ചിറകിൽ വെളുത്ത രണ്ട് വരകൾ ഉള്ള ശലഭമാണ് ഇരുവരയൻ ശലഭം. പൊന്തചുറ്റൻ ശലഭത്തോട് ഏറെ സാമ്യം. പക്ഷെ, അതിനേക്കാൾ വേഗതയിൽ പറന്നു നടക്കുന്നു. ഈ ജനുസ്സിൽപ്പെട്ട ആറിനം ശലഭങ്ങൾ കേരളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാട്ടുകഴഞ്ചി, ഇരൂൾ, പൂവരശ്, ഉങ്ങ് എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൊയ്യമല

## 73

ഇഞ്ചക്കാടുകളിൽ ചുറ്റിപ്പറന്ന് നടക്കുന്ന ഒരു ശലഭമാണിത്. ചിറകിൽ നരിയുടെ പോലുള്ള വരകൾ കാണുന്നതുകൊണ്ട് ഇതിനെ നരിവരയൻ എന്നു വിളിക്കുന്നു. ലാർവ സസ്യം ഇഞ്ചയും വാകയും ഒക്കെയാണ്.

വെള്ളൂന്നി



**നരിവരയൻ**
Common Lascar/ Pantoporia hordonia

**ക്ലിപ്പർ**
Clipper/ Parthenos sylvia



## 74

വന്യജീവി സംരക്ഷിത നിയമത്തിലെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ശലഭമാണ് ക്ലിപ്പർ. ഇവക്ക് നല്ല വലുപ്പവും ഉണ്ട്. ഇവയുടെ ചിറകുകൾക്ക് പച്ച കലർന്ന തവിട്ട് നിറമാണ്. ഏതാനും വലിയ വെളുത്ത പൊട്ടുകളുണ്ട്. ചടുലമായി ചിറകുകൾ ചലിപ്പിച്ച് പിന്നീട് വായുവിൽ ഒഴുകി നീങ്ങുന്ന പ്രത്യേകതയും ഇവക്കുണ്ട്. മുതുക്ക്, ചിറ്റമൃത് എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പെരുന്താനം

75

ആൺ ശലഭത്തിന് ചിറകിന്റെ ഉപരി വശത്ത് നീലിമയാർന്ന വെളുത്ത പാടുകൾ കാണാം. അരളി ശലഭത്തെ അനുകരിക്കുന്ന പെൺ ശലഭം വലുതും മുൻ ചിറകിന്റെ മുകൾ ഭാഗത്ത് നീല കലർന്ന പാടും കാണാം. ആൺ ശലഭം തന്റെ അധീന പ്രദേശം കാത്തുസൂക്ഷിക്കുന്നതായി പറയുന്നുണ്ട്. കൊടിത്തൂവ, പൊന്നാംകണ്ണി, ഉപ്പ്ചീര, കുറുന്തോട്ടി എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പെരുന്താനം



## വൻ ചൊട്ടശലഭം
Great Eggfly / Hypolimnas bolina

## ചൊട്ട ശലഭം
Danaid Egg fly/ Hypolimns misippus



76

വന്യജീവി സംരക്ഷിത നിയമത്തിലെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ സാധാരണയായി കാണപ്പെടുന്ന ശലഭമാണ് ചൊട്ട ശലഭം. വൻചൊട്ട ശലഭത്തിന്റെ അത്രതന്നെ വലിപ്പം വരില്ലെങ്കിലും ചിറകിലെ വെളുത്ത പൊട്ടുകൾ താരതമ്യേന സാമ്യം പുലർത്തുന്നവയാണ്. പെൺശലഭം എരിക്കുതപ്പി ശലഭത്തെ അനുകരിക്കുന്നു.

ഇരട്ടത്തോട്

77

പിൻ ചിറകുകളിൽ മയിൽപ്പീലി കണ്ണുകളെ ഓർമപ്പെടുത്തും വിധം അതിമനോഹരമായ കണ്ണുകൾ ഉള്ളത് കൊണ്ടാണ് ഇവക്ക് ഈ പേര് വരാൻ കാരണം. വയലുകളിലും പൂന്തോട്ടങ്ങളിലും ഇവയെ കാണാൻ സാധിക്കും. വയൽചുള്ളി, നീർതിപ്പലി, പാർവതിചെടി എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

മഞ്ഞളാംപുറം



**മയിൽക്കണ്ണി**
Peacock Pansy/ Junonia almana

**വയൽക്കോത**
Grey Pansy/ Junonia atlites



78

വയൽ പ്രദേശങ്ങളിലും നാട്ടിൻ പുറങ്ങളിലും ഒക്കെ ഇവയെ സാധാരണയായി കണ്ടുവരാറുണ്ട്. താഴ്ന്ന് പറക്കുന്ന ശലഭമാണ്. വയൽ പ്രദേശങ്ങളിൽ പാറിനടക്കുന്നതിനാൽ ആവാം ഇവയെ വയൽക്കോത എന്ന് വിളിക്കുന്നത്. വയൽച്ചുള്ളി ലാർവ ഭക്ഷണ സസ്യമാണ്.

പെരുന്താനം

79

മഞ്ഞയും നീലയും കലർന്ന ഒരു മനോഹര ശലഭമാണ് പീതനീലി. ചിറകിന്റെ മേൽഭാഗത്ത് ഏറെയും മഞ്ഞ നിറമാണ്. ചിറകറ്റങ്ങളിൽ കറുപ്പ് പടർന്നിരിക്കും, ആൺ ശലഭത്തിന് നീല കലർന്ന പൊട്ട് ഉണ്ടാകും. പെൺശലഭത്തിന് ഇത് ചെറുതും, ചിലപ്പോൾ കാണുകയും ഇല്ല. വയൽ ചുള്ളിയും പാർവതി ചെടിയും ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൊയ്യമല



**പീതനീലി**
Yellow Pansy/ Junonia hierta

**ചോക്ലേറ്റ് ശലഭം**
Chocolate Pansy / Junonia iphita



80

തന്റെ അതിർത്തിക്കുള്ളിൽ ഇവ ജാഗരൂകരായി ഇരിക്കും. അതിർത്തി കടന്നുവരുന്ന അന്യശലഭങ്ങളെ പിൻതുടർന്ന് തുരത്തും. വയൽചുള്ളി, കരുങ്കുറുഞ്ഞി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പാറത്തോട്

81

**പേ**ര് പോലെ തന്നെ അതിർത്തിയിൽ അതിക്രമിച്ചു കടക്കുന്ന മറ്റ് ശലഭങ്ങളോട് കുറുമ്പുകൂടുന്നത് കാണാം. തുറസ്സായ സ്ഥലങ്ങളിലും കാടുകളിലും പൂന്തോട്ടങ്ങളിലും ഒക്കെ കാണാവുന്ന ഒരു സാധാരണ ശലഭമാണ് പുള്ളിക്കുറുമ്പൻ. വയൽച്ചുള്ളി കുറുന്തോട്ടി, പാർവതിച്ചെടി, ചണം, മഞ്ഞകനകാമ്പരം എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

കണ്ടംതോട്



## പുള്ളിക്കുറുമ്പൻ
Lemon Pansy / Junonia lemonias

## ഓക്കില ചെമ്പൻ
Autumn Leaf / Doleschallia bisaltide



82

**ചി**റകുകൾ മടക്കി വെക്കുമ്പോൾ ഉണങ്ങിയ കരിയില പോലെ തോന്നുമെങ്കിലും, തുറന്ന ചിറകുകൾക്ക് തീജ്വലയുടെ നിറമാണ്. മുകളറ്റത്ത് കറുത്ത വരയും കാണാം. വന്യജീവി സംരക്ഷിത നിയമത്തിലെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചുട്ടിമുല്ല ആണ് ലാർവ ഭക്ഷണസസ്യം.

കരിയംകാപ്പ്

83

നമ്മുടെ പുസ്തകത്തിന് ഈ ശലഭത്തിന്റെ പേരാണ് നൽകിയിരിക്കുന്നത്. പശ്ചിമഘട്ടത്തിന്റെ തനത് ശലഭമാണിത്. ചിറക് അടച്ചിരുന്നാൽ ഉണങ്ങിയ കരിയിലെ പോലെയാണ് ഈ ശലഭം. ചിറക് തുറന്നാൽ നീല കലർന്ന പച്ചനിറമാണ്. കരിംകുറിഞ്ഞി, കുറിഞ്ഞി എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പാലുകാച്ചി



**ഓക്കില ശലഭം**
Blue Oakleaf / Kallima horsfieldii

**നീലരാജൻ**
Blue Admiral /Kaniska canace



84

കാടുകളിലും മലനിരകളിലും കാണപ്പെടുന്ന ഒരു ശലഭമാണ് നീലരാജൻ. ചിറക് തുറന്നാൽ ഇരുണ്ട ചിറകിൽ ചന്ദ്രക്കല ആകൃതിയിൽ നീലനിറത്തിലുള്ള വലിയ പട്ടയുണ്ട്. ചിറകിനടിവശം ഉണങ്ങിയ പോലെ ഇരുണ്ട തവിട്ട് നിറമാണ്. ചിറകിന്റെ അരികുവശം കീറിപ്പറഞ്ഞതുപോലെ ആണ്. കരിയിലാഞ്ചി, കാച്ചിൽ എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൂവത്തിൻചോല

85

സർവസാധാരണമായ ഒരു ശലഭജാതിയാണ് എരിക്കുതപ്പി. ഏത് കാലാവസ്ഥയിലും ഈ ശലഭം പറന്നു നടക്കുന്നത് കാണാം. ദേശാടന സ്വഭാവം പ്രകടിപ്പിക്കാറുണ്ട്. ചിറകിന് മുകൾവശം മഞ്ഞ കലർന്ന ചുവപ്പു നിറമാണ്. അരികുകൾക്ക് കറുപ്പുനിറവും കാണാം. മുൻ ചിറകിന്റെ മുകളറ്റത്ത് വെളുത്ത പാടുകളുമുണ്ട്. എരിക്ക്, പൊൻഅരളി, പാൽവള്ളി എന്നിവ ലാർവ ഭക്ഷണ സസ്യമാണ്.

ഇരട്ടത്തോട്



**എരിക്കുതപ്പി**
Plain Tiger / Danaus chrysippus

**വരയൻ കടുവ**
Striped Tiger / Danaus genutia



86

ദേശാടന സ്വഭാവമുള്ള ഒരു ശലഭമാണ് വരയൻ കടുവ. എരിക്കുതപ്പി എന്ന ശലഭത്തോട് വളരെയധികം സാമ്യം ഇവക്കുണ്ട്. എരിക്കുതപ്പിയിൽ നിന്ന് വ്യത്യസ്തമായി ഞരമ്പുകൾക്കൊപ്പം കട്ടികൂടിയ കറുത്ത വരകളുണ്ട്. പൊൻഅരളി ലാർവ ഭക്ഷണ സസ്യമാണ്.

മഞ്ഞളാംപുറം

87

നമ്മുടെ നാട്ടിൽ എല്ലാഭാഗത്തും വളരെ സാധാരണയായി കാണപ്പെടുന്ന ശലഭം, അരളിച്ചെടി ഇതിന്റെ ലാർവ ഭക്ഷണ സസ്യമാണ്. അതുകൊണ്ട് തന്നെ കവിയുടെ 'അരളിച്ചെടിയുടെ ഇലതന്നടിയിൽ അരുമ കിങ്ങിണിപോലെ' എന്ന വരികൾ ഈ ശലഭത്തിന്റെ ശലഭക്കൂടിനെ ആണ് സൂചിപ്പിക്കുന്നത്. ദേശാടനം സ്വഭാവം ഉള്ള ശലഭമാണിത്.

ഇരട്ടത്തോട്



## അരളി ശലഭം
Common Crow / Euploea core

## പാൽവള്ളി ശലഭം
Double-branded Black Crow / Euploea sylvester



88

അരളി ശലഭത്തോട് ഏറെ സാമ്യതയുള്ള ഒരു ശലഭം. ചിറക് വിടർത്തിയിരിക്കുമ്പോൾ ഉൾ ചിറകിൽ രണ്ട് വരകൾ വീതം കാണാം. പാൽവള്ളി, കഴിഞ്ഞി, അത്തി, ചക്കരക്കൊല്ലി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പാലുകാച്ചി

89

പശ്ചിമഘട്ടത്തിന്റെ തനത് ശലഭമാണിത്. വനദേവതയുടെ ഭംഗിയും ഒഴുകി ഉള്ള പറക്കലും അത്രമേൽ ആകർഷണം തോന്നുന്നതാണ്. നിത്യഹരിത വനങ്ങളിലും പരിസര പ്രദേശങ്ങളിലും കാണപ്പെടുന്ന ഒരു ശലഭമാണ് വനദേവത.

രാമച്ചി



**വനദേവത**
Malabar Tree- Nymph / Idea malabarica

**തെളിനീല കടുവ**
Glassy Tiger / Parantica aglea



90

ദേശാടന സ്വഭാവമുള്ള ഒരു ചിത്രശലഭമാണ് തെളിനീലക്കടുവ. കൂട്ടമായി വള്ളിച്ചെടികളിലും മരങ്ങളിലും ഇരുന്ന് വിശ്രമിക്കാറുണ്ട്. തവിട്ട് നിറത്തിലുള്ള ചിറകുകളിൽ സുതാര്യമായ ഇളം നീല കലർന്ന വെള്ള വരകളും പൊട്ടുകളുമുണ്ട്. എരിക്ക്, വള്ളിപ്പാല പാൽവള്ളി തുടങ്ങിയവ ലാർവയുടെ ഭക്ഷണ സസ്യങ്ങളാണ്.

വെള്ളൂന്നി

91

സർവ സാധാരണയായി കാണപ്പെടുന്ന ഒരു ശലഭമാണ് ഇത്. ദേശാടന സ്വഭാവം പ്രകടിപ്പിക്കാറുണ്ട്. ആൽക്കലോയിഡുകൾ നിറഞ്ഞ കിലുക്കി ചെടികളിൽ കൂട്ടത്തോടെ വന്നിരുന്ന് നീരൂറ്റി കുടിക്കാറുണ്ട്. പൊന്നരളി, എരുക്ക്, വള്ളിപ്പാല, വട്ടകാക്കക്കൊടി, എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പെരുന്താനം



## നീല കടുവ
Blue Tiger / Tirumala limniace

## കരിനീല കടുവ
Dark Blue Tiger / Tirumala septentrionis



92

നീലക്കടുവ ശലഭത്തോട് ഏറെ സാമ്യമുള്ള ഒരു ശലഭമാണ് ഇത്. ദേശാടന സ്വഭാവമുള്ള ഇവ കൂട്ടമായിട്ടാണ് ദേശാടനം നടത്തുക. വയനാട്, പറമ്പിക്കുളം തുടങ്ങിയ ഇടങ്ങളിൽ ഇവയുടെ ദേശാടനം നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വട്ടക്കാക്കക്കൊടി ലാർവ ഭക്ഷണ സസ്യമാണ്.

വളയംചാൽ

ആട്ടക്കാരി ശലഭങ്ങൾ (Riodinidae)

93

ഈ കുടുംബത്തിൽ നിന്ന് കേരളത്തിൽ ആകെ രണ്ടിനം ശലഭങ്ങളെ മാത്രമേ നിരീക്ഷിച്ചു വന്നിട്ടുള്ളൂ. ഇവ പറന്നുവന്നു ഇലയിൽ ഇരുന്നാൽ ഇരിപ്പ് ഉറക്കാത്തതുപോലെ പലപ്രാവശ്യം തിരിഞ്ഞും മറിഞ്ഞും കളിക്കും. അതിനാൽ ആവാം ഇവയെ ആട്ടക്കാരി ശലഭം എന്നുവിളിക്കുന്നത്.

ശാന്തിഗിരി



**ഇരുവരയൻ ആട്ടക്കാരി**
Double-banded Judy / Abisara bifasciata

**മർക്കട ശലഭം**
Apefly /Spalgis epius

നീലി ശലഭങ്ങൾ (Lycaenidae)



94

ലാർവ ആയിരിക്കുമ്പോൾ മാംസം ഭക്ഷിക്കുന്ന കേരളത്തിലെ ഏക ശലഭമാണ് മർക്കട ശലഭം. ലാർവകൾക്ക് കുരങ്ങിന്റെ രൂപമുള്ളത് കൊണ്ടാണ് മർക്കട ശലഭം എന്ന പേര് ലഭിച്ചത്. മർക്കടശലഭം മുട്ടിയുടന്നത് മീലി മുട്ട, ശൽക പ്രാണി എന്നിവയുടെ ശരീരത്തിലാണ്. മുട്ടവിരിഞ്ഞ് ഉണ്ടാകുന്ന ലാർവകൾ ഈ പ്രാണിയെ ഭക്ഷണമാക്കി വളരുന്നു.

പൊയ്യമല

## 95

വനപ്രദേശങ്ങളിലും പുഴയോരങ്ങളിലും സാധാരണ കാണുന്ന ചിത്രശലഭമാണ് നാട്ടുവേലിനീലി. പക്ഷി കാഷ്ഠത്തിലും ജൈവാവശിഷ്ടങ്ങളിലും ഒക്കെ പഡ്‌ലിംങ്ങിൽ ഏർപ്പെടാറുണ്ട്. ഇരൂൾ, മുള്ള് വേങ്ങ, ചെറുപനച്ചി, പൂവ്വം തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ഇരട്ടത്തോട്



### നാട്ടുവേലി നീലി
Common Hedge Blue / Acytolepis puspa

### വരയൻ കോമാളി
Angled Pierrot / Caleta decidia



## 96

നാട്ടുകോമാളിയിൽ നിന്നും വ്യത്യസ്തമായി ചിറകുകളിലെ കറുപ്പിൽ വ്യക്തമായ വെള്ള പട്ടകൾ കാണാം. വളരെ വേഗത്തിൽ ആണ് പറക്കുന്നത്. ലാർവയുടെ പ്രധാന ഭക്ഷണ സസ്യം വൻതുടലി ആണ്. വന പ്രദേശങ്ങളിലും അരുവികളുടെ പരിസരത്തും ചില സമയങ്ങളിൽ നാട്ടിൻ പുറങ്ങളിലും കാണാം.

കരിയംകാപ്പ്

## 97

വെളുത്ത ചിറകിൽ കറുത്ത പുള്ളികളോട് കൂടിയാണ് ഇതിന്റെ ശരീരം. പിൻചിറകിൽ വെളുത്ത പൊട്ടുള്ള ചെറിയ കറുത്ത വാലുമുണ്ട്. ചെറു സസ്യങ്ങളുടെ ഇലത്തലപ്പിൽ ഇരുന്ന് ചിറക് തുറന്ന് വെയിൽ കായുന്ന സ്വഭാവമുണ്ട്. ഇലന്ത, വൻതുടലി, കൊട്ടമുള്ള് ഇവയൊക്കെ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ചെട്ടിയാംപറമ്പ്



**നാട്ടുകോമാളി**
Common Pierrot / Castalius rosimon

**നീലകൻ**
Forget-me-not / Catochrysops strabo



## 98

സാധാരണയായി വന പ്രദേശങ്ങളിലും പരിസരങ്ങളിലും ആണ് ഈ ശലഭത്തിനെ കാണാറുള്ളത്. പൊതുവെ വേഗത്തിൽ പറക്കുന്നു. പിൻ ചിറകിൽ ഒരു ജോഡി നേർത്ത വാലുണ്ട്. ചിറകിന്റെ കീഴറ്റത്തായി ഒരു കറുത്ത പൊട്ടും ചുറ്റിലും ഓറഞ്ച് വലയവും കാണാം.

പൂക്കുണ്ട്

99

വെള്ളിനീലിയോട് ഏറെ സാദൃശ്യമുള്ള ശലഭമാണിത്. കാട്ടുപ്രദേശങ്ങളിലാണ് കണ്ടുവരുന്നത്. മറ്റ് ശലഭങ്ങളുടെ ഒപ്പമിരുന്ന് മഡ്പഡലിംഗിൽ ഏർപ്പെടുന്നത് കണ്ടിട്ടുണ്ട്.

കരിയംകാപ്പ്



## പൊട്ടുവേലി നീലി
Plain Hedge Blue / Celastrina lavendularis

## നാരക നീലി
Lime Blue / Chilades lajus



100

പൂന്തോട്ടങ്ങളിലും നാരക ചെടിയിലും പുൽമേടുകളിലും ഇവയെ കാണാം. ആൺ ശലഭത്തിന്റെ ഉൾച്ചിറകിൽ ഇളം വയലറ്റ് കലർന്ന മങ്ങിയ നീലനിറമാണ്. പെൺ ശലഭത്തിന്റെ ഉൾച്ചിറകിൽ മങ്ങിയ തവിട്ടുനിറമാണ്. ചിറകിന്റെ താഴ്ന്ന ഭാഗത്തായി തിളങ്ങുന്ന നീല നിറവും കാണാം. പാണൽ. ചെറുനാരകം, കാട്ടുനാരകം എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.


പെരുന്താനം

101

**വരയൻ**

കോമാളിയോട് ഏറെ സാമ്യമുള്ള ശലഭമാണിത്. ചിറകിലെ തലയോട് ചേർന്ന ഭാഗത്ത് കാണുന്ന രണ്ട് കറുത്ത വരകളാണ് ഇവയെ തിരിച്ചറിയാൻ സഹായിക്കുന്നത്. ചെറുതുടലി, കൊട്ടമുള്ള്, ഇലന്ത എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൂക്കുണ്ട്



## നീലവരയൻ കോമാളി
Banded Blue Pierrot / Discolampa ethion

## പയർ നീലി
Gram Blue / Euchrysops cnejus



102

**കൃഷിയിടങ്ങിൽ** ഒക്കെ യഥേഷ്ടം കണ്ടുവരുന്ന ഒരു ശലഭമാണിത്. വാലിനോട് ചേർന്നുള്ള ഓറഞ്ച് വലയമുള്ള ഇരുണ്ട നീല പൊട്ടുകൾ തമ്മിലുള്ള അന്തരം മാരൻ ശലഭത്തിൽ നിന്ന് വ്യത്യസ്തമായി ഇതിനെ തിരിച്ചറിയാൻ സഹായിക്കുന്നു. വന്യജീവി സംരക്ഷിത നിയമത്തിലെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചമത, പട്ടാണിപ്പയർ തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ഇരട്ടത്തോട്

**103**

കാണാൻ വളരെ ഭംഗിയുള്ള ഒരു ചെറുശലഭമാണിത്. വേഗത്തിൽ പറക്കുന്ന രീതിയും ഈ ശലഭങ്ങൾക്കുണ്ട് കരിവേലം, പയർ വർഗത്തിൽ പെട്ട ചെടികളിലാണ് ഇവ മുട്ടിയിടുന്നത്.

പെരുന്താനം



## മണിമാരൻ
Indian Cupid / Everes lacturnus

## കരിംപൊട്ടു വാലാട്ടി
Dark Cerulean / Jamides bochus



**104**

പുഴയോരങ്ങളിലെ നനഞ്ഞ പ്രദേശങ്ങളിൽ കൂടുതലായി കാണുന്നു. ആൺ ശലഭത്തിന്റെ ചിറകിന് ഉപരിഭാഗം ഇരുണ്ട നീലനിറമാണ്. പെൺ ശലഭത്തിന് മങ്ങിയ നീല നിറവും. ചിറകിനടി വശം ഇരുണ്ട തവിട്ട് നിറമാണ്. പൂമൊട്ടുകളിലാണ് മുട്ടയിടുന്നത്. മൊട്ടിനുൾവശം തുരുന്നു തിന്നുന്ന സ്വഭാവം ലാർവകൾക്കുണ്ട്.

പെരുന്താനം

**105**

നമ്മുടെ നാട്ടിൽ എല്ലായിടത്തും ഒരുപോലെ കാണപ്പെടുന്ന നീലശലഭമാണിത്. ചിറകുകൾ കൂടിച്ചേർന്നിരിക്കുന്ന സമയം ശലഭത്തിന്റെ പിൻഭാഗത്ത് നേരിയ വാലുകളും കണ്ണ് ആണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന ഓറഞ്ച് വലയത്തോട് കൂടിയ കറുത്ത പൊട്ടും ഉണ്ട്. വിശ്രമ സമയങ്ങളിൽ ചിറകുകൾ തമ്മിൽ കൂട്ടിയുരുമ്മാറുണ്ട്.

കരിയംകാപ്പ്



**പൊട്ടു വാലാട്ടി**
Common Cerulean / Jamides celeno

**പട്ടാണി നീലി**
Pea Blue / Lampides boeticus



**106**

ലോകത്തിന്റെ പലഭാഗങ്ങളിലും ഈ ശലഭത്തെ കാണാറുണ്ട്. ദേശാടന സ്വഭാവമുള്ള ശലഭങ്ങളുടെ കൂട്ടത്തിലാണ്. പിൻ ചിറകിന്റെ പിന്നരികിലായി കാണുന്ന വ്യക്തമായ വെളുത്ത പട്ട ഇതിനെ തിരിച്ചറിയാൻ സഹായിക്കുന്നു. ചമത, പട്ടാണിപ്പയർ, കിലുക്കി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പൂവത്തിൻചോല

107

സീബ്രയെ പോലെ ചിറകിനടിവശമുള്ള വരകൾ ഇവയെ എളുപ്പത്തിൽ തിരിച്ചറിയാൻ സഹായിക്കുന്നു. പൂക്കളിൽ തേൻ കുടിക്കാൻ എത്താറുണ്ട്. മഡ്പഡിലിങ്ങിലും ഏർപ്പെടാറുണ്ട്. വെള്ളീട്ടി, നെന്മേനിവാക കൊടുവേലി എന്നിവയൊക്കെ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പാറത്തോട്



## സീബ്രനീലി
Zebra Blue / Leptotes plinius

## നാട്ടുമാരൻ
Plains Cupid / Luthrodes pandava



108

മഴക്കാടുകളും സമതലങ്ങളും വെളി പ്രദേശങ്ങളുമാണ് ഈ ശലഭങ്ങളുടെ ഇഷ്ടപ്പെട്ട ആവാസ കേന്ദ്രങ്ങൾ. ആൺ ശലഭത്തിന് ചിറകിന് പുറകിൽ തിളങ്ങുന്ന നീലനിറമാണ്. പെൺ ശലഭത്തിന് തവിട്ട് നിറമാണ്. ചിറകിന്റെ കീഴ് ഭാഗത്ത് നേർത്ത നീലനിറം കാണാം. തോട്ട ഈന്ത്, ഇരൂൾ, കരിവേലം തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

രാമച്ചി

109

നനവാർന്ന വന പ്രദേശങ്ങളിലാണ് ഇവയെ സാധാരണയായി കണ്ടുവരുന്നത്. ഒറ്റ നോട്ടത്തിൽ പാണലുണ്ണി, നാട്ടുവേലി, നീലി ശലഭങ്ങൾ ആയി തെറ്റിദ്ധരിച്ചേക്കാവുന്ന ഒരു ശലഭമാണിത്. തറനിരപ്പിൽ നിന്ന് അധികം ഉയരത്തിലല്ലാതെ സാവധാനം പറക്കുന്ന ഈ ശലഭം നനവാർന്ന തറയിലും പക്ഷി കാഷ്ഠങ്ങളിലും ചെന്നിരിക്കും. കൂവം, കുളപ്പുന്ന, മുക്കണ്ണൻപേഴ് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പാലുകാച്ചി



**മലയൻ**

Malayan / Megisba malaya

**പാണലുണ്ണി**

Quaker / Neopithecops zalmora



110

പാണൽ ചെടിയെ ആശ്രയിച്ചു ജീവിക്കുന്നതിനാലാണ് ഇവക്ക് പാണലുണ്ണി എന്ന പേരുവന്നത്. പൂക്കളോട് അത്ര മമതയില്ലാത്ത ഇവ നനവാർന്ന മണ്ണിലൊക്കെ വന്നിരിക്കാറുണ്ട്. പാണൽ ലാർവ ഭക്ഷണ സസ്യമാണ്.

മാങ്കുളം

111

ഭംഗിയുള്ള ഒരു ശലഭമാണ് ചെങ്കോമാളി. ചിറകിൽ ചുവന്ന അടയാളമുള്ള ഇവയെ പെട്ടെന്ന് തിരിച്ചറിയാവുന്നതാണ്. വിശ്രമ വേളകളിൽ ചിറകുകൾ പരസ്പരം താളാത്മകമായി ഉരുമ്മിക്കളിക്കുകയും ചെയ്യാറുണ്ട്. ഇവയുടെ ലാർവകൾ ഇലകൾ തുരന്നാണ് ഭക്ഷണം കഴിക്കുന്നതും വിശ്രമിക്കുന്നതും. ഇലമുളച്ചിയാണ് ലാർവ ഭക്ഷണ സസ്യം.

മഞ്ഞളാംപുറം



**ചെങ്കോമാളി**
Red Pierrot / Talicada nyseus

**ഇരുളൻ കോമാളി**
Dark Pierrot / Tarucus ananda



112

വന പ്രദേശങ്ങളിലും പരിസരങ്ങളിലുമായി കണ്ടുവരുന്ന ശലഭമാണിത്. മറ്റ് ചെറുനീലി ശലഭങ്ങളോടൊപ്പം മഡ്പഡിലിങ്ങിൽ ഏർപ്പെടാറുണ്ട്. പക്ഷികളുടെയും മറ്റ് മൃഗങ്ങളുടെയും കാഷ്ഠങ്ങളിൽ വന്നിരുന്ന് ധാതുലവണങ്ങൾ ഊറ്റിക്കുടിക്കാറുണ്ട്. ഇത്തിൾകണ്ണി, കൊട്ടമുള്ള് തുടങ്ങിയവ ലാർവ സസ്യങ്ങൾ ആണ്.

അടക്കാത്തോട്

113

പൊതുവെ കാട്ടുവാസിയായ ഈ ശലഭത്തെ കാട്ടുപാതകളിലും അരുവിയോരങ്ങളിലും കാണാം. ചെറു കുത്തുകളോട് കൂടിയ അതിലോലമായ വെളുത്ത ചിറകുകൾ ആണ് ഇവക്കുള്ളത്. നനഞ്ഞ പ്രദേശങ്ങളിലും മൃഗ കാഷ്ഠങ്ങളിലും ജൈവാവശിഷ്ടങ്ങളിലും ഇരുന്ന് ലവണമുണ്ണാറുണ്ട്.

പാലുകാച്ചി



## വെള്ളവേലി നീലി
White Hedge Blue / Udara akasa

## ചെറുപുൽനീലി
Lesser Grass Blue / Zizina otis



114

തറയോട് ചേർന്ന് പറക്കുന്ന സ്വഭാവക്കാരാണ് ഈ ശലഭം. ചെറുപൂക്കളിൽ നിന്നാണ് തേൻ നുകരുന്നത്. ചിറക് പാതി തുറന്ന് വെയിൽ കായുന്ന സ്വഭാവമുണ്ട്. പയർ വർഗ സസ്യത്തിലാണ് ലാർവകൾ വളരുന്നത്.

ഇരട്ടത്തോട്

115

ഇന്ത്യയിലെ ഏറ്റവും ചെറിയ രണ്ടാമത്തെ ശലഭമാണ് ചിന്ന പുൽനീലി. ആൺ ശലഭത്തിന് ചിറകിന് ഉപരിഭാഗം തിളങ്ങുന്ന നീലനിറമാണ്. പെൺശലഭത്തിന് തവിട്ടുനിറമാണ്. മറ്റു നീലി ശലഭങ്ങളിൽ നിന്ന് വ്യത്യസ്തമായി ചിറകുകൾ താളാത്മകമായി വശങ്ങളിലേക്ക് ചലിപ്പിച്ചുകൊണ്ടിരിക്കും. വയൽ ചുള്ളിയും, കൊങ്ങിണിപ്പൂവും ലാർവ ഭക്ഷണ സസ്യങ്ങളാണ്.

വളയംചാൽ



**ചിന്ന പുൽനീലി**
Tiny Grass Blue/ Zizula hylax

**തളിർനീലി**
Many-Tailed Oakblue / Thaduka multicaudata



116

പൊതുവെ വന പ്രദേശങ്ങളിലും അരുവികൾക്കരികിലുള്ള ചെടിത്തലപ്പുകളിലും കാണുന്നു. ചിറകിന്റെ മുകൾഭാഗം തിളക്കമുള്ള നീല നിറമാണ്. ഓരോ പിൻ ചിറകിന്റെയും അറ്റത്തും നാലോളം ചെറിയ വാലുകൾ ഉണ്ട്. വന്യജീവി സംരക്ഷണ നിയമത്തിൽ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയ ശലഭമാണിത്. പമ്പര കുമ്പിൾ ലാർവ ഭക്ഷണ സസ്യമാണ്.

പൂക്കുണ്ട്

117

വളരെ മനോഹരമായ ഒരു ചെറു ശലഭം. ഓറഞ്ച് കലർന്ന മഞ്ഞവരകളിൽ വെള്ളി നിറങ്ങളോട് കൂടിയ ചെറുവരകൾ കാണാം. അറ്റം കൂർത്ത പിൻ ചിറകിൽ രണ്ട് ജോഡി നേരിയ വാലുകളും കാണാം. ആൺ ശലഭത്തിന്റെ ഉൾചിറകിന് തിളക്കമുള്ള നീലനിറവും അവയ്ക്ക് കറുത്ത വരകളുമുണ്ട്. തല്ലിമരം ഇതിന്റെ ലാർവ ഭക്ഷണസസ്യമാണ്.

വെള്ളൂന്നി



**നീൾ വെള്ളിവരയൻ**
Long-Banded Silver Line / Cigaritis lohita

**റോസി തളിർനീല**
Kanara Oakblue / Arhopala alea



118

പശ്ചിമഘട്ടത്തിലെ തനതു ശലഭമാണിത്. ഉൾ ചിറകിൽ കറുത്ത അരികുകളോട് കൂടിയ തിളങ്ങുന്ന വയലറ്റ് കലർന്ന നിറമാണ്. പിൻ ചിറകിന്റെ അരികിലായി ഒരുജോഡി വാലുകളും കാണാം. വന്യജീവി സംരക്ഷിത നിയമത്തിലെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ശാന്തിഗിരി

119

കേരളത്തിൽ വളരെ വിരളമായി കാണപ്പെടുന്ന ഒരു ശലഭമാണ്. പശ്ചിമഘട്ടത്തിലെ വനങ്ങളിലും പരിസര പ്രദേശങ്ങളിലുമാണ് ഇവയെ കാണുക. കരുവേലിച്ചെടികൾ, വെൺകരിങ്ങാലി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പാലുകാച്ചി



**തമിഴ് തളിർനീലി**
Tamil Oakblue / Arhopala bazaloides

**അക്യേഷ്യ നീലി**
Common Acacia Blue/ Surendra quercetorum



120

ചിറക് തുറന്നാൽ മുൻ ചിറകിന്റെ മധ്യഭാഗത്തായി തിളങ്ങുന്ന വയലറ്റ് കലർന്ന നീല നിറമാണ്. ചിറകിന്റെ ബാക്കി ഭാഗം ഇരുണ്ട തവിട്ടു നിറവും. പെൺ ശലഭത്തിന് നീലനിറം ഉണ്ടായിരിക്കില്ല. മങ്ങിയ മഞ്ഞകലർന്ന നിറമായിരിക്കും. പിൻചിറകിന്റെ അരികിലായി ആൺ ശലഭത്തിന് ഒരു ജോഡിയും പെൺശലഭത്തിന് രണ്ട് ജോഡി വാലുകളുമുണ്ട്.

ശാന്തിഗിരി

**121**

വളരെ മനോഹരമായ ചെറുശലഭമാണിത്. മങ്ങിയ വെള്ള നിറത്തിലുള്ള ചിറകിൽ വെള്ളിവരകളോട് കൂടിയ തവിട്ട് കലർന്ന ഓറഞ്ച് വരകൾ കാണാം. ചിറകരികിൽ ആയി നടുവിൽ വലിയ മൂന്ന് ജോഡി വാലുകളും കാണാം. ഉൾചിറകിന് ആൺ ശലഭത്തിന് പർപ്പിൾ കളർ കലർന്ന തിളങ്ങുന്ന നീലനിറമാണ്. പെൺ ശലഭത്തിന് കറുത്ത അരികുകളോട് കൂടിയ മങ്ങിയ നീലനിറവും. ആറ്റുമരുത്, പുല്ലമരുത് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ശാന്തിഗിരി



**മണിവർണ്ണൻ**

Common Tinsel / Catapaecilma major

**വെള്ളിവാലൻ**

Common Imperial / Cheritra freja



**122**

കാട്ടിലാണ് ഇവയെ സാധാരണയായി കണ്ടുവരുന്നത്. നാട്ടിൻ പുറങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും ഇവയെ കാണാറുണ്ട്. പിൻ ചിറകിലെ വെളുത്ത നീല വാൽ ഇവയുടെ ഭംഗി കൂട്ടുന്നു. വാലിന്റെ അറ്റം ചുരുണ്ടിരിക്കും. പിൻ ചിറകിന്റെ അറ്റത്തായി വെളുപ്പിൽ കറുപ്പ് പുള്ളികളും ഉണ്ടാകും. കറുവപ്പട്ട, ചെറുകുരുണ്ടി എന്നിവയൊക്കെ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

പെരുന്താനം

123

വനപ്രദേശങ്ങളിലാണ് കണ്ടുവരുന്നത്. വെള്ളിവാലനെ പോലെ ഇവക്കും നീണ്ട വാലുകളുണ്ട്. മങ്ങിയ തവിട്ട് കലർന്ന ചിറകിന്റെ മുകൾ ഭാഗത്തായി വീതികൂടിയ തവിട്ട് നിറത്തിലുള്ള രണ്ട് വരകൾ കാണാം. വന്യജീവി സംരക്ഷണ നിയമത്തിൽ പെടുന്ന ശലഭമാണ്. ഏകനായകം ലാർവ ഭക്ഷണ സസ്യമാണ്.

അടക്കാത്തോട്



**കത്തിവാലൻ**
Plane / Bindahara moorei

**കനിതുരപ്പൻ**
Cornelian /Deudorix epijarbas



124

ചാരനിറം കലർന്ന ചിറകിന്റെ മുകളറ്റത്ത് നിന്ന് വീതിയേറിയ രണ്ട് പട്ടകൾ താഴെ ചിറകിൽ വരെ വന്ന് നിൽക്കുന്നു. ഉൾച്ചിറകിന് തവിട്ട് നിറം അരികുകളോട് കൂടിയ ഓറഞ്ച് നിറമാണ് ആൺശലഭങ്ങൾക്ക്. മങ്ങിയ തവിട്ട് കലർന്ന നിറമാണ് പെൺശലഭങ്ങൾക്ക്. കൂരിൽവള്ളി, മറുകുത്തി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യമാണ്.

മഞ്ഞളാംപുറം

125

**അ**പൂർവമായി കാണുന്ന ശലഭങ്ങളിൽ ഒന്നാണിത്. ചിറകിന് ചുവപ്പ് കലർന്ന തവിട്ടുനിറമാണ്. കടും തവിട്ട് നിറത്തിലുള്ള ഒരു പട്ട ചിറകിന്റെ മുകൾ ഭാഗത്ത് നിന്ന് താഴെ വരെ വന്നുനിൽക്കുന്നു. പശ്ചിമഘട്ടത്തിന്റെ തനത് ശലഭമാണിത്.

പാലുകാച്ചി



## തുടലി മിന്നൻ
Malabar Flash / Rapala lankana

## നാട്ടുമിന്നൻ
Slate Flash / Rapala manea



126


**ലാ**ർവകൾ പൂക്കളും കായ്കളും ആഹാരമാക്കുന്ന ഒരു ചിത്രശലഭമാണിത്. പിൻ ചിറകിന്റെ പിന്നറ്റത്തായി രണ്ട് കൺ പൊട്ടുകളും രണ്ട് വാലുകളുമുണ്ട്. ഇവയുടെ കാലുകളിൽ വെളുത്ത പാടുകൾ ഉണ്ട്. തുടലി, തേയില, പാതിരാമുളം, കരിനെല്ലി, ഇഞ്ച തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

രാമച്ചി

**127**

കനിതുരപ്പൻ ശലഭങ്ങളോട് സാമ്യം തോന്നാറുണ്ടെങ്കിലും ചിറകിന്റെ മുകളറ്റത്ത് നിന്ന് തുടങ്ങുന്ന വീതിയേറിയ പട്ടയുടെ വിത്യാസത്തിന്റെ ഇവയെ തിരിച്ചറിയാവുന്നതാണ്. മുൻ ചിറകിൽ ഒരുജോഡി വാലുകൾ കാണാവുന്നതാണ്. പുളി, പേര തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ഇരട്ടത്തോട്



**പേരനീലി**
Common Guava Blue / Virachola isocrates

**ഇരുതലച്ചി**
Monkey Puzzle / Rathinda amor



**128**

ഈ ശലഭത്തിന് ഒറ്റനോട്ടത്തിൽ രണ്ട് തലകൾ ഉണ്ടെന്ന് തോന്നും. അതുകൊണ്ടാണ് ഇങ്ങനെ വിളിക്കുന്നത്. ചെത്തിച്ചെടികളിലാണ് ഇവയെ സാധാരണ കണ്ടുവരുന്നത്. ചെത്തിയുടെ ഇലകളിലാണ് ഇവ മുട്ടയിടുക.

കേളകം

129

വെള്ളകണ്ണി നീലാംബരി ശലഭങ്ങളുമായി ഇതിന് സാമ്യതകൾ ഏറെയാണ്. ശ്വേതാംബരി ശലഭത്തിനും വെളുത്ത കണ്ണുകൾ ആണ്. പിൻ ചിറകിന് ഓറഞ്ച് വളയത്തിൽ രണ്ട് കറുത്ത പാടുകൾ ഉണ്ട്. കൂടാതെ രണ്ട് ജോഡി ചെറിയ വാലുകളും പിൻ ചിറകിൽ കാണാംയ വന്യജീവി സംരക്ഷണ നിയമപ്രകാരം രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മലയാംപടി



**ശ്വേതാംബരി**
White Tufted Royal / Pratapa deva

**പട്ട നീലാംബരി**
Banded Royal / Rachana jalindra



130

വെള്ള നിറത്തിലുള്ള ചിറകിന്റെ മുകളറ്റത്ത് തവിട്ട് കലർന്ന വീതിയേറിയ പട്ട ഉണ്ട്. അതിൽ ഒരു വെളുത്ത ചെറിയ വരയും ഉണ്ട്. ചിറകിന്റെ വാലറ്റത്തായി രണ്ട് കറുത്ത പൊട്ടുകൾ ഓറഞ്ച് വളയത്തിൽ ആണ്. നീളമുള്ളതും ചെറുതും ആയ രണ്ട് ജോഡി വാലുകളും ഉണ്ട്. വന്യജീവി സംരക്ഷണ നിയമ പ്രകാരം രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വെള്ളൂന്നി

131

ശ്വേതാംബരി ശലഭവുമായി ഇതിന് സാമ്യതകൾ ഉണ്ടെങ്കിലും ഇവയുടെ  കറുത്ത കണ്ണ് പെട്ടെന്ന് തന്നെ തിരിച്ചറിയാൻ സാധിക്കും. വന്യജീവി സംരക്ഷണ നിയമപ്രകാരം ഇവയെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തിൾകണ്ണി വിഭാഗത്തിൽ പെടുന്നവയാണ് ലാർവ ഭക്ഷണ സസ്യങ്ങൾ.

കേളകം



## നീലാംബരി
Peacock Royal / Tajuria cippus

## കുഞ്ഞിവാലൻ
Yamfly / Loxura atymnus



132

നീണ്ട വാലുള്ള കടും മഞ്ഞ നിറത്തിലുള്ള ഈ ശലഭത്തെ തിരിച്ചറിയാൻ വളരെ എളുപ്പമാണ്. ഉൾ ചിറകിന് മുൻഭാഗത്ത് അരികിൽ ആയി വീതികുറഞ്ഞ കറുത്ത വരയുണ്ടാകും. കാട്ടുപ്രദേശങ്ങളിലും നാട്ടിൻ പുറങ്ങളിലും ഒരുപോലെ കാണുന്ന ശലഭമാണിത്. കാച്ചിൽ, കരിയിലാഞ്ചി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

മഞ്ഞളാംപുറം

133

ഒരു നീലിശലഭമാണ് മുനസൂര്യശലഭം. അപൂർവമായി മാത്രമേ ഇതിനെ രേഖപ്പെടുത്തിയിട്ടുള്ളൂ. താഴ്ന്ന പ്രദേശങ്ങളിൽ ആണ് ഇവയെ കാണുക എന്ന് പറയാറുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഉയർന്ന സ്ഥലമായ മലയാംപടിയിലാണ് ഇതിനെ രേഖപ്പെടുത്തിയിട്ടുള്ളത്. ചമത, ഉങ്ങ് തുടങ്ങിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

മലയാംപടി



## മുന സൂര്യശലഭം
Acute Sunbeam / Curetis acuta

## ശിവ സൂര്യശലഭം
Siva Sunbeam / Curetis siva



134

പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന തനത് ശലഭമാണ് ശിവസൂര്യശലഭം, തണ്ണീർത്തടങ്ങളുടെ ഓരങ്ങളിലെ നനഞ്ഞ മണ്ണിൽ നിന്ന് ലവണം ഊറ്റുന്ന ശീലമുള്ള ഇവ പക്ഷിക്കാഷ്ഠത്തിലും സാധാരണ ഇരിക്കാറുണ്ട്.

അടയ്ക്കാത്തോട്

135

ആൺ ശലഭങ്ങളുടെ ചിറകുകളുടെ ഉപരിതലം കടുത്ത ചുവപ്പോ, ചുവപ്പ് കലർന്ന ഓറഞ്ച് നിറമോ ആണ്. ചിറക് അടക്കുമ്പോൾ തൂവെള്ള നിറവും കാണപ്പെടും. പെൺ ശലഭങ്ങൾക്ക് ചിറക് തുറക്കുമ്പോൾ മധ്യത്തിൽ വെള്ള നിറവും വീതിയുള്ള തവിട്ട് കരയും കാണാം. ചിറക് അടക്കുമ്പോൾ മുഷിഞ്ഞ വെള്ള നിറമാണ്. ചമത, കുന്നി, ഇരൂൾ, ഉങ്ങ് എന്നിവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

വളയംചാൽ



### സൂര്യശലഭം
Indian Sunbeam / Curetis thetis

### തവിടൻ ആര
Brown Awl / Badamia exclamationis



136

കാടുകളിലും കാവുകളിലും പരിസര പ്രദേശങ്ങളിലും കാണപ്പെടുന്ന ഒരു സാധാരണ ശലഭം. തവിട്ട് നിറത്തിലുള്ള ശലഭത്തിന്റെ മുൻ ചിറക് വീതി കുറഞ്ഞ് നീണ്ടിരിക്കും. വേഗത്തിൽ പറക്കുന്ന ഇവ വിശ്രമിക്കുന്നത് ഇലകൾക്ക് അടിയിലാണ്.

രാമച്ചി

**137**

ഇടതൂർന്ന കാടുകളിലും പരിസര പ്രദേശങ്ങളും അപൂർവമായി മാത്രം കണ്ടുവരുന്നു. ഇരുണ്ട തവിട്ട് നിറത്തിൽ ഉള്ള ചിറകിൽ വീതിയേറിയ വെളുത്ത പട്ട കാണാം. പിൻ ചിറകിന്റെ ഓരങ്ങളിലും ശരീരത്തിലും ഓറഞ്ചുനിറം കാണാം. വിശ്രമിക്കുന്നത് ഇലയുടെ അടിവശങ്ങളിൽ ആണ്. വന്യജീവി സംരക്ഷണ നിയമപ്രകാരം പട്ടിക രണ്ടിൽ ഉൾപ്പെട്ടിരിക്കുന്നു.

അടക്കാത്തോട്



**സുവർണ്ണ ആര**
Orangetail Awl / Bibasis sena

**വെള്ളവരയൻ ആര**
White –banded Awl / Hasora taminatus



**138**

കാടുകളിലും പരിസര പ്രദേശങ്ങളിലും കണ്ടുവരുന്നു. പിൻ ചിറകിൽ വെള്ള നിറത്തിൽ ഉള്ള വലിയ പട്ട ഈ ശലഭത്തെ തിരിച്ചറിയാൻ സാധിക്കുന്നു. പൊന്നാരവള്ളി, ഉങ്ങ് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്

പാലുകാച്ചി

## 139

പൊതുവേ വന പ്രദേശങ്ങളിൽ ആണ് കണ്ടുവരുന്നത്. അത്ര സാധാരണ ആയ ശലഭമല്ലിത്. വിശ്രമിക്കുന്നത് ഇലകൾക്കടിയിൽ ആയത് കൊണ്ട് ഇവയെ കാണാൻ വിഷമകരമാണ്. കരിംകുറിഞ്ഞി ലാർവ ഭക്ഷണ സസ്യമാണ്.

പാലുകാച്ചി



**പുള്ളിപരപ്പൻ**
Malabar Spotted Flat / Celaenorrhinus ambareesa

**നാട്ടുപുള്ളിപരപ്പൻ**
Common Spotted Flat / Celaenorrhinus leucocera



## 140

നാട്ടിൻ പുറങ്ങളിലും കാവുകളിലും കാടുകളിലും കാണപ്പെടുന്ന ഇരുണ്ട തവിട്ട് നിറമുള്ള ശലഭമാണിത്. വിശ്രമം ഇലയുടെ അടിഭാഗത്താണ്. സ്പർശിനി നോക്കി ആൺ ശലഭത്തെയും പെൺ ശലഭത്തെയും തിരിച്ചറിയാൻ കഴിയും. ആൺ ശലഭത്തിന്റേത് വെളുത്തതും, പെൺശലഭത്തിന്റേത് തവിട്ട് നിറത്തിലുമാണ് സ്പർശിനികൾ.

വളയംചാൽ

141

ചെന്തവിട്ട് നിറത്തിലുള്ള ചെമ്പരപ്പൻ ശലഭത്തിന്റെ മുൻ ചിറകിൽ അർദ്ധ സുതാര്യമായ പൊട്ടുകൾ പോലുള്ള പാടുകൾ കാണാം. ഇല തലപ്പുകളിൽ ചിറകുവിടർത്തിയിരുന്നു വെയിൽ കായുന്ന ശീലമുണ്ട്. നീണ്ട തുമ്പിക്കൈ പൂക്കളിൽ നിന്ന് എളുപ്പം തേൻ നുകരാൻ സഹായിക്കുന്നു. കടലാടി ലാർവ ഭക്ഷണ സസ്യമാണ്.

പൂക്കുണ്ട്



**ചെമ്പരപ്പൻ**
Fulvous Pied Flat / Pseudocoladenia dan

**കുഞ്ഞിപരപ്പൻ**
Common Small Flat / Sarangesa dasahara



142

പാതയോരങ്ങളിലെ കുഞ്ഞു പൂക്കളിൽ നിന്ന് ഇവ തേൻ നുകരുന്നത് പതിവ് കാഴ്ചയാണ്. ഇലകൾക്കടിയിൽ വിശ്രമിക്കുന്ന സ്വഭാവമുണ്ട്. ചിറകുകൾക്ക് തവിട്ടുനിറമാണ്. മുൻ ചിറകിൽ രണ്ട് വരികളിലായി മൂന്ന് പൊട്ടുകൾ വീതമുണ്ട്.

കേളകം

**143**

പ്രത്യേകതരം അടയാളങ്ങൾ ആണ് ഇവയുടെ ചിറുകൾക്ക്. വെയിൽകായുന്ന ശീലമുള്ള ഇവ, വിശ്രമിക്കാൻ ഇലകളുടെ അടിയിലും ഇരിക്കാറുണ്ട്. വന പ്രദേശങ്ങളിലും പരിസരങ്ങളിലും ഇവയെ കാണാറുണ്ട്. ഊർപ്പണം ലാർവ ഭക്ഷണ സസ്യമാണ്.

അടക്കാത്തോട്



## മിന്നൽ പരപ്പൻ

Chestnut Angle / Abaratha angulata

## സ്വർണ്ണ പരപ്പൻ

Golden Angle / Aparatha ransonnettii



**144**


ആൺ ശലഭങ്ങൾക്ക് മറ്റ് ശലഭങ്ങളെ തുരത്തിയോടിക്കുന്ന സ്വഭാവമുണ്ട്. ദീർഘ ദൂരത്തിലും വളരെ ഉയരത്തിലും പറക്കാറില്ല. ഇണയെ ആകർഷിക്കുന്ന രീതി വ്യത്യസ്തമാണ്. പെൺ ശലഭത്തിന്റെ സാമീപ്യത്തിന് ആൺ ശലഭം മുൻ കാലുകൾ പിന്നോട്ട് മടക്കിപ്പിടിക്കും. ചെറു രോമങ്ങൾ മാറിൽ നിന്ന് തള്ളിവരും. കാണുമ്പോൾ ആൺ ശലഭം താടി വളർത്തിയത് എന്ന് തോന്നും. ഇടംപിരി വലംപിരി ലാർവ ഭക്ഷണ സസ്യമാണ്.

ശാന്തിഗിരി

**145**

മനോഹരമായ ഒരു ശലഭമാണിത്. പരപ്പൻ ശലഭങ്ങൾ പൊതുവെ കുറുമ്പുള്ളവരാണെങ്കിലും തേൻ നുകർന്നിരിക്കുന്ന വർണ്ണ പരപ്പനെ അടുത്ത് ചെന്ന് വീക്ഷിച്ചാലും പറന്നു പോകില്ല. പൂവരശ്, കാഞ്ഞിരക്കിഴങ്ങ് തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

ശാന്തിഗിരി



**വർണ്ണ പരപ്പൻ**
Tricolor pied Flat / Coladenia indrani

**ഹിമ പരപ്പൻ**
Suffused Snow Flat / Tagiades silvia



**146**

അതിവേഗത്തിൽ പറന്നു നടക്കുകയും പെട്ടെന്ന് ഇലകൾക്കടിയിൽ അപ്രത്യക്ഷമാവുകയും ചെയ്യുന്ന സ്വഭാവക്കാരാണ് ഇവ. കാടുകളിലും കാവുകളിലുമാണ് ഇവയെ സാധാരണയായി കണ്ടുവരുന്നത്. കാഞ്ഞിരക്കിഴങ്ങ് ലാർവ ഭക്ഷണ സസ്യമാണ്.

ശാന്തിഗിരി

147

**പേ**ര് പോലെ തന്നെ ഇലക്കൾക്കടിയിൽ മുങ്ങി നടക്കുന്ന സ്വഭാവക്കാരാണ്. മുൻ ചിറകുകൾക്ക് ഇരുണ്ട തവിട്ടു നിറമാണ്. പിൻ ചിറകുകളുടെ കീഴ് ഭാഗം മഞ്ഞുപോലെ വെളുത്തതും അറ്റത്ത് കറുത്ത പൊട്ടുകൾ ഉള്ളതുമാണ്. കാച്ചിൽ, കാട്ടുകാച്ചിൽ ലാർവ ഭക്ഷണ സസ്യങ്ങളാണ്.

രാമച്ചി



**ഇലമുങ്ങി**

Water Snow Flat / Tagiades litigiosa

**കരിമ്പരപ്പൻ**

Black Angle / Tapena thwaitesi



148

**അ**പൂർവമായി മാത്രം കാണാൻ സാധിക്കുന്ന ശലഭമാണിത്. മഴക്കാടുകളും ഇലപൊഴിയും കാടുകളുമാണ് ഇവയുടെ ആവാസ കേന്ദ്രങ്ങൾ. വീട്ടി (ഈട്ടി)യാണ് ലാർവ ഭക്ഷണ സസ്യം.

അടക്കാത്തോട്

149

നിലംപറ്റി പറന്നു നടക്കുന്ന കൊച്ചു ശലഭം. തവിട്ടു കലർന്ന കറുത്ത ചിറകിന് വെളുത്ത പുള്ളികൾ ഉണ്ടാവും. ചെറുപൂക്കളിൽ തേൻ നുകർന്ന് ഇരിക്കാറുണ്ട്. ചെമ്പരത്തി, കുറുന്തോട്ടി തുടങ്ങിയവ ലാർവ ഭക്ഷണ സസ്യങ്ങൾ ആണ്.

കേളകം



**പുള്ളിച്ചാടൻ**
Indian Grizzled Skipper / Spialia galba

**ചിന്നപുൽച്ചാടൻ**
Pygmy Scrub Hopper / Aeromachus pygmaeus



150

ഹെസ്പീറിഡെ കുടുംബത്തിൽ പെട്ട ഒരു തുള്ളൻ ചിത്രശലഭം ആണിത്.

കേളകം

151

കാടിനോട് ചേർന്ന് കിടക്കുന്ന പുൽമേടുകളിൽ ഇവയെ കാണാം. വേഗത്തിൽ പറക്കും. പക്ഷെ, ഉയരത്തിൽ പറക്കാറില്ല. പക്ഷി കാഷ്ഠങ്ങളിൽ നിന്നും തണ്ണീർ തടങ്ങളുടെ ഓരങ്ങളിൽ നിന്നും പോഷകങ്ങൾ ഈ ശലഭങ്ങൾ വലിച്ചെടുക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

കണ്ടംതോട്



**വിന്ധ്യൻ കാട്ടുതുള്ളൻ**
Vindhyan Bob / Arnetta vindhiana

**വേലിതുള്ളൻ**
Hedge Hopper / Baracus hampsoni



152

അധികം ഉയരത്തിൽ പറക്കാത്ത ഈ ശലഭം, പുല്ലുകൾക്കിടയിലൂടെയും ചെറു സസ്യങ്ങളിലൂടെയും സഞ്ചരിക്കുന്നത് കാണാം. വെയിൽ ഒഴിവാക്കി തണലത്ത് വിഹരിക്കാനാണ് ഇവക്ക് താല്പര്യം പശ്ചിമഘട്ടത്തിലെ തനത് ശലഭമാണിത്.

രാമച്ചി

**153**

പേര് സൂചിപ്പിക്കുന്നത് പോലെ കടും ചുവന്ന കണ്ണുകൾ ഉള്ള ഒരിനം ശലഭമാണ് നാട്ടുചെങ്കണ്ണി. മുള വർഗ്ഗത്തിൽ പെട്ട സസ്യങ്ങളിലാണ് മുട്ടയിടുന്നത്.

നാനാനിപൊയിൽ



**നാട്ടുചെങ്കണ്ണി**
Common -Redeye / Matapa aria

**വൻചെങ്കണ്ണി**
Giant Redeye / Gangara thyrsis



**154**

മുൻ ചിറകുകളിൽ മൂന്ന് മഞ്ഞ പുള്ളികളും ചെറിയ മൂന്ന് പുള്ളികളും കാണാം. ചിറകിന്റെ അടിവശത്തിന് മങ്ങിയ ചാരനിറമാണ്. വലിയ ചുവന്ന കണ്ണുകൾ ഇതിന്റെ പ്രത്യേകതയാണ്. തെങ്ങ്, പന, കവുങ്ങ് കുടുംബത്തിൽപ്പെട്ടവ ലാർവ ഭക്ഷണ സസ്യങ്ങൾ ആണ്.

കേളകം

**155**

തവിട്ടും വെളുപ്പും കലർന്ന നിറമാണ്. മരങ്ങളുടെ തലപ്പിൽ മിന്നി മറഞ്ഞു നടക്കുന്ന ശലഭമാണിത്. വന്യജീവി സംരക്ഷിത നിയമപ്രകാരം പട്ടിക നാലിൽപെടുത്തി സംരക്ഷിച്ചിരിക്കുന്നു.

📍📷 ചെട്ടിയാംപറമ്പ്



## നാട്ടുമരതുള്ളൻ
Tree Flitter / Hyarotis adrastus

## സ്വർണ്ണ മരതുള്ളൻ
Golden Tree Flitter / Quedara basiflava



**156**

വളരെ ഭംഗിയുള്ള ഒരു ശലഭമാണിത്. ചിറകുകളുടെ പകുതി ഭാഗത്ത് സ്വർണ നിറമാണ്. ബാക്കി ഭാഗത്തിൽ തവിട്ട് കലർന്ന് കറുപ്പ് നിറവും. പശ്ചിമഘട്ടത്തിന്റെ തനത് ശലഭമാണിത്. ചൂരൽ വർഗത്തിൽ പെട്ട സസ്യങ്ങൾ ലാർവ ഭക്ഷണ സസ്യങ്ങൾ ആണ്.

📍📷 പാലുകാച്ചി

157

വനവാസിയായ ഒരു ചെറു ശലഭമാണിത്. വളരെ വേഗത്തിൽ തെറിച്ചു തെറിച്ച് ആണ് ഇവയുടെ പറക്കൽ. വന്യജീവി സംരക്ഷണ നിയമത്തിലെ രണ്ടാ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നു. മുളവർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളിലാണ് മുട്ടിയിടുക.

പാറത്തോട്



## മഞ്ഞവരയൻ ശരവേഗൻ

Indian Ace / Halpe hindu

## കാട്ടുശരവേഗൻ

Unbranded Ace / Thoressa astigmata



158

പൊതുവെ വനവാസികളായ ശലഭമാണിത്. വളരെ അപൂർവമായി മാത്രമേ ഇവയെ കാണാറുള്ളൂ. പശ്ചിമഘട്ടത്തിന്റെ തനത് ശലഭമാണിത്.

പാലുകാച്ചി

159

വനപ്രദേശങ്ങളിലും നാട്ടിൻ പുറങ്ങളിലും കാണപ്പെടുന്നു. ചിറകിന് ചെമ്പിച്ച തവിട്ടുനിറമാണ്. ചിറകുകളിൽ ചെറിയ വെളുത്ത പൊട്ടുകൾ, പിൻ ചിറകിൽ കൂടുതൽ വ്യക്തമായ പൊട്ടുകൾ എന്നിവ കാണാം. പുല്ല് വർഗ സസ്യങ്ങളിൽ മുട്ടയിടുന്നു.

കൂനംപള്ള



**ചെങ്കുറുമ്പൻ**
Chestnut Bob / Lambrix salsala

**പുള്ളിച്ചാത്തൻ**
Restricted Demon / Ancistroides curvifascia



160

വനപ്രദേശങ്ങളിലും പരിസരങ്ങളിലുമായി കാണപ്പെടുന്നു. കറുത്ത ചിറകിൽ വലിയ വീതി കൂടിയ വെള്ളവരയും മുകൾ ഭാഗത്തോട് ചേർന്ന് മൂന്ന് ചെറിയ പൊട്ടുകളും കാണാം.

അടക്കാത്തോട്

161

കാടുകളിലും അർദ്ധ ഹരിത വനങ്ങളിലും കാണാവുന്ന ഒരു ശലഭമാണിത്. വീട്ടുപറമ്പുകളിലും കണ്ടുവരാറുണ്ട്. ഇലപ്പുറത്തും തണ്ണീർ തടങ്ങളിലെ കല്ലുകളിലും ഇരുന്ന് വെയിൽ കായാറുണ്ട്. ഇഞ്ചി കുടുംബത്തിലെ സസ്യങ്ങളിൽ ആണ് മുട്ടിയിടുന്നത്.

നരിക്കടവ്



**വെള്ളച്ചാത്തൻ**
Grass Demon / Ancistroides folus

**വരയൻ ചാത്തൻ**
Common Banded Demon / Ancistroides paralysos



162

പുള്ളിച്ചാത്തിൻ ശലഭത്തോട് ഏറെ സാമ്യതകൾ ഉള്ള ശലഭമാണിത്. താഴ്ന്ന പ്രദേശങ്ങളിലും നിത്യഹരിത വനങ്ങളിലും ഇവയെ കാണാറുണ്ട്.

ശാന്തിഗിരി

163

ഇവയുടെ ചിറകുകൾക്ക് തിളങ്ങുന്ന തവിട്ടുനിറമാണ്. വളരെ സാവധാനം പറക്കുന്ന ശലഭമാണിത്. സാധാരണ നിലംപറ്റിയാണ് ഇവ പറക്കുന്നത്. ഇഞ്ചി, കുക്കില എന്നീ സസ്യങ്ങളിൽ മുട്ടയിടുന്നതായി കാണാം.

ശാന്തിഗിരി



**ചേരാചിറകൻ**
Dusky Partwing / Psolos fuligo

**ചോലവരയൻ ശരശലഭം**
Large Branded Swift / Pelopidas subochracea



164

വിരളമായി കാണപ്പെടുന്ന ഒരു ശലഭമാണിത്. ചിറകുകൾക്ക് ഇരുണ്ട തവിട്ടുനിറമാണ്. പിൻ ചിറകിൽ തെളിഞ്ഞ വെളുത്ത പൊട്ടുകൾ കാണാം. പുല്ലുവർഗ്ഗ സസ്യത്തിലാണ് മുട്ടയിടുന്നത്.

പാലുകാച്ചി

## 165

വളരെ വിരളമായി കാണപ്പെടുന്ന ശലഭമാണിത്. നനവാർന്ന ഇടതൂർന്ന കാടുകളിൽ ഇവയുടെ സാന്നിദ്ധ്യം രേഖപ്പെടുത്തിയിട്ടുണ്ട്. ചിറകിൽ ഇളംനീല ഛായ കലർന്ന നിറമാണ് ഈ ശലഭങ്ങൾക്ക്

രാമച്ചി



**ചൂരൽ കുറുമ്പൻ**
Manculate Lancer/ Salanoemia Sala

**നാട്ടുശരശലഭം**
Rice Swift/ Barbo cinnara



## 166

വയലിലും പുൽമേട്ടിലും ഒക്കെ സാധാരണയായി കാണാം. ഇരുണ്ട മുൻ ചിറകുകളിൽ അർദ്ധസുതാര്യമായ പൊട്ടുകൾ. പിൻ ചിറകിന്റെ അടിഭാഗത്ത് ഒരു നിര വെളുത്ത പൊട്ടുകൾ. പുല്ല് വർഗത്തിൽ പെട്ട സസ്യങ്ങളിലാണ് മുട്ടയിടുന്നത്.

രാമച്ചി

167

തവിട്ടുനിറത്തിലുള്ള പിൻ ചിറകിലും മുൻ ചിറകിലും ഒരു നിര കറുത്ത പൊട്ടുകൾ കാണാം. ഉൾ ചിറകിന് തവിട്ടുകലർന്ന കറുപ്പ് നിറമാണ്. അതിൽ വെളുത്ത പൊട്ടുകളുടെ ഒരു നിരയും കാണാം.

കേളകം



**പൊട്ടില്ലാശരശലഭം**
Blank Swift/ Caltoris Kumara

ഓക്കില ശലഭം പോലെ പ്രകൃതിയുടെ മനോഹര ഭംഗി ഉള്ളിൽ ഒതുക്കി വെച്ചിരിക്കുന്ന ഗ്രാമമാണ് കേളകം.
ഇങ്ങനെ ഒരു പഠന ഗ്രന്ഥം തയ്യാറാകുന്നത് വഴി പരിസ്ഥിതി പ്രവർത്തനങ്ങളിൽ കേളകം പഞ്ചായത്തിന്റെ പേര് ചരിത്രത്തിൽ രേഖപെടുത്തുന്നതിന് ഒപ്പം നിൽക്കാൻ കഴിഞ്ഞതിൽ സന്തോഷം.
ശലഭങ്ങളെ പറ്റി പ്രാഥമികമായ അറിവുകൾ മാത്രമാണ് ഈ പഠനഗ്രന്ഥത്തിൽ ഉൾപെടുത്തിയിരിക്കുന്നത്, ശലഭങ്ങളുടെ വിവിധ രീതികളെ പറ്റി ഉള്ള അറിവുകൾ ഗുരുതുല്യരായിട്ടുള്ള ശലഭ നീരിക്ഷകർ ഇതിൽ രേഖപെടുത്തിയിട്ടുണ്ട് എന്നുള്ളതും ഈ പുസ്തകത്തിന്റെ മേന്മ കൂട്ടുന്നു...

വിശാലമായ ശലഭങ്ങളുടെ ലോകത്തിൽ നിങ്ങളുടെ കണ്ടെത്തലുകൾ ഒരു പക്ഷെ, പുതിയ അറിവായി തീരും.. അതിനുള്ള ഒരു വഴി കാട്ടിയായി തീരട്ടെ ഈ പഠനഗ്രന്ഥം... എന്ന് ആശംസിക്കുന്നു...

ടി.ജി.വിമൽകുമാർ, കേളകം
കണ്ണൂർ ഫോൺ: 9447874944



## കടപ്പാട്

### ബുക്ക്സ്

കേരളത്തിലെ ശലഭങ്ങൾ (2003)
കൂട് മാഗസിൻ (2014 മെയ്)
ബട്ടർഫ്ളൈ ഓഫ് വെസ്റ്റേൺഘട്ട് (2018)
വൈൽഡ് ലൈഫ് ഓഫ് സൗത്ത് ഇന്ത്യ (2020)

### സോഷ്യൽ മീഡിയ

ബട്ടർഫ്ളൈസ് ഓഫ് കേരള (ആപ്പ്)
ബട്ടർഫ്ളൈസ് ഓഫ് ഇന്ത്യ (ഫെയ്സ്ബുക്ക്)
വാക്ക് വിത്ത് വി.സി (വാട്സ്ആപ്പ്)
വന്യം (വാട്സ്ആപ്പ്)
വിക്കിപീഡിയ കോമൺസ്
ഐ ന്വാച്ചറലിസ്റ്റ്
ഐ ഫൗണ്ട് ഫട്ടർഫ്ളൈസ്.ഒ.ആർ.ജി

### ഫോട്ടോസ്

നിഷാദ് മണത്തണ
വിമൽകുമാർ  കേളകം
യദു ആറളം
സുഹാസ് പേരാമ്പ്ര
മുഹമ്മദ് അമീൻ കോട്ടക്കൽ
അഭിരാം കൊടുങ്ങല്ലൂർ
രശ്മി ബി.എഫ്.ഒ ആറളം
ശ്രീനിവാസൻ.ടി.കെ തൃശ്ശൂർ

### കവർ ഡിസൈൻ

ഐ ടെച്ച് ആർട്ട് ഗാലറി പേരാവൂർ

### പ്രിന്റിംഗ്

കോ-ഓപ്പറേറ്റീവ് പ്രസ്
കണ്ണൂർ